
ക്രൂറകൾ
ഹരികുമാർ

50 വർഷം ഇ.ഹരികുമാർ സാഹിത്യം 2013

# ഇ. ഹരികുമാർ

## അമ്പതു വർഷത്തെ സാഹിത്യജീവിതം



Koorakal

**കൂറകൾ**

(collection of short stories in Malayalam)

Author: E. Harikumar

Electronic version published in 2013

This book is meant for distribution among research organisations absolutely free of cost.

Address: E. Harikumar
5B, Avenue Crest Apartments
Avenue Road, Mundupalam
Kuriachira P.O.
Thrissur 680 006
Phone: (0487) 2251779
E-Mail: e.harikumar.novelist@gmail.com
Web: www.e-harikumar.com

Copyright © 2013 by E. Harikumar

**ഇ. ഹരികുമാർ**

1943 ജൂലൈ 13 ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി.എ. പാസ്സായി. 1972-ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ്. ഭാര്യ: ശുഭ. കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983-ൽ കേരളത്തിലേയ്ക്ക് തിരിച്ചുവന്നു. 1962 തൊട്ട് ചെറുകഥകളെഴുതിത്തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72ൽ പ്രസിദ്ധപ്പെടുത്തി. 15 കഥാസമാഹാരങ്ങളും 9 നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**പുരസ്കാരങ്ങൾ:**

1988 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദിനോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.

1997 ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.

1998 ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.

2006 ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.

2012 ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ കാസറ്റ് റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തക പ്രസിദ്ധീകരണം എന്നിവയിലേർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

**കൃതികൾ:**

**ചെറുകഥാസമാഹാരങ്ങൾ:**

കൂറകൾ, വൃഷഭത്തിന്റെ കണ്ണ്, കുങ്കുമം വിതറിയ വഴികൾ, ദിനോസറിന്റെ കുട്ടി, കാനഡയിൽ നിന്നൊരു രാജകുമാരി, ശ്രീപാർവ്വതിയുടെ പാദം, സൂക്ഷിച്ചുവച്ച മയിൽപ്പീലി, പച്ചപ്പയ്യിനെ പിടിക്കാൻ, ദൂരെ ഒരു നഗരത്തിൽ, കറുത്ത തമ്പ്രാട്ടി, അനിതയുടെ വീട്, ഇളവെയിലിന്റെ സാന്ത്വനം (കഥകൾ 1966-1996), നഗരവാസിയായ ഒരു കുട്ടി, എന്റെ സ്ത്രീകൾ (സ്ത്രീപക്ഷ കഥകൾ), വെള്ളിത്തിരയിലെന്നപോലെ.

**നോവലുകൾ:**

ഉറങ്ങുന്ന സർപ്പങ്ങൾ + ശാപശില, ആസക്തിയുടെ അഗ്നിനാളങ്ങൾ, ഒരു കുടുംബപുരാണം, എഞ്ചിൻഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി, അയനങ്ങൾ, തടാകതീരത്ത്, കൊച്ചമ്പ്രാട്ടി, പ്രണയത്തിനൊരു സോഫ്റ്റ്‌വെയർ, അറിയാത്തലങ്ങളിലേയ്ക്ക്.

**ഓർമ്മകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ:**

നീ എവിടെയാണെങ്കിലും.

ഈ ഓർമ്മകൾ മരിക്കാതിരിക്കട്ടെ.

**വിലാസം:** 5-ബി, അവന്യു ക്രെസ്റ്റ് അപാർട്മെന്റ്സ്
അവന്യു റോഡ്, മുണ്ടുപാലം
കുരിയച്ചിറ (പി.ഒ.)
തൃശ്ശൂർ 680 006
ഫോൺ: 091-0487-2251779

**ഇ-മെയിൽ:** harikumar_e@yahoo.com,
e.harikumar.novelist@gmail.com

**website:** www.e-harikumar.com

# കഥകൾ

കൂറകൾ

ഉണക്കമരങ്ങൾ

പരുന്തുകൾ വട്ടം ചുറ്റുമ്പോൾ

ശിശിരം

ഇരുട്ടിലൂടെ

മഴയുള്ള ഒരു രാത്രിയിൽ

കരിയടുപ്പ്

ഇരുട്ടിന്റെ മകൾ

മധുവിധു

ഞാൻ, നിന്നിൽ

നിനക്കുവേണ്ടി

വെള്ളക്കുതിരയുടെ രാജകുമാരൻ

ദൈവം ജ്ഞാനിയാകുന്നു

# കൂറകൾ

**അ**ടുക്കളയിൽ രാവിലത്തെ കാപ്പി കൂട്ടിക്കൊണ്ടിരിക്കു മ്പോഴാണ് അവൾ കണ്ടത് – കൂറകൾ. മേശയുടെ ഒരരു കിൽ തെല്ലു നേരം കിരുകിരാ ശബ്ദമുണ്ടാക്കിക്കൊണ്ട് അവളെ പേടിപ്പെടുത്തുംവിധം തുറിച്ചുനോക്കി, പിന്നെ മേശയുടെ മറുഭാഗത്ത് അപ്രത്യക്ഷമാവുകയും ചെയ് തു.

അവൾ കാപ്പിയുമെടുത്തു കിടപ്പറയിലേക്കു നടന്നു. ഭർത്താവ് എഴുന്നേറ്റിട്ടുണ്ടായിരുന്നില്ല. സ്വിച്ചിട്ടപ്പോൾ കണ്ണിനു സുഖം തരുന്ന നനുത്ത വെളിച്ചം മുറിയാകെ നിറഞ്ഞൊഴുകാൻ തുടങ്ങി. കട്ടിലിൽ ഇരുന്ന്, കപ്പിനു വേണ്ടി കൈ നീട്ടിക്കൊണ്ട് അയാൾ അവളെ നോക്കി പുഞ്ചിരിച്ചു.

മൗഢ്യം നിറഞ്ഞ മുഖത്തോടെ അയാൾ കാപ്പി കുടി ക്കുന്നത് അവൾ നോക്കി നിന്നു. ഈ ദിനചര്യ എനിക്കു മടുത്തു തുടങ്ങിയിരിക്കുന്നു, അവൾ വിചാരിച്ചു. ഭർത്താ വിന്റെ വിളറിയ മുഖവും നരച്ചു തുടങ്ങിയ രോമങ്ങളും കാണുമ്പോഴെല്ലാം അവൾക്ക് അനുകമ്പ തോന്നിയിരു ന്നു. ഈ അനുകമ്പ ഒന്നുമാത്രമാണ് അവളെ ഒരു ലഹള ക്കാരിയാക്കാതെ അടക്കി നിർത്തിയിരുന്നത്.

തളത്തിൽക്കൂടി ഒഴിഞ്ഞ കപ്പുമെടുത്തു മടങ്ങുമ്പോൾ, ഡിസ്റ്റമ്പർ തേച്ച ചുവരിൽ കറുത്തു ചെറിയ ഒരു ജന്തു അരിക്കുന്നതായി അവൾക്കു തോന്നി. അതു നോക്കണമെന്നുണ്ടായിരുന്നെങ്കിലും, ഒരു സഹജ പ്രേരണയിൽ അവൾ നീങ്ങി; നിന്നില്ല.

അടുക്കളയിൽ ഇപ്പോൾ കൂടുതൽ കൂറകൾ ഉണ്ടായിരുന്നു. അവ കിരുകിരാ ശബ്ദമുണ്ടാക്കി മേശമേലും, ചുവരിന്മേലും അരിച്ചരിച്ചു നടന്നു. അടുക്കളയിലേക്ക് കടക്കാൻ ശ്രമിക്കുമ്പോൾ ഒന്നു രണ്ടു കൂറകൾ പറന്നുവന്ന് അവളുടെ തലയിൽ ഇറങ്ങി. കൈവീശി അവയെ അകറ്റാൻ അവൾ ശ്രമിച്ചു. പക്ഷേ, കൂറകൾ വളരെയധികം ഉണ്ടായിരുന്നതിനാൽ, അവൾക്ക് അവസാനം പിന്മാറേണ്ടി വന്നു. ഇതിനേപ്പറ്റി ഭർത്താവിനോടു പറയണമെന്ന് അവ ൾക്കു തോന്നി.

പക്ഷേ, കിടപ്പറയിൽ ഭർത്താവ് എന്തിനോടോ യുദ്ധംചെയ്യുകയായിരുന്നു. എന്തിനോടാണെന്നു മനസ്സിലായത്, അയാൾ യുദ്ധത്തിന്നിടയിൽ വായ പൊളിച്ച് 'കൂറ' എന്ന വാക്ക് ഉച്ചരിച്ചപ്പോഴാണ്. അയാൾ കൂറയെ ഒരു ന്യൂസ്പേപ്പർ മടക്കി അടിക്കുകയായിരുന്നു. കൂറ, അയാളെ കബളിപ്പിച്ചു പറക്കുകയും ചെയ്തു. അയാൾക്ക് ഒരുമാതിരി വട്ടം തിരിയേണ്ടി വന്നു.

ഇതുകൊണ്ട് ഒരു ഫലവുമില്ല, അവൾ പറയാൻ വിചാരിച്ചു, അടുക്കളയിൽ ഒരു നൂറെണ്ണമെങ്കിലും കാണും. പക്ഷേ, അവൾ ഒന്നും പറയാതെ ഭർത്താവ് ചത്ത കൂറയെ കടലാസ്സു കൊണ്ടു കോരിയെടുത്തു ജാലകത്തിലൂടെ പുറത്തേ ക്കെറിയുന്നതും നോക്കിനിന്നു.

ഇത് നല്ല പൂരം! അയാൾ കിതച്ചുകൊണ്ടു പറഞ്ഞു. 'അല്ലേ, ഈ ഫ്ളാറ്റിൽ ഒരൊറ്റ കൂറയുണ്ടായിരുന്നില്ല!'

തങ്ങളുടെ ഫ്ളാറ്റിൽ ഇതുവരെ ഒരൊറ്റ കൂറപോലുമുണ്ടായിരുന്നില്ലെന്നത് പക്ഷേ, അവൾ ഇതുവരെ ഓർത്തി രുന്നില്ല. ഭർത്താവിന്റെ അത്ഭുതം അസ്ഥാനത്തായിരുന്നില്ല. ആ പരിസരത്തിൽ അയാൾക്ക് കുറെയധികം പരിചയക്കാരുണ്ട്. ആരും ഇതുവരെ കൂറകളെപ്പറ്റി ആവലാതിപ്പെട്ടിട്ടില്ല.

അവൾ അടുക്കളയിലേക്കു മടങ്ങി. ഭർത്താവിന്ന് പ്രാതൽ എട്ടുമണിക്കുള്ളിൽ തയ്യാറാക്കണം. എങ്കിലേ അയാൾക്ക് എട്ടരയ്ക്കുള്ളിൽ ട്രാം കിട്ടുകയുള്ളു. ഡൽഹൗസി സ്ക്വയറിലുള്ള ഓഫീസിൽ ഒമ്പതിന്ന് എത്തേണ്ടതാണ്. ഈ പ്രശ്നം ഞാൻ പരിഹരിച്ചുകൊള്ളാം! അവൾ വിചാരിച്ചു: മാർക്കറ്റിൽ പോകുമ്പോൾ കുറച്ച് കൂറ വിഷം വാങ്ങണം!

മാർക്കറ്റിലേക്ക് അധികം ദൂരമുണ്ടായിരുന്നില്ല. സതേൺ അവന്യുവിലൂടെ നടക്കുമ്പോൾ, കൂറകൾ അവളെ തീരെ അലട്ടിയില്ല. അവൾ വേറൊരു പ്രധാനപ്പെട്ട കാര്യത്തെക്കുറിച്ച് ആലോചിക്കുകയായിരുന്നു: വൈകുന്നേരം ഡോക്ടറെ കാണുന്നതിനെപ്പറ്റി.

ഇതു വളരെ നിസ്സാരമാണ്, ഭർത്താവ് സംശയിച്ചുകൊണ്ടു പറഞ്ഞത് അവൾ ഓർത്തു, വളരെ നിസ്സാരം. ഒരു ഇൻജ ക്ഷൻ മാത്രം. ഒരു ലവലേശം വേദന....

ആദ്യമെല്ലാം അവൾ എതിർത്തു, ശക്തിയായെതിർത്തു, സുഖകരമായ ആ ഭാരത്തെ ഏറ്റാനുള്ള സ്വന്തം അവ കാശത്തെ വീറോടെ രക്ഷിക്കാനുള്ള ആവേശത്തോടു കൂടി.

അപ്പോൾ, അയാൾ, ആ തീരുമാനമെടുക്കാനുണ്ടായ സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ചു പറഞ്ഞു. രണ്ടു കുട്ടികളെ പോറ്റിപ്പുലർത്തണം. അവർക്കു വിദ്യാഭ്യാസം നല്കണം. മൂത്തതു പെൺകുട്ടിയാണ്. അവൾക്ക് സാമാന്യം ഒരു വിദ്യാഭ്യാസം നല്കിയാൽ മതി. പക്ഷേ, മകന്ന് നല്ല സാങ്കേതിക വിദ്യാഭ്യാസം തന്നെ നല്കണം. ജോലിയുടെ മാർക്കറ്റ് വളരെ ടൈറ്റാണ്, അയാൾ പറഞ്ഞു, അവന്ന് നല്ല വിദ്യാഭ്യാസം നല്കിയില്ലെങ്കിൽ അവൻ നശിക്കും. പുറമെ, മറ്റു ചെലവുകളും കൂടി ഉണ്ടായിരുന്നു. വീട്ടുവാടക, ഇലക്ട്രിസിറ്റി, അലക്കുകൂലി, മുതലായവ. പണിക്കാരിത്തള്ളയ്ക്കു ശമ്പളവും കൊടുക്കണം. കൽക്കത്തയെപ്പോലുള്ള ഒരു നഗരത്തിൽ ജീവിക്കുക വിഷമം തന്നെയാണ്. താൻ വഴങ്ങേണ്ടി വരുമെന്ന് അവൾക്കു മനസ്സിലായി. പക്ഷേ, അതു മനം മടുപ്പിക്കുന്നതായിരുന്നു.

തന്റെ വയറ്റിൽ വളർന്നു വരുന്ന ജീവനെപ്പറ്റി അവൾക്കു ദുഃഖം തോന്നി. ഇതു നിലനില്പിന്റെ പ്രശ്നമാണ്. ജീവിക്കാൻ ഇടയായവരുടെ നിലനില്പ്. അതിൽ കടന്നുവരുന്നവരെ ചെറുക്കാനുള്ള ഈ പ്രാകൃത മനഃസ്ഥിതി മനംപുരട്ടുന്നതായിരുന്നു. പക്ഷേ, അത് സഹിക്കുകയേ നിവൃത്തിയുള്ളു.

അവൾ മക്കളെക്കുറിച്ചോർത്തു. അവരെ വേനലൊഴിവിന്നു വീട്ടിലേക്കയച്ചതു നന്നായി. അവരുടെ അഭാവത്തിൽ അവൾക്ക് അസ്വാസ്ഥ്യമുണ്ട്. പക്ഷേ, അതാണ് കുറെ ഭേദം. അവരെ ഇപ്പോൾ ഇവിടെ കൊണ്ടുവരാൻ അവൾ ഇഷ്ടപ്പെട്ടില്ല. അവരുടെ അമ്മാവന്റെ അടുത്ത് അവർക്കു കൂടുതൽ സുഖമായിരിക്കും.

മാർക്കറ്റിൽ അധികം തിരക്കുണ്ടായിരുന്നില്ല. പുതിയ പച്ചക്കറികളുടെ വാസന വായുവിൽ തങ്ങി നിന്നിരുന്നു. പക്ഷേ, അവൾ സ്വന്തം കുട്ടികളെക്കുറിച്ചും, വൈകുന്നേരം ഡോക്ടറെ കാണേണ്ടതിനെക്കുറിച്ചും ആലോചിച്ചു.

പുറത്തു വന്നപ്പോൾ, തെരുവിൽ കൂടുതൽ ആളുകളുണ്ടായിരുന്നു. തെരുവ് പൊടി നിറഞ്ഞുമിരുന്നു. കുറെ ആളുകൾ നീണ്ടുചുവന്ന ബാനറുകൾ പിടിച്ചു നടന്നിരുന്നു. ബാനറുകളെല്ലാം ബംഗാളിയിലായിരുന്നതിനാൽ അവൾക്കു മനസ്സിലായില്ല. അവർ, ഉറക്കെ മുദ്രാവാക്യങ്ങൾ വിളിച്ചു കൊണ്ട്, ഒരു ജാഥ നയിക്കുകയായിരുന്നു.

വിപ്ലവം ജയിക്കട്ടെ!

ഞങ്ങളുടെ അവകാശങ്ങൾ വകവെച്ചു കിട്ടണം.

ജാഥ വളരെ നീണ്ടതായതിനാൽ, റോഡുമുറിച്ചു കടക്കാൻ, അവൾക്കു ഫുട്പാത്തിൽ കാത്തു നില്ക്കേണ്ടിവന്നു. പ്രക്ഷോഭകർ സാവധാനത്തിൽ നീങ്ങിപ്പോകുന്നത് അവൾ നോക്കി നിന്നു. അവർ ഉറക്കെ മുദ്രാവാക്യങ്ങൾ വിളിക്കുകയും, മുഷ്ടികൾ ആകാശത്തിൽ ഉയർത്തുകയും ചെയ്തു. പെട്ടെന്നവൾ, തന്റെ അടുക്കളയിൽ കടന്നു കൂടിയ കൂറകളെ ഓർത്തു.

ഇപ്പോഴത്തന്നെ മറന്നു പോയിരുന്നു!

മരുന്നു ഷാപ്പ് അടുത്തുതന്നെ ഉണ്ടായിരുന്നു. കൗണ്ടറിൽ ഉണ്ടായിരുന്ന, ഒരു മന്തനെപ്പോലെ തോന്നിച്ച, പയ്യനോട് അവൾ കൂറപ്പൊടിയുണ്ടോ എന്നു ചോദിച്ചു. ഇംഗ്ലീഷിൽ ചോദിച്ചതുകൊണ്ട് അവന്നു മനസ്സിലായില്ലെന്നു സ്പഷ്ടം.

ഇല്ല, അവൻ പറഞ്ഞു, 'ഇവിടെ ഇല്ല'. പിന്നെ, അവളുടെ മുഖത്ത് അത്ഭുതം സ്ഫുരിക്കുന്നതു കണ്ടപ്പോൾ അവൻ പറഞ്ഞു: 'നില്ക്കൂ.'

അവൾ നിന്നു. പയ്യൻ കാഷ്കൗണ്ടറിൽ പോയി നീണ്ടുമെലിഞ്ഞ ഒരാളുമായി അടക്കിയ സ്വരത്തിൽ സംസാരിച്ചു. നീണ്ട മനുഷ്യൻ കൗണ്ടറിൽ വന്ന്, അവൾക്ക് 'കോക്ക്റോച്ച് പൗഡർ' തന്നെയല്ലേ വേണ്ടത് എന്നു ചോദിച്ചു.

അവൾ തലയാട്ടി. അയാൾ ചില്ലലമാറികളിൽ ഒന്നിൽനിന്ന് ഒരു ചുവന്ന പാക്കറ്റ് എടുത്ത് അവൾക്കു കൊടുത്തു. ഒപ്പം, അത് ഉപയോഗിക്കേണ്ടതിനെപ്പറ്റി വിശദവിവരങ്ങളും. തനിക്കത് അറിയാമെന്നു പറഞ്ഞ് അവൾ അയാളുടെ നാവടക്കി. പക്ഷേ, അയാൾ അതു ശ്രദ്ധിക്കാതെ വീണ്ടും ആദ്യവസാനം തുടങ്ങുമെന്നായപ്പോൾ അവൾ പറഞ്ഞു: നന്ദി!

അയാൾ തന്റെ വാചകമടി നിർത്തി ഒരു മുന്നറിയിപ്പോടെ:

ഇതു വിഷമാണ്, കേട്ടോ? ഭയങ്കര വിഷം!

വൈകുന്നേരം ഡോക്ടർ ഇൻജക്ഷൻ കൊടുത്തപ്പോൾ, ഇതേ വാക്കുകൾ ഒരു അസ്വാസ്ഥ്യത്തോടെ അവൾ വീണ്ടും ഓർമ്മിച്ചു. ഡോക്ടർ ഒരു തടിച്ച സ്ത്രീയായിരുന്നു. അവർ അവളുടെ കുട്ടികളെക്കുറിച്ച് അന്വേഷിച്ചു.

രണ്ടുപേരും സ്കൂളിൽ പോകുന്നുണ്ടെന്നാണു പറഞ്ഞത്, അല്ലെ?

അതെ. പെട്ടെന്നു നേരിയ സൂചി അവളുടെ മേൽ താഴ്ന്നിറങ്ങുന്നത് അവൾക്ക് അനുഭവപ്പെട്ടു.

ഏയ്, സാരല്ല്യ, ഡോക്ടർ പറഞ്ഞു, വേവലാതിപ്പെടാനൊന്നുമില്ല.

ടാക്സിയിൽ അവർ വീട്ടിലേക്കു തിരിച്ചു. യാത്ര സുഖകരമായിരുന്നു. പക്ഷേ, അവൾ വല്ലാതെ വിഷമിച്ചു. വിറയ്ക്കുന്ന കൈകൊണ്ട് അവൾ തന്റെ അടിവയർ തലോടി. പെട്ടെന്നു ശക്തിയായ തേങ്ങലുകൾ മാറിൽ നിറഞ്ഞു, അവളെ ശ്വാസം മുട്ടിച്ചു. ഏകാന്തതയിൽ ഇരുന്നു മതിയാവോളം കരയാൻ അവൾക്കു തോന്നി. ഇപ്പോഴെങ്കിലും ഭർത്താവ് പശ്ചാത്തപിച്ചെങ്കിൽ എത്ര നന്നായിരുന്നെന്ന് അവൾ ആശിച്ചു. പക്ഷേ, അയാളുടെ മുഖത്തു പശ്ചാത്താപത്തിന്റെ ലാഞ്ഛനപോലുമുണ്ടായിരുന്നില്ല. അയാൾ പുറത്തേക്കു തുറിച്ചു നോക്കുകയായിരുന്നു.

കിടപ്പറയിലെ തെളിഞ്ഞ വെളിച്ചത്തിൽ അവളുടെ മുഖം വിളറി, ക്ഷീണിച്ചു കാണപ്പെട്ടു. ഭർത്താവു പേടിച്ചു.

നിനക്കെന്തു പറ്റി?

എനിക്കൊന്നുമില്ല, അവൾ പറഞ്ഞു.

ഒരു ചെറിയ തലവേദന. സാരിഡോൺ കഴിക്കാം. ഒരു ഗുളിക ഉണ്ടോ?

അവൾ കട്ടിലിൽ കിടന്നു. ഭർത്താവു വല്ലാതെ പരിഭ്രമിച്ചിരുന്നു.

മനസ്സാക്ഷിയാണ് എന്നെ വിഷമിപ്പിക്കുന്നത്, അവൾ വിചാരിച്ചു, ഇപ്പോൾ എനിക്ക് ഒരു അപരാധബോധം തോന്നുന്നു. പക്ഷേ, അതു ചെയ്യാതെ നിവൃത്തിയില്ല. വേറെ വഴിയൊന്നുമില്ല. ഇക്കാലത്തു സന്തോഷത്തോടെ ജീവിക്കണമെങ്കിൽ ഈ ചിറകടി കുറെയൊക്കെ കേട്ടില്ലെന്നു നടിക്കുകതന്നെ വേണം. നാളെ, ഈ പേടിസ്വപ്നത്തിന്റെ ഓർമ്മകൾ മാഞ്ഞു പോകുമ്പോൾ, സുഖമായി ജീവിക്കാം.

കുട്ടികളെ തിരിച്ചു കൊണ്ടുവരണം, അവൾ വിചാരിച്ചു, എനിക്ക് അവരെ കാണാതെ ഇരിക്കാൻ വയ്യ. പതിനഞ്ചു ദിവസം വളരെ ദീർഘിച്ചതായിരുന്നു. ഈ ഏകാന്തത എനിക്ക് ഒട്ടും സഹിക്കാൻ വയ്യ. എനിക്ക് എന്റെ കുട്ടികളെ ചുറ്റും കാണണം!

ഭക്ഷണം, അവർ ഡോക്ടറുടെ അടുത്തു പോകുന്നതിനു മുമ്പു തന്നെ തയ്യാറാക്കിയിരുന്നു. അതുകൊണ്ട് അതു വിളമ്പിക്കഴിക്കുകയേ വേണ്ടിയിരുന്നുള്ളൂ. ഊണു കഴിച്ചപ്പോൾ അവൾക്കു കുറെ ഭേദം തോന്നി. ഭർത്താവ്, ആ ചുവന്ന പൊടി കാർഡ് ബോർഡിന്റെ കഷ്ണങ്ങളിൽ ചെറിയ കൂമ്പാരങ്ങളായി എടുത്ത് ഓരോ മൂലയിൽ വയ്ക്കുന്നത് അവൾ നോക്കിനിന്നു. അടുക്കളയിൽ കൂറകൾ ടിന്നുകളുടെ മൂടികളിൽ കിരുകിരാ ശബ്ദമുണ്ടാക്കി, പറന്നു ചുവരിൽ ചെന്നടിക്കുന്ന ശബ്ദം കേട്ടു.

പരക്കം പാച്ചിൽ തുടങ്ങി. മരണവെപ്രാളമാണ്. അവൾ വിചാരിച്ചു.

അവൾ കിടപ്പറയിലേക്കു പോയപ്പോൾ ഭർത്താവു കിടന്നു കഴിഞ്ഞിരുന്നു. അവൾ വിളക്കണച്ചു കട്ടിലിൽ പോയി കിടന്നു. തെരുവു വിളക്കിന്റെ പ്രകാശം ജാലകത്തിലൂടെ അരിച്ചുവന്നു. ഭർത്താവ് ഉറങ്ങിയിട്ടില്ലെന്ന് അവൾക്കു മനസ്സിലായി. അയാൾ തിരിഞ്ഞ് അവളെ കൈകൊണ്ടു വരിഞ്ഞു.

ഇപ്പോൾ എങ്ങനെണ്ട്?

ഭേദണ്ട്, അവൾ പറഞ്ഞു, എനിക്കിപ്പോൾ ഒരസുഖവുമില്ല.

അയാൾ അവളുടെ പുറത്തു സ്നേഹപൂർവ്വം തട്ടി, കവിളിൽ ചുംബിച്ചു.

നാളേയ്ക്ക് നിനക്ക് എല്ലാം ഭേദമാവും.

അങ്ങനെ ഒരു ഉറപ്പു ഭർത്താവിൽ നിന്നും കിട്ടാൻ അവൾ കാത്തിരിക്കയായിരുന്നു. അവൾക്ക് ആശ്വാസം തോന്നി.

സാവധാനത്തിൽ അയാളുടെ ആലിംഗനം അയഞ്ഞുവരുന്നത് അവൾക്കു അനുഭവപ്പെട്ടു. അയാളുടെ ശ്വാസം താളക്രമത്തിലായി. കുറച്ചു നിമിഷങ്ങൾക്കുള്ളിൽ അയാൾ ഗാഢനിദ്രയിലായി.

കുറച്ചുനേരത്തിന്ന്, അവൾ ടൈംപീസിന്റെ ടിക്, ടിക് ശബ്ദവും, പുറത്തു തെരുവിൽ ഒരു വാഹനത്തിന്റെ ഇരമ്പൽ വിദൂരതയിൽ ലയിക്കുന്നതും ശ്രദ്ധിച്ചു.

അങ്ങനെയിരിക്കുമ്പോൾ, അവൾ കറുത്ത ജീവികൾ പറന്നു വരുന്നതു കണ്ടു. കൂറകൾ. അവ ആയിരക്കണക്കിനുണ്ടായിരുന്നു. കൂറകൾ ഒരു ജാഥ നയിക്കുന്നു. അവൾക്കു ചിരി വന്നു. സ്വപ്നത്തിൽ മാത്രമേ അതു സംഭവിക്കുകയുള്ളു. പക്ഷേ, കൂറകൾ അതുതന്നെയായിരുന്നു ചെയ്തിരുന്നത്. ജാഥ തെരുവിൽ തടിച്ചു കൂടി. അവ ഉറക്കെ മുദ്രാവാക്യങ്ങൾ അട്ടഹസിക്കുകയും, മേലോട്ടും താഴോട്ടും ക്ഷോഭിച്ചു പറക്കുകയും ചെയ്തു. ചില കൂറകൾ ഉയർത്തിപ്പിടിച്ച ബാനറുകൾ കണ്ടപ്പോഴാണ് അവൾക്കു കൂടുതൽ ആശ്ചര്യം തോന്നിയത്..

എനിക്കു ഭ്രാന്തു പിടിക്കും, അവൾ വിചാരിച്ചു. ജാഥ കൂടുതൽ പ്രക്ഷുബ്ധമായി. ചില കൂറകൾ വിമാനാക്രമണം പോലെ അവളുടെ നേർക്കു പറന്നു വന്നു. അവൾ ഒരു നിലവിളിയോടെ ഉണർന്നു. അപ്പോൾ, അതൊരു സ്വപ്നം മാത്രമായിരുന്നുവെന്ന് അവൾക്കു മനസ്സിലായി. അവൾ സന്തോഷിച്ചു. അവൾ ഭർത്താവിനോടു ചേർന്നു കിടന്നു, ഉറക്കം കൺപോളകളെ കനപ്പിക്കുന്നതു ശ്രദ്ധിച്ചു.

അവൾ വളരെനേരം ഉറങ്ങി. ഉണർന്നപ്പോൾ സൂര്യകിരണങ്ങൾ മുറിയിലേക്ക് അരിച്ചു വന്നു തുടങ്ങിയിരുന്നു. നിലത്ത് അവൾ കൂറകളെ കണ്ടു. ചത്തുമലച്ച കൂറകൾ. അവൾ, ശൈത്യകാലത്തു മരങ്ങളിൽനിന്ന് ഉതിർന്നുവീഴുന്ന കരിയിലകളെക്കുറിച്ചും, വർഷങ്ങൾക്കു മുമ്പു മരിച്ചു പോയ അമ്മയെക്കുറിച്ചും, മക്കളെക്കുറിച്ചും, ജീവിക്കാനുള്ള അവകാശം നിഷേധിച്ചു കഴിഞ്ഞ, പുതിയ ജീവന്റെ കണികയെക്കുറിച്ചും ഓർത്തു. അവൾ വ്യസനിച്ചു.

ഉള്ളടക്കത്തിലേയ്ക്ക്

# ഉണക്കമരങ്ങൾ

**അ**വൾ മുപ്പത്തിയൊന്നു വയസ്സായിട്ടും അവിവാഹിതയായിത്തന്നെ ഇരുന്നു. അസുഖകരമായ ഈ യാഥാർത്ഥ്യം ഓർക്കാതിരിക്കാൻ അവൾ പകലെല്ലാം കഠിനമായി ജോലി ചെയ്തു. അടുക്കളപ്പണിക്കു പുറമേ ചെറിയമ്മയുടെ കുട്ടികളെ കുളിപ്പിക്കുക, അവരുടെ ഉടുപ്പുകൾ തിരുമ്പുക എന്നീ ജോലികളെല്ലാം ചെയ്തു. എന്നിട്ടും ഉച്ചയ്ക്ക് ഊണു കഴി ഞ്ഞാൽ കുറച്ചു സമയം ഒഴിഞ്ഞു തന്നെ കിടന്നു. പകൽ ഉറക്കം വരാത്തതിനാൽ, ഈ സമയങ്ങളിൽ അവൾ കുട്ടികളുടെ ഉടുപ്പുകളുടെ നിറങ്ങളെക്കുറിച്ചും, വൈകുന്നേരം ഉണ്ടാക്കേണ്ട പലഹാരങ്ങളെക്കുറിച്ചും ആലോചിച്ചുകൊണ്ടിരുന്നു. രാത്രി ക്ഷീണം കാരണം വേഗം ഉറങ്ങിപ്പോവുകയും ചെയ്യും.

പക്ഷേ, ഉറക്കമാണ് അവളെ സംബന്ധിച്ചിടത്തോളം അസഹനീയമായത്. അവൾ സ്വപ്നങ്ങൾ കണ്ടുകൊണ്ടേയിരുന്നു. അലസിപ്പിരിഞ്ഞ വിവാഹാലോചനകളെപ്പറ്റി, നടക്കാത്ത വിവാഹങ്ങളെപ്പറ്റി, എല്ലാം.

അടുക്കളയിൽ ജോലി ചെയ്തു കൊണ്ടിരിക്കുമ്പോഴാണ് അവൾ നാഗസ്വരത്തിന്റേയും തകിലിന്റേയും ശബ്ദം കേട്ടത്. ജനലിലൂടെ നോക്കിയപ്പോൾ കണ്ടതെന്താണ്! മുറ്റത്ത് പന്തലിട്ട് അലങ്കരിച്ചിരിക്കുന്നു. പന്തലിൽ നിറയെ ആളുകൾ.

ഈ ഒരുക്കങ്ങളെല്ലാം എന്തിനാണ്? അവൾ ആലോചിച്ചു. ഓ, ഒരു വിവാഹമാണ്. നിറപറയുടെ പിന്നിൽ വരൻ അണിഞ്ഞൊരുങ്ങി ഇരിക്കുന്നു.

ഇത്രയൊക്കെ ഒരുക്കങ്ങളും തിരക്കുമുണ്ടായിട്ടും താൻ ഇതൊന്നും അറിഞ്ഞില്ലല്ലോ! ആരുടെ വിവാഹമാണിത്? ആരാണ് വധു?

അവൾ ആകെ വിഷമിച്ചിരിക്കുമ്പോഴാണ് ചെറിയമ്മ കടന്നു വന്നത്.

നാണീ, നീയെന്താ അങ്ങോട്ടു ചെല്ലാത്തത്? അവർ നിന്നെ കാത്തിരിക്കയാണ്. ഇന്നു നിന്റെ കല്യാണമല്ലേ?

അവളാകെ അന്തം വിട്ടു നിന്നുപോയി. എന്തോ ചോദിക്കാൻ പുറപ്പെട്ടപ്പോഴേക്കും ചെറിയമ്മ പോവുകയും ചെയ്തു.

തന്റെ കല്യാണമാണ്. അവൾക്കു നാണം തോന്നി. അവൾ വല്ലാതെ പരിഭ്രമിച്ചിരുന്നു. എന്തൊക്കെ ഒരുക്കാനുണ്ട്? എന്തേ അവർ തന്നെ നേരത്തെ അറിയിക്കാതിരുന്നത്?

അവൾ മേലാകെ കണ്ണോടിച്ചു. അയ്യയ്യേ! എങ്ങനെയാണ് ഈ വേഷത്തിൽ കല്യാണമണ്ഡപത്തിലേക്കു പോകുക? ആകെ കരിപുരണ്ടു മുഷിഞ്ഞിരിക്കുന്നു. സാരിയെങ്കിലും മാറ്റാതെ വയ്യ.

പുറത്തു നിന്നു നാഗസ്വരം ഉച്ചത്തിൽ കേട്ടു. വരൻ തന്നെ അക്ഷമനായി കാത്തിരിക്കുന്നുണ്ടാകും, അവൾ ഓർത്തു. പീടികയിൽ പോയി സാരി മേടിച്ചാലോ?

അതേ അതാണു നല്ലത്. അവൾ പിന്നെ സമയം കളഞ്ഞില്ല. അടുക്കള വാതിലിലൂടെ പുറത്തു കടന്ന്, വീട്ടിന്റെ പിന്നിലുള്ള വഴിയിലൂടെ ഓടി. ഒരു നാഴികയിലധികം ദൂരമുണ്ടാകും പീടികയിലേക്ക്. വേഗം പോയി വരണം. ഈ അവസരം പാഴാക്കിക്കൂടാ.

വഴി വീതി കൂടിയതായിരുന്നു. പക്ഷേ, പിന്നെപ്പിന്നെ കല്ലുകളും മുള്ളുകളും നിറഞ്ഞു വീതി ചുരുങ്ങിച്ചുരുങ്ങി വന്നു. കാലിൽ തറച്ചു നില്ക്കുന്ന മുള്ളുകൾ എടുത്തു കളയാൻ മിനക്കെടാതെ അവൾ ഓടി. തീരെ സമയം കളഞ്ഞുകൂടാ.

നാഗസ്വരത്തിന്റെയും തകിലിന്റെയും ശബ്ദം അകന്നകന്നു പോയി. അവൾക്കു സങ്കടം തോന്നി. പക്ഷേ, ഈ വേഷത്തിൽ എന്തായാലും പോകാൻ വയ്യ.

ഓടിക്കൊണ്ടിരിക്കുമ്പോൾ അവൾക്കു സംശയം തോന്നി: വഴി തെറ്റിയോ? നിരത്തിന്റെ രണ്ടു വശത്തും ഉണങ്ങി തൊലിയടർന്നു പോയ മരങ്ങൾ നിന്നിരുന്നു. താൻ മുമ്പു പല പ്രാവശ്യം നടന്നിരുന്ന വഴി തന്നെയാണോ ഇത്? അവൾ ഓരോ ഉണക്കമരത്തേയും പിന്നിട്ടുകൊണ്ട് ഓടി.

സാവധാനത്തിൽ വെളിച്ചം കുറഞ്ഞു വന്നു. സൂര്യൻ അസ്തമിക്കുകയാണ്. ഇരുട്ടു നിറഞ്ഞു തുടങ്ങിയപ്പോൾ അവൾക്ക് ആശ്വാസമായി. വെളുത്തു പ്രേതങ്ങളെപ്പോലെ നില്ക്കുന്ന ഈ ഉണക്ക വൃക്ഷങ്ങൾ ഇനി കാണില്ലല്ലോ.

ഓട്ടത്തിന്റെ ഗതിവേഗം കാരണം കാറ്റു മുഖത്തുവന്നടിച്ച് അവൾക്കു ശ്വാസം മുട്ടിത്തുടങ്ങി. കാറ്റ് അവളുടെ മുലകളിലും കൈകളിലും കിക്കിളിയുണ്ടാക്കി.

അപ്പോഴേക്കും, എന്തിനാണ് ഓടിയിരുന്നതെന്ന് അവൾ മറന്നു കഴിഞ്ഞിരുന്നു. തനിക്ക് ഇനി എന്നും ഓടിക്കൊണ്ടേ ഇരിക്കേണ്ടി വരുമെന്ന് അവൾ ഭയപ്പെട്ടു. നില്ക്കാൻ കഴിയില്ല. നിന്നാൽ മരണമാണ്. അവൾ ഉണക്ക മരങ്ങളെക്കുറിച്ചോർത്തു. അവ ഓരോന്നും ഓരോ മരണമാണ്. അവൾ മരണം ഇഷ്ടപ്പെട്ടില്ല. അവൾക്കു ജീവിക്കണം. അതുകൊണ്ടു കാലുകൾ കുഴഞ്ഞു തുടങ്ങിയിട്ടും അവൾ ഓടിക്കൊണ്ടേയിരുന്നു.

കാറ്റു കാരണം അവളുടെ വസ്ത്രങ്ങൾ അഴിഞ്ഞു പറക്കാൻ തുടങ്ങി. ഒരു നിമിഷത്തിനുള്ളിൽ താൻ നഗ്നയാണെന്ന് അവൾ കണ്ടു. അയ്യോ! ഇനി എന്താണുചെയ്യുക? തന്നെ ആരും കാണാതിരുന്നെങ്കിൽ! ഇല്ല, ഈ ഇരുട്ടിൽ ആരും കാണില്ല.

ഓടിത്തളർന്ന് അവസാനം അവൾ നിരത്തു വക്കിൽ കുഴഞ്ഞു വീണു. അപ്പോഴേക്കും അവളെ ഒരാൾ വാരിയെടുത്തു. അവൾ സന്തോഷത്തോടെ കണ്ണുമടച്ചു പറഞ്ഞു:

ഞാൻ ഇതിനായിരുന്നു ഇത്ര ദൂരവും ഓടിവന്നത്. ഇതിന്നു വേണ്ടി മാത്രം.

അയാൾ ഒന്നും പറഞ്ഞില്ല. അവൾ അയാളെ ചുംബിച്ചുകൊണ്ടു പറഞ്ഞു:

ഇതിനു വേണ്ടി മാത്രം!

പക്ഷേ, കണ്ണു തുറന്നപ്പോൾ അവൾ നടുങ്ങിപ്പോയി. താൻ ആലിംഗനം ചെയ്തിരുന്നത് ഒരു ഉണക്കമരമായിരുന്നു. വെളുത്തു പ്രേതത്തെപ്പോലെ നില്ക്കുന്ന മരം.

അവൾ ഞെട്ടിയുണർന്നു. ഓ, സ്വപ്നമായിരുന്നു. അവൾ മേലെല്ലാം തപ്പിനോക്കി. വസ്ത്രങ്ങളെല്ലാമുണ്ട്. സ്വപ്നം തന്നെയായിരുന്നു. എന്തൊരു സ്വപ്നം! അവൾ പുതപ്പുകൊണ്ടു നന്നായി പുതച്ചു. മറുപുറം തിരിഞ്ഞു കിടന്നു.

ആ ചോരപ്പൈതലിനെ അവൾ മാറോടണച്ച് ഉമ്മവെച്ചു കൊണ്ടിരുന്നു. കുറച്ചു നിമിഷങ്ങൾക്കു മുമ്പ് അതിനെ കൊണ്ടു വന്നു തന്ന ചെറുപ്പക്കാരന്റെ മുഖം അവൾ മറന്നു കഴിഞ്ഞിരുന്നു.

അതു സാരമില്ല. അവൾ സമാധാനിച്ചു. എനിക്ക് ഈ കുട്ടിയെ കിട്ടിയല്ലോ. അതു മതി. എന്തു ഭംഗിയുള്ള കുട്ടി!

അവൾ അതിനെ വീണ്ടും വീണ്ടും ഉമ്മവെച്ചു.

പെട്ടെന്നു കുട്ടി കരയാൻ തുടങ്ങി. വിശന്നിട്ടായിരിക്കും, അവൾ വിചാരിച്ചു. ബ്ലൗസിന്റെ കുടുക്കുകളഴിച്ച് അവൾ കുട്ടിക്കു മുല കൊടുത്തു. നേരിയ കിക്കിളി തോന്നി. അവൾ കണ്ണടച്ചിരുന്നു.

അപ്പോഴാണ്, കുട്ടി ആണോ, പെണ്ണോ എന്നു നോക്കിയില്ലെന്ന് അവൾക്ക് ഓർമ്മ വന്നത്. എന്തൊരു വിഡ്ഢിയാണു താൻ. പക്ഷേ, കുട്ടിയെ നോക്കിയപ്പോൾ അവൾ ഞെട്ടിപ്പോയി. അത് ഒരു നായ്ക്കുട്ടിയായിരുന്നു. കണ്ണുകളിൽ പീളയടിഞ്ഞ വൃത്തികെട്ട നായ്ക്കുട്ടി. അവൾ, നിരാശയിൽ നിന്നുളവായ വെറുപ്പോടെ അതിനെ നിലത്തേക്കു വലിച്ചെറിഞ്ഞു. നായ്ക്കുട്ടി ദേഷ്യത്തോടെ അവളുടെ നേരെ കുരച്ചു ചാടിക്കൊണ്ടിരുന്നു. അവൾക്കു ഭയമായി. അതു ചാടി തന്നെ കടിച്ചു എന്നായപ്പോഴേക്കും അവൾ വീണ്ടും ഞെട്ടിയുണർന്നു.

സ്വപ്നം. അവൾ വിചാരിച്ചു. ഒരു നിമിഷം അവൾ കിടപ്പുമുറിയുടെ നിശ്ശബ്ദമായ, ശൂന്യമായ സംഗീതം ശ്രദ്ധിച്ചു കൊണ്ടിരുന്നു. പിന്നെ വീണ്ടും സാവധാനത്തിൽ ഇരുട്ടിന്റെ തണുത്ത അഗാധതലങ്ങളിലേക്ക് ഊർന്നിറങ്ങി.

# പരുന്തുകൾ വട്ടം ചുറ്റുമ്പോൾ

എട്ടുകാലിനൂലു പോലെ നേരിയ ഒരു പ്രകാശരേഖ ആകാശത്തു പ്രത്യക്ഷപ്പെട്ടു. നോക്കിക്കൊണ്ടിരിക്കെ സില്ക്കുനൂലു പോലെ മിനുസമുള്ള ആ രേഖ അന്തമില്ലാത്ത അസ്വാസ്ഥ്യം വളർത്തിക്കൊണ്ട് നീളുവാൻ തുടങ്ങി. നിമിഷങ്ങൾ ഒരു ശാശ്വത ദുഃഖം പോലെ കനത്തു നിന്നു. നനുത്ത രേഖ അപ്പോഴും നീണ്ടുകൊണ്ടിരുന്നു. അവസാനം ഒരു ദുർബ്ബല നിമിഷത്തിൽ നിറയെ കുടുക്കുകളുള്ള നൂലാമാലയായി അതു പൊട്ടിത്തകർന്നു. ഊത നിറത്തിൽ ആകാശം സൃഷ്ടിയുടെ രഹസ്യത്തെ മറച്ചുകൊണ്ട് തൂങ്ങിക്കിടന്നു.

ഞാൻ ഉണർന്നു. നിസ്സഹായതാബോധം മനസ്സിൽ അവശേഷിച്ചു. ഞാൻ അപ്പോഴും ഒരു സ്വപ്നാവസ്ഥയിലായിരുന്നു. ഒരിക്കലും സുബോധത്തിലെത്തില്ലെന്നു തോന്നിക്കുന്ന ഒരവസ്ഥ. എനിക്ക് ടൈഫോയ്ഡായിരുന്നു. ഡോക്ടർ അങ്ങനെയാണു പറഞ്ഞത്. നാലുനേരം വിഴുങ്ങിയിരുന്ന കാപ്സൂളിന്റെ നിറം ഓർമ്മിക്കാൻ പറ്റുന്നില്ല. പച്ചയാണോ? അതോ കറുപ്പോ?

കട്ടിലിൽ കിടന്നു നോക്കിയാൽ ജാലകത്തിലൂടെ നീലാകാശത്തിന്റെ ഒരു ഭാഗം കാണാം. താഴെ, യദുകോളനിയിലെ ഒരേ ഉയരത്തിലുള്ള കെട്ടിടങ്ങളുടെ ആകാശരേഖയാണ്. അതിനും താഴെ വിശാലമായ ഒരു ചതുരൻ കുളമാണ്. കർട്ടൻ ഉയർത്തി വെച്ചാൽ ആ കുളം മുഴുവൻ കാണാം. നരച്ച താടിയും സ്വർണ്ണ ഫ്രെയിമുള്ള കണ്ണടയുമായി ഒരു കിഴവൻ കുളത്തിന്റെ ഇടത്തെ കരയിൽ കുനിഞ്ഞിരുന്ന് മത്സ്യം പിടിക്കുന്നുണ്ടാവും. കഴിഞ്ഞ ഒരാഴ്ചയായി ഞാൻ ശ്രദ്ധിക്കാറുണ്ട്. കിഴവൻ രാവിലെ മുതൽ വൈകുന്നേരംവരെ അവിടെ ഒരു ചൂണ്ടലുമായി ചടഞ്ഞിരിക്കാറുണ്ട്. ഇടയ്ക്കിടയ്ക്കു ചൂണ്ടൽ വലിച്ചെടുത്ത് അതിന്റെ കൊക്ക സൂക്ഷ്മമായി പരിശോധിക്കും. ഒരു സാമർത്ഥ്യമുള്ള മത്സ്യം കൊളുത്തിൽപ്പെടാതെ ഇരയെ തിന്നിട്ടുണ്ടാകും. അയാൾ വേറൊരു ഇര കൊളുത്തി ചൂണ്ടലിട്ട് വാശിയോടെ ജലപ്പരപ്പിലേക്കു നോക്കി കൂനി ഇരിക്കും.

കണ്ണടച്ചു കിടക്കുകയാണ് രസം. കാരണം, കണ്ണടച്ചാൽ മുത്തുകളുടെ ഒരു സമുദ്രം താഴെക്കൂടി ഒഴുകിപ്പോകുന്നുണ്ടെന്നു തോന്നും. അതിനു മുകളിൽ പ്രകാശമുള്ള ചെറിയ വസ്തുക്കൾ വട്ടമിടും, കൊയ്ത്തു കഴിഞ്ഞ നെൽവയലുകൾക്കു മീതെ ഒരു വേനൽ പ്രഭാതത്തിൽ പറന്നു ചുറ്റുന്ന പരുന്തുകൾ പോലെ.

അലങ്കോലപ്പെട്ടു കിടക്കുന്ന മനസ്സിനെ ക്രമത്തിലാക്കി വിചാരത്തിന്റെ നൂലുകളെ പിൻതുടരാൻ ഞാൻ ശ്രമിച്ചു. നൂലിഴകൾ ചിന്തയുടേതായിരുന്നോ? അതോ, ഒരനുഭൂതിയുടെയോ? ദുഃഖത്തിൽ കുഴഞ്ഞ ഒരു നിസ്സഹായതാബോധമായിരുന്നു, അത്. ഞാൻ അടുത്തറിയുന്ന ആരോ മരിക്കാൻ പോകുന്നു! എനിക്ക് സംശയമുണ്ടായിരുന്നില്ല. കുട്ടിക്കാലം മുതൽ പനിയായി കിടക്കുമ്പോഴെല്ലാം ഞാൻ അറിയുന്ന ഒരാൾ മരിച്ചിട്ടുണ്ട്. അതൊരു സങ്കടകരമായ യാഥാർത്ഥ്യമായിരുന്നു. ഞാൻ അതിനെപ്പറ്റി ആലോചിക്കാൻ ഇഷ്ടപ്പെട്ടില്ല.

സമയം എത്രയായിട്ടുണ്ടാകും? കുറച്ചു ദിവസങ്ങളായി ഞാൻ സമയഭേദമില്ലാത്ത ഒരു ലോകത്തായിരുന്നു. കണ്ണു തുറന്നു കിടക്കുകയായിരുന്നെങ്കിലും കാര്യമായൊന്നും കണ്ടിരുന്നില്ല. കൂട്ടുകാരൻ രാവിലെ ഓഫീസിൽ പോകുന്നതു ഞാൻ അറിയാറില്ല. വാലിയക്കാരൻ പയ്യൻ മാത്രം ഇടയ്ക്കിടയ്ക്കു കിടക്കയ്ക്കരികെ വരികയും പോവുകയും ചെയ്യും. ഒന്നുകിൽ മരുന്നു തരാനോ, അല്ലെങ്കിൽ ഒരു ഗ്ലാസ്സിൽ പാൽ കൊണ്ടുവന്ന് എന്റെ തല അല്പമുയർത്തി വായിൽ ഒഴിച്ചുതരാനോ വേണ്ടി. അവന്റെ വരവുകൾക്കിടയ്ക്കുള്ള സമയം ഒരു മിനിറ്റോ ഒരു മണിക്കൂറോ ഒരു യുഗമോ തന്നെയാകാം. സമയം, ചുമരിന്റെ മൂലയിലെ വേട്ടാളൻകൂടു പോലെ നിശ്ചലമായിരുന്നു. ഡോക്ടറുടെ സന്ദർശനം എപ്പോഴാണെന്ന് അറിയില്ല. അയാൾ വന്നു കൈ പിടിക്കുന്നത് അറിയുന്നുണ്ട്. എന്തൊക്കെയോ ചോദിക്കാറുണ്ട്. ഞാൻ മറുപടി പറഞ്ഞിരുന്നോ?

ഇതെല്ലാം പനി കൂടിയപ്പോഴാണ്. അതിനുമുമ്പു സുഖമായിരുന്നു. കട്ടിലിന്നു നേർക്കുള്ള ജാലകത്തിലൂടെ പുറത്തേക്കു നോക്കിക്കൊണ്ടേ കിടക്കാം. പനിക്കുന്നത് എനിക്ക് ഇഷ്ടമാണ്. ഒന്നും ചെയ്യാതെ വെറുതെ കിടക്കാമല്ലോ. നേരിയ, സുഖകരമായ വേദന ദേഹത്തെ തഴുകുന്നുവെന്നേ തോന്നൂ.

ആദ്യമെല്ലാം ഞാൻ ജാലകത്തിന്നടുത്തു പോയി ഇരിക്കാറുണ്ട്. അപ്പോഴാണ് ചൂണ്ടലിടുന്ന കിഴവനെ കണ്ടത്. നടാടെ കാണുകയായിരുന്നെങ്കിലും, അയാൾ ഒരു ജീവിതകാലം മുഴുവൻ ചൂണ്ടലുമായി അവിടെ, എന്റെ മുമ്പിൽ ഇരിക്കുകയായിരുന്നെന്നു തോന്നി. അങ്ങനെ നോക്കിയിരിക്കുന്നതിൽ ഒരു രസമുണ്ട്. രാവിലെ മുതൽ വൈകുന്നേരംവരെ ഇരുന്നാലും ഒരൊറ്റ മത്സ്യം പോലും അയാളുടെ ചൂണ്ടലിൽ പെട്ടിരുന്നില്ല. അങ്ങനെ നോക്കി നോക്കി ക്ഷീണിക്കുമ്പോൾ ഞാൻ കർട്ടൻ ഉയർത്തി വെച്ചു കട്ടിലിൽ വന്നു കിടന്ന് അയാൾ ചൂണ്ടലിടുന്നതു തന്നെ വീണ്ടും ശ്രദ്ധിക്കും. ഒരു ദിവസത്തിന്നുള്ളിൽ എനിക്ക് അയാളോട് ഒരു നൂറ്റാണ്ടു കാലത്തെ പരിചയമുണ്ടെന്നു തോന്നി.

ഒരു കാൽപ്പെരുമാറ്റം. ചിന്തകൾ വീണ്ടും താളം തെറ്റി. ഒരു കൈ സാവധാനത്തിൽ നെറ്റിമേൽ പതിഞ്ഞു.

പനി കുറഞ്ഞിട്ടുണ്ടല്ലോ.

കൂട്ടുകാരനാണ്. ഉണ്ട്, കുറഞ്ഞിട്ടുണ്ട്. ഞാൻ ചുറ്റും നോക്കി. പനി കുറഞ്ഞിട്ടുണ്ടല്ലോ. കൂട്ടുകാരന്റെ ശബ്ദം ഒരു മാന്ത്രികവിദ്യ പോലെ എന്റെ മനസ്സിൽ ചില പരിവർത്തനങ്ങൾ ഉണ്ടാക്കി. ശരിയാണ്, എനിക്കു ഭേദമായിട്ടുണ്ട്. ചുറ്റിലുമുള്ള സാധനങ്ങളെല്ലാം വ്യക്തമായി കാണാം. നീല നിറത്തിലുള്ള ചുമർ. അതിന്റെ അരുകിൽ അലമാരി. അടുത്തായി നീല വിരിയിട്ട മേശ. കസേല. മേശമേലുള്ള പുസ്തകങ്ങൾ. ഞാൻ കൂട്ടുകാരനെ നോക്കി. സാധാരണമട്ടു തന്നെ. അയാൾ ധരിച്ചിരുന്ന ഷർട്ടിന്റെ നിറവും പാന്റിന്റെ ഫാഷനും എനിക്കു തിരിച്ചറിയാം. അയാൾ മേശയ്ക്കടുത്തു പോയി എന്റെ മരുന്നുകുപ്പി പരിശോധിക്കുകയാണ്. അതിൽ ചുവന്ന മിക്സ്ചർ പകുതിയോളം ഉണ്ട്. അയാൾ

വീണ്ടും കട്ടിലിന്നരുകിൽ വന്നു.

ആ മാന്ത്രികശക്തി കുറച്ചു നേരത്തേക്കു മാത്രമേ നിലനിന്നുള്ളൂ. സാവധാനത്തിൽ അടുത്തുള്ള വസ്തുക്കൾ മാഞ്ഞു തുടങ്ങി. മേശ, അലമാരി, തട്ടിൽ തൂങ്ങുന്ന പങ്ക എല്ലാം മാഞ്ഞ് അപ്രത്യക്ഷമായി. നീലച്ചുമരുകൾ നാലു ഭാഗത്തും കൂറ്റൻ മതിലുകൾപോലെ നിലകൊണ്ടു. ക്രമേണ അവയും അലിഞ്ഞു തുടങ്ങി. പിന്നെ മുൻപിൽ കിടക്കുന്നത് ഒരു മരുഭൂമിയാണ്. നീണ്ടുകിടക്കുന്ന മണലിൽ വെയിൽ ഓളം വെട്ടുന്ന മരുഭൂമി. കൂട്ടുകാരൻ അകന്നകന്നു പോയി, മണലുകൾക്കപ്പുറത്തു ചക്രവാളത്തിൽ അപ്രത്യക്ഷനായി. മണൽ മാത്രം, അനന്തതയിലേക്കു തള്ളി നില്ക്കുന്ന വിശാലത മാത്രം.

വീണ്ടും ഉണർന്നത്, വാലിയക്കാരൻ പയ്യൻ വിളിക്കുന്നതു കേട്ടാണ്: ബാബു സാർ, മരുന്നു കഴിക്കേണ്ടേ? തളർന്ന മിഴികൾ തുറന്നപ്പോൾ, കേശവൻ ഔൺസ് ഗ്ലാസ്സിൽ മരുന്നുമായി നില്ക്കുന്നു. മരുന്നു കഴിക്കുമ്പോൾ യാദൃച്ഛികമായി ജാലകത്തിലേക്കു നോക്കി. അസാധാരണമായി ഒന്നുമില്ല. പക്ഷേ, തൂക്കിയിട്ടിരുന്ന കർട്ടൻ നിഗൂഢമായ ഒന്നിനെ മറയ്ക്കുകയാണെന്നു പെട്ടെന്നു തോന്നി. എന്താണ് ആ തോന്നലിന്നു കാരണം? പുറമെ വെയിൽ ഓളം വെട്ടുകയായിരുന്നു. അതിന്റെ അല മുറിയിലേക്ക് അടിച്ചു കയറി മുറിയാകെ ഒരു പ്രത്യേക പരിവേഷത്തിൽ തുടിച്ചു. പക്ഷേ, ആ കർട്ടൻ! എന്താണതിന്നു പിന്നിലെ രഹസ്യം?

കുളത്തിന്റെ കരയിൽ ചൂണ്ടലിടുന്ന കിഴവനെ ഞാൻ ഓർത്തു. ജാലകത്തിന്റെ തിരശ്ശീല നീക്കിയാൽ അയാളെ കാണാൻ കഴിയും. ആ കിഴവനെ കാണാൻ ഉല്ക്കടമായ ഒരു ആഗ്രഹം എനിക്കുണ്ടായി. അയാളും ഞാനും തമ്മിൽ അത്ഭുതകരമായ വിധത്തിൽ ബന്ധപ്പെട്ടിട്ടുണ്ടെന്ന് എനിക്കു തോന്നി. കേശവനോടു പറഞ്ഞാൽ അവൻ കർട്ടൻ തുറന്നിടും. എനിക്ക് ആ കിഴവനെ കാണുകയും ചെയ്യാം. പക്ഷേ, ഭയം കൊണ്ട് എനിക്കതു കഴിഞ്ഞില്ല. ആ കിഴവനെ അവിടെ കാണില്ലെന്ന ഭയം എന്നെ പിടികൂടിയിരുന്നു. അയാൾ മരിച്ചിട്ടുണ്ടാകുമെന്ന ഒരു ഭ്രാന്തൻ ചിന്ത എനിക്കുണ്ടായി. ഞാൻ പനിയായി കിടക്കുമ്പോഴെല്ലാം ആരെങ്കിലും ഒരാൾ മരിച്ചിട്ടുണ്ട്.

മനസ്സിലുയർന്ന കൊടുങ്കാറ്റു കുറേക്കാലമായി അടച്ചിട്ടിരുന്ന പല കവാടങ്ങളേയും തുറന്നിട്ടു. അതിലൂടെ ഒരു തുരുമ്പു പോലെ ഞാൻ പറന്നു പോവുകയാണ്. യുഗങ്ങൾക്കപ്പുറത്താണെന്നു തോന്നി. എത്തിച്ചേരുന്നത്, നെൽവയലുകളിലേക്കു തുറന്നിടുന്ന ജാലകമുള്ള ഒരു മുറിയാണ്. കട്ടിലിൽ പനിപിടിച്ചു കിടക്കുന്നത് എട്ടു വയസ്സായ ഒരു ആൺകുട്ടിയാണ്. അന്നാണ് ഭ്രാന്തു പിടിപ്പിക്കുന്ന ആ അനുഭൂതിയുടെ ആരംഭം.

തളർന്ന കണ്ണുകളോടെ നെൽവയലുകളിലേക്കു നോക്കിക്കൊണ്ടിരിക്കുമ്പോൾ, ഉഷ്ണിച്ച മസ്തിഷ്കം ആ കുട്ടിയെ വേറൊരു ലോകത്തെത്തിച്ചു. ചുറ്റും അനന്തമായ ശൂന്യാകാശമാണ്. അതിൽ ഭീമാകാരന്മാരായ തേജോഗോളങ്ങൾ കറങ്ങുന്നു. ഗോളങ്ങളെ അന്യോന്യം ബന്ധിപ്പിക്കുന്നതു നേരിയ മിനുസമുള്ള ഒരു പ്രകാശരേഖയാണ്. ഗോളങ്ങൾ നിശ്ചിത പന്ഥാവിൽ സഞ്ചരിച്ചു കൊണ്ടിരുന്നു. എല്ലാം ഭദ്രം. ആശ്വാസത്തിന്റെ കണികകൾ അടങ്ങിയൊതുങ്ങുമ്പോഴേക്ക്, പ്രകാശരേഖകൾ വലിഞ്ഞു മുറുകി, പൊട്ടിത്തകരുന്നു. ഭീമാകാര ഗോളങ്ങൾ ലക്ഷ്യമില്ലാതെ ഭീഷണിയോടെ അലയുന്നു. നിസ്സഹായതാബോധത്തോടെ ഞെട്ടിത്തെറിക്കുമ്പോൾ കാണുക ജാലകത്തിന്നപ്പുറത്തു കൊയ്ത്തു കഴിഞ്ഞു കിടക്കുന്ന മഞ്ഞ വയലുകളാണ്. അതിനു മീതെ ശുഭ്ര മേഘങ്ങൾ പാറിക്കളിക്കുന്ന നീലാകാശം. അതിൽ പറന്നു വട്ടം കറങ്ങുന്ന പരുന്തുകളും.

അന്നാണ് മുത്തശ്ശി മരിച്ചത്!

പിന്നീട്, പനിയായിക്കിടക്കുമ്പോഴെല്ലാം, അതാവർത്തിച്ചു. ഭീമാകാരന്മാരായ ഗോളങ്ങളെ ബന്ധിച്ചു നിയന്ത്രിക്കുന്ന പ്രകാശരേഖ പൊട്ടിച്ചിതറുമ്പോഴെല്ലാം ആരെങ്കിലും മരിച്ചിട്ടുണ്ട്. വല്യച്ഛൻ, വല്യമ്മാവൻ, പിന്നെ കൊച്ചനുജൻ ഇവരെല്ലാം.

അന്നത്തെ ചെറിയ കുട്ടി ഇന്നും അതേ നിസ്സഹായതാബോധത്തോടെ പനിയുമായി കിടക്കുകയാണ്. ഇന്ന്, ഒരു കിഴവനാണു മരിക്കാൻ പോകുന്നത്, അല്ലെങ്കിൽ മരിച്ചിട്ടുള്ളത്. കിഴവൻ മരിച്ചുവോ എന്നറിയാൻ ജാലകത്തിന്റെ കർട്ടൻ ഒന്നു പൊക്കുകയേ വേണ്ടു. അതറിഞ്ഞാൽ സമാധാനമായി ഇരിക്കാമല്ലോ. പക്ഷേ, അതിനു ധൈര്യം വരുന്നില്ല. അനങ്ങാതെ കിടന്നു. ദേഹത്തിൽ നേരിയ, സുഖകരമായ വേദന പുളയുകയാണ്. എത്രനേരം അങ്ങനെ കിടന്നുവെന്നറിയില്ല. മുത്തുകളുടെ കടലിന്നു മുകളിൽ സമയം ഒരു പരുന്തിന്റെ രൂപമെടുത്തു പറന്നു: വൈകുന്നേരമാവുകയും ചെയ്തു. ഒരർദ്ധബോധാവസ്ഥയിൽ അതറിയുന്നുണ്ട്. വാതില്ക്കൽ ഒരു മുട്ട്. പാൽക്കാരന്റെ പാത്രങ്ങളുടെ കലമ്പൽ, കേശവൻ വാതിൽ തുറക്കുന്ന ശബ്ദം. നേരം വൈകിയതിനുള്ള ശകാരങ്ങൾ. ഹിന്ദിയിൽ ക്ഷമാപണങ്ങൾ. പുറത്തു കുട്ടികളുടെ ബഹളം. എവിടെനിന്നോ ഒരു റേഡിയോവിന്റെ ശബ്ദവീചികൾ. അകലെ ഒരു കാറിന്റെ ശബ്ദം. ഈ ശബ്ദങ്ങളെല്ലാം ഒരു താളക്രമത്തിൽ അനുസ്യൂതമായി കാതിൽ വന്നടിക്കുകയാണ്. ഞാൻ കണ്ണു തുറക്കാതെ കിടന്നു. പക്ഷേ, പുറത്തു വെളിച്ചം കുറഞ്ഞു വരികയാണെന്നു വ്യക്തമായിരുന്നു. അടുത്ത മുറിയിൽ ആരോ ലൈറ്റിട്ടു. ആരോ സംസാരിക്കുന്നു. കൂട്ടുകാരനായിരിക്കും.

വീണ്ടും നെറ്റിമേൽ ആരോ സ്പർശിച്ചു. ഒരു പിറുപിറുപ്പ്. അകന്നു പോകുന്ന ഷൂസിന്റെ ശബ്ദം. പിന്നെ മുത്തുകളുടെ ഒരു സമുദ്രം താഴെ നീങ്ങിപ്പോകുന്നു. അതിനു മുകളിൽ പ്രകാശമുള്ള ചെറിയ വസ്തുക്കൾ വട്ടം ചുറ്റുന്നു. പരുന്തുകൾ. പരുന്തുകൾ സമയമാണ്. അവ ചിറകു വിരിച്ചു പറക്കുമ്പോൾ.......

പ്രഭാതം, ആശ്വാസത്തിന്റെ കൈവിളക്കുമേന്തി വന്ന് എന്നെ വിളിച്ചുണർത്തി. ഇപ്പോൾ എല്ലാം വ്യക്തമാണ്; ഒരു മഴ മാറി വെയിലുദിച്ച പോലെ. ഒരാഴ്ചയായി മൂടൽ മഞ്ഞു പോലെ മനസ്സിനെ പൊതിഞ്ഞിരുന്ന അവ്യക്തത തീരെ വിട്ടുപോയി. നിസ്സഹായതാബോധം കഴിഞ്ഞു പോയ ഒരു പേക്കിനാവിന്റെ ഓർമ്മ പോലെ ദുർബ്ബലമായി മാത്രം അവശേഷിച്ചു.

ഞരമ്പുകൾ തളർന്നിരുന്നെങ്കിലും, എനിക്ക് എഴുന്നേല്ക്കാം. കുറേശ്ശേ നടക്കാം. കൂട്ടുകാരൻ അടുത്ത മുറിയിൽ

ഇരുന്നു ഷേവു ചെയ്യുകയാണ്. കേശവൻ അടുക്കളയിൽ ചായ കൂട്ടുന്നു. എല്ലാം വ്യക്തമാണ്: ഭദ്രവും. കണ്ണാടിയിൽ നിന്നു മുഖമുയർത്താതെ കൂട്ടുകാരൻ ചോദിച്ചു.

പനി എങ്ങനെയുണ്ട്, ബാബു?

ഭേദണ്ട്, ഞാൻ പറഞ്ഞു. എന്റെ സ്വരത്തിലെ ആഹ്ലാദം ശ്രദ്ധിച്ചിട്ടായിരിക്കണം, അയാൾ പെട്ടെന്നു തിരിഞ്ഞു നോക്കി, ആശ്ചര്യത്തോടെ പറഞ്ഞു:

ബാബു ആൾ ഉഷാറായിരിക്കുന്നല്ലോ!

ആശ്വാസത്തിന്റെ രശ്മികൾ മനസ്സിൽ ഉറച്ചു ശക്തിയായിത്തീർന്നു. എന്റെ പനി മാറിയിരിക്കുന്നു. ഇനി ഒന്നും പേടിക്കാനില്ല. ഞാൻ തിരിച്ചു മുറിയിലേക്കു പോയി. കിടക്ക, എന്റെ മനസ്സുപോലെ കുഴഞ്ഞുമറിഞ്ഞിരുന്നു. ജാലകത്തിന്റെ പാതിയടഞ്ഞു കിടന്ന പാളികൾ തുറന്നു പുറത്തേ ക്കു നോക്കി. പുറമെ കട്ടിയുള്ള മഞ്ഞായിരുന്നു. അത് ആകാശത്തെ നേരിയ ചാരനിറമാക്കിയിരുന്നു. താഴെ കെട്ടിടങ്ങളുടെ ആകാശരേഖ വ്യക്തമായിരുന്നില്ല. കുളക്കരയിലതാ ഒരു രൂപം ഇരിക്കുന്നു. മീൻ പിടിക്കുന്ന കിഴവൻ തന്നെയാണത്. നരച്ച തലമുടി കൂടുതൽ വെളു ത്തിട്ടുണ്ടെന്നു തോന്നി. കൂനിക്കൂടി ഇരിക്കുന്നതു കൊണ്ടു മുഖം കാണാൻ കഴിഞ്ഞില്ല. മഞ്ഞിലൂടെ ഊളിയിട്ടുവന്ന സൂര്യരശ്മികൾ ആ രൂപത്തിന്നു ചുറ്റും ഒരു പ്രത്യേക പരിവേഷം ഉണ്ടാക്കി.

ഞാൻ സാവധാനത്തിൽ കിടക്കയിൽ വന്നിരുന്നു. അപ്പോൾ, ഒന്നും സംഭവിച്ചിട്ടില്ല! എനിക്കു ക്ഷീണമുണ്ട്. പക്ഷേ, പനി വിട്ടിട്ടില്ലെന്നു തോന്നുന്നു. ദേഹത്തിൽ വീണ്ടും വേദന വന്നു കളിക്കുന്നുണ്ട്. പനി ഏറിയേക്കാം. ഇനിയും, അവ്യക്ത ദൃശ്യങ്ങളും പേസ്വപ്നങ്ങളും മടങ്ങി വന്നേക്കാം. ഞാൻ കിടന്നു.

അങ്ങനെ കുറച്ചു സമയം കിടന്നിട്ടുണ്ടാവണം, കേശവന്റെ ശബ്ദം കേട്ടു:

ബാബുസാർ, ചായ വേണോ? സാറിന്റെ പനിയെല്ലാം മാറിയില്ലേ?

ഉം – ഞാൻ മൂളി. പനിയെല്ലാം മാറിയെന്നു നടിക്കുന്നതാണ് അഭിമാനമെന്നു തോന്നി. അലസമായി ചായ ചുണ്ടോടടുപ്പിച്ചു.

പിന്നെ, സാർ അറിഞ്ഞോ? കേശവൻ തുടർന്നു: ഈ കൊളത്തിന്റെ കരയില് മീൻ പിടിക്കണ കെളവനില്ലെ? ആ താടിക്കാരൻ? അയാള് ഇന്നലെ ചത്തു. ഉച്ചയ്ക്കാണ്. വെയിലത്തിരുന്നു ബോധംകെട്ടു വീണു. വീട്ടിലേക്കെടുത്ത പ്പോഴത്തിനു മരിച്ചിരിക്കുന്നു. ഹൃദയസ്തംഭനാത്രെ!......

മനസ്സിൽ അടങ്ങിക്കിടന്ന കൊടുങ്കാറ്റു വീണ്ടും ഉണർന്നു ചീറിയടിക്കാൻ തുടങ്ങി. കേശവൻ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. ഞാൻ ഒന്നും കേട്ടില്ല. കാറ്റിന്റെ ഇരമ്പം മാത്രം. ഗ്ലാസ്സു താഴെ വെച്ചു ജാലകത്തിന്നടുത്തേക്കു നടന്നു. മഞ്ഞിന്റെ കനം കുറച്ചുകൊണ്ട് വെയിൽ കുറച്ചുകൂടി മൂത്തിട്ടുണ്ട്. കുളത്തിന്റെ ഇടത്തെ കര ശൂന്യമായി രുന്നു. കിഴവൻ ഇരിക്കുന്നതായി കണ്ട സ്ഥലത്ത് വെറും പുല്ലുകൾ, ഉയരമുള്ള പുല്ലുകൾ, കാറ്റത്ത് ആടിക്കളിച്ചു. അപ്പോൾ ഞാൻ കണ്ടത്?

കുളത്തിന്നു മുകളിൽ ഒരേ ഉയരത്തിലുള്ള മഞ്ഞക്കെട്ടിടങ്ങളാണ്. അതിനും മുകളിൽ തെളിഞ്ഞു വരുന്ന ആകാശം. ആകാശത്തിൽ വിദൂരതയിൽ പറന്നു കളിക്കുന്ന പക്ഷികൾ! അവ പരുന്തുകളാണോ?

# ശിശിരം

**ഘ**ടികാരത്തിന്റെ ചെറിയ സൂചി മുന്നിലേക്കു തിരിഞ്ഞപ്പോൾ വിജയൻ എഴുതിക്കൊണ്ടിരുന്ന രജിസ്റ്ററിൽ നിന്നു തലയുയർത്തി നോക്കി. ഓഫീസ് സാധാരണ മട്ടു തന്നെ. ചുറ്റും സ്വന്തം പ്രവൃത്തികളിൽ വ്യാപൃത രായിരിക്കുന്ന ജോലിക്കാർ. ആരും ശ്രദ്ധിക്കുന്നില്ല. വിജയൻ പതുക്കെ കസേരയിൽ നിന്നെഴുന്നേറ്റു. രണ്ടു ഫയ ലുകൾ മേശമേൽ തുറന്നിട്ടു. മേശ കണ്ടാൽ ആരും താൻ ഓഫീസിലില്ലെന്നു പറയില്ല. ചുറ്റുപാടും നോക്കിക്കൊണ്ടു വാതിലിന്നടുത്തേക്കു നടന്നു. വാതിലിന്നടുത്താണ് സ്വീകരണമുറി. കണ്ണാടിക്കൂ ട്ടിൽ ഇരിക്കുന്ന ആംഗ്ലോ ഇന്ത്യൻ സുന്ദരി കണ്ടാൽ കുഴപ്പമാണ്. ഡയറക്ടറുടെ അടുത്തുവരെ എത്തും ആക്ഷേപം. അവളെ വളയ്ക്കാൻ ഇതുവരെ തരപ്പെട്ടിട്ടില്ല. ദിവസവും രാവിലെ ചെന്ന് നീ ചന്തക്കാരിയായിട്ടുണ്ടല്ലോ എന്ന ദിവ്യമന്ത്രം ഉരുവിട്ടാൽ മതി. പക്ഷേ, മനസ്സുവരുന്നില്ല. അവൾക്ക് അല്ലെങ്കിലേ തന്നെപ്പറ്റി നല്ല അഭിപ്രായമില്ല. ഒരു സ്വപ്നാടകൻ എന്നാണു വിളിക്കാറ്. പണ്ടൊരിക്കൽ എന്തോ ആവർത്തിച്ചു ചോദിച്ചിട്ടും മറുപടി പറഞ്ഞില്ലെന്നാണ് ആവലാതി. ഏതായാലും സുന്ദരി, സ്വപ്നം കണ്ടിരുന്നെങ്കിൽത്തന്നെ, അതു നിന്നെക്കുറിച്ച് ആയിരിക്കയില്ല തീർച്ച.

അവൾ തിരിഞ്ഞിരുന്ന്, കൈസഞ്ചിയി ൽ നിന്നു വട്ടത്തിലുള്ള ചെറിയ കണ്ണാടി എടുത്തു മുഖസൗന്ദര്യത്തിന്റെ തൽക്കാല നിലവാരം തിട്ടപ്പെടുത്തുകയാണ്. ഇല്ല, ഒന്നും ചോർന്നു പോയിട്ടില്ല. ഇതാണവസരം! സ്വാതന്ത്ര്യത്തിലേ ക്കുള്ള കുതിക്കലിൽ പിന്നെ എത്തുന്നതു ലിഫ്റ്റിന്റെ അഴികൾക്കു മുമ്പിലാണ്. അഴികൾ മാത്രം. ലിഫ്റ്റ് താഴത്താണ്. മുകളിലേക്കു വരാനുള്ള ബെൽ അമർത്തിക്കൊണ്ടു വിജയൻ ആശ്വസിച്ചു. മുമ്പെല്ലാം ലിഫ്റ്റ് വേറൊരു തടസ്സമായിരുന്നു. ലിഫ്റ്റുകാരൻ പണ്ഡിറ്റ്ജി തരം കിട്ടുമ്പോഴെല്ലാം കുരച്ചു ചാടിയിരുന്നു. ഇക്കഴിഞ്ഞ ദുർഗ്ഗാപൂജയ്ക്ക് രണ്ടു രൂപ ബക്ഷീസ് കൊടുത്തു. ഇപ്പോൾ മുരളുകയേ ഉള്ളു.

'രാം, രാം!'

'രാം, രാം.' ലിഫ്റ്റിന്നുള്ളിൽ കടന്നു. വിജയൻ അത്ഭുതപ്പെട്ടു. രണ്ടു രൂപയ്ക്ക് ഇത്ര വിലയോ?

താഴെ ഇന്ത്യാ എക്സ്ചേഞ്ച് പ്ലേസ് വിലങ്ങനെ കിടക്കുന്നു. മറുവശത്ത് ഓഹരി വിപണിയിൽ നിന്ന് ഉയരുന്ന അട്ടഹാസങ്ങൾ. വല്ല ഷെയറും നിലം പൊത്തിയിട്ടുണ്ടാകും. വലത്തു വശത്തു റോഡ് ചെന്നവസാനിക്കുന്നതും ഇന്ത്യാ എക്സ്ചേഞ്ചിൽത്തന്നെ. വലത്തോട്ടു തിരിഞ്ഞു നടന്നു. ബ്രാബൺ റോഡിലെ ബസ്സ് സ്റ്റോപ്പായിരുന്നു ലക്ഷ്യം. മഹാനഗരം നിരവധി ചക്രങ്ങളുള്ള ഒരു ഭീമയന്ത്രം പോലെ തിരിഞ്ഞുകൊണ്ടിരുന്നു. ഈ നിരന്തരമായ ചലനാത്മകത വിജയൻ ഇഷ്ടപ്പെട്ടു. നടപ്പാതകളിൽ രോമവസ്ത്രങ്ങൾ വില്ക്കുന്ന പതിമൂക്കന്മാരായ നേപ്പാളികൾ. അവർ എല്ലാക്കൊല്ലവും ഇക്കാലത്തു ഹിമാലയ സാനുക്കളിൽ നിന്ന്, തണുപ്പിന്റെ ഭാണ്ഡക്കെട്ടുകളും തോളിലേന്തി വരാറുണ്ട്.

റോഡിൽ വാഹനങ്ങളുടെ അലമുറ. അതിനിടയിൽക്കൂടി ജനങ്ങളുടെ അവിരാമമായ പ്രയാണം. ഇതാണു താൻ സ്നേഹിച്ചു തുടങ്ങിയ നഗരം; വിജയൻ ഓർത്തു; തന്റെ കാമുകി.

മുപ്പത്തിരണ്ടാം നമ്പർ ബസ്സിൽ കയറിയിരുന്നപ്പോഴും വിജയൻ അതു തന്നെയായിരുന്നു ആലോചിച്ചിരുന്നത്. താൻ ഈ നഗരത്തെ എത്രമാത്രം സ്നേഹിക്കുന്നു! അതിന്റെ തിരക്കും പടയും. പൊടി നിറഞ്ഞ അന്തരീക്ഷം. അതിൽ കാലാവസ്ഥ വരുത്തുന്ന മാറ്റങ്ങൾ. ദുസ്സഹവും ദീർഘവുമായ വേനല്ക്കാലം. ബസ്സുകളിൽ വിയർത്തൊഴുകുന്ന പ്രഭാതങ്ങൾ. പൊടിയണിഞ്ഞ പ്രദോഷങ്ങൾ. നടുവിൽ ഒരു തീച്ചൂളപോലെ തീക്ഷ്ണമായ പകൽ. അതിനിടയ്ക്ക് ഒരു ദിവസം മഴ, ഒരു അപരിചിതനെപ്പോലെ സംശയിച്ചു കടന്നു വരുന്നു. പുറത്തു പേമാരി നിരത്തുകളെ തോടുകളും പുഴകളുമാക്കുമ്പോൾ, വീട്ടിനകത്തു വിയർപ്പ് ദേഹത്തിൽ കൊച്ചരുവികൾ ഉണ്ടാക്കുകയായിരിക്കും. ഓഫീസ് ദിവസങ്ങളിൽ മഴ വൈകുന്നേരമേ ഉണ്ടാകൂ. രാവിലെ ഓഫീസ്സിലേക്കു പുറപ്പെടുമ്പോൾ ആകാശം ഒരു വികൃതിക്കുട്ടിയെപ്പോലെ കള്ളച്ചിരി പാസ്സാക്കുന്നു. പൊതിഞ്ഞു കൈയിലെടുത്ത മഴക്കോട്ടു തിരിച്ച് അലമാരിയിൽ ത്തന്നെ വെച്ച്, പ്രകൃതിക്കു നന്ദി പറഞ്ഞ് ഓഫീസിലേക്കു തിരിക്കുന്നു.

വൈകുന്നേരം വരെ ഗുഹപോലെയുള്ള ഓഫീസിൽ ഇരുന്ന് കൃത്രിമ വെളിച്ചത്തിൽ പുറമെ നടക്കുന്ന തെന്തെന്നറിയാതെ ജോലി ചെയ്യുന്നു. ഘടികാരത്തിന്റെ കൈകൾ അഞ്ചിലേക്കും പന്ത്രണ്ടിലേക്കും ചൂണ്ടുമ്പോൾ പെൻ താഴെ വെച്ചു പുറത്തിറങ്ങുന്നു. താഴെ നിരത്തിനു പകരം കാണുക ഒരു പുഴയാണ്. അപ്പോൾ മനസ്സിലാകുന്നു, പകൽ മുഴുവൻ മഴ പെയ്യുകയായിരുന്നു. ഗതാഗതം നിലച്ചിരിക്കുന്നു. ആദ്യം നില്ക്കുക ട്രാമുകളാണ്. അവ വരിവരിയായി ഒന്നിനു പുറകെ മറ്റൊന്നായി നിരത്തുകളിൽ അടിഞ്ഞു കൂടുമ്പോൾ ഇടയ്ക്കും തലയ്ക്കുമായി മുമ്പിലൂടെ ഇരച്ചു പോകുന്ന ബസ്സുകളുടെയും ടാക്സികളുടെയും പിറകിൽ മനുഷ്യർ ഓടുന്നു. മഴ നിന്ന ആകാശത്തിൽ മേഘങ്ങളെന്ന പോലെ, ബസ്സുകൾ ദുർല്ലഭമായി വന്നു ക്രമേണ നിരത്തുകൾ ശൂന്യമാകുന്നതു കാണുമ്പോൾ വെള്ളത്തിലൂടെ തുഴഞ്ഞു നടക്കുന്ന പുരുഷാരത്തിന്റെ ഒപ്പം കൂടുന്നു. പീടികകളുടെ നിയോൺ സൈൻബോർഡുകളുടെ നിഴൽ വെള്ളത്തിലുണ്ടാക്കുന്ന ചായക്കൂട്ടു ശ്രദ്ധിച്ചു വീട്ടിലേക്കു നടക്കുന്നു.

പിറ്റേദിവസം വീണ്ടും പഴയ മട്ടിൽ പൂർവ്വാധികം ഉഗ്രമായ ചൂടായി. ഇക്കാലത്തു മനുഷ്യനുള്ള ഒരേയൊരു ആശ്വാസം കുറച്ചു മാസങ്ങൾ കഴിഞ്ഞാൽ ഇതൊന്നവസാനിച്ചു മനുഷ്യനെയും പ്രകൃതിയെയും ഒരു പോലെ കുളിർപ്പിക്കുന്ന ശിശിരകാലം വരുമെന്നാണ്. അങ്ങനെ കാത്തു കാത്ത് അവർ ജീവിക്കാൻ മറക്കുന്നു. അവസാനം ശീതകാലമെത്തി, തിരിഞ്ഞു നോക്കുമ്പോൾ മനസ്സിലാകുന്നു, വേനൽക്കാലം ജീവിക്കാതെ തന്നെ കഴിച്ചുകൂട്ടി. പിന്നെ ഒരു തിരക്കാണ്. ശീതകാലം നവംബർ അവസാനം മുതൽ മാർച്ചു വരെ നീണ്ടു നില്ക്കുന്നു. ഈ ചുരുങ്ങിയ

കാലത്തിനുള്ളിൽ ഒരു പുരുഷായുസ്സു മുഴുവൻ ജീവിച്ചു തീർക്കണമെന്നു തോന്നും.

ദക്ഷിണേശ്വരത്തു ബസ്സു നിന്നപ്പോൾ വിജയൻ പുറത്തിറങ്ങി, ചുറ്റും നോക്കി. ശാന്തമായ ഭൂപ്രകൃതി. ബസ്സിൽ നിന്നിറങ്ങിയ ആൾക്കാർ മുഴുവൻ ചുറ്റിലും നിന്നു ശബ്ദമുണ്ടാക്കിയിരുന്നുവെങ്കിലും ഒരു ഗാംഭീര്യമുള്ള നിശ്ശബ്ദത അവിടം മുഴുവൻ നിറഞ്ഞു നിന്നിരുന്നു. ഈ ശാന്തതയാണോ തന്നെ ഇടയ്ക്കിടയ്ക്കു തിരക്കു പിടിച്ച നഗര ഹൃദയത്തിൽ നിന്ന് ഓടിവരാൻ പ്രേരിപ്പിക്കുന്നത്? ആയിരിക്കാം.

ബസ്സിൽനിന്ന് ഇറങ്ങിയവർ മുഴുവൻ അമ്പലത്തിലേക്കുള്ള റോഡിലേക്കു തിരിഞ്ഞു. വിജയൻ സംശയിച്ചില്ല. തനിക്കുള്ള വഴി ഇടത്തു വശത്താണ്. വിവേകാനന്ദപ്പാലത്തിലേക്ക് ഓടിക്കയറുന്ന റോഡിലൂടെ നടക്കുമ്പോൾ വിജയൻ ഓർത്തു: തുടർച്ചയായി മൂന്നാമത്തെ ദിവസമാണു താൻ ഇവിടേക്കു വരുന്നത്. എല്ലാ കൊല്ലവും താൻ ഇവിടേക്കു വരാറുണ്ട്, നവമ്പർ മദ്ധ്യത്തിൽ. അവൾ ഇന്ന് എന്തായാലും വരാതിരിക്കില്ല.

പാലം, തീവണ്ടിക്കും ബസ്സുകൾക്കും ഒരേ സമയം പോകാൻ തക്കവണ്ണം ഉണ്ടാക്കിയതാണ്. നടുവിൽ റെയിലുകൾ, രണ്ടു വശത്തും വാഹനങ്ങൾക്കു പോകാനുള്ള നിരത്തുകൾ, അതിനും പുറത്തു രണ്ടു വശത്തും നടപ്പാതകൾ, വിജയൻ നടപ്പാതയ്ക്ക് ഓരം ചേർന്നു നടന്നു, പാലത്തിന്റെ നടുവിൽ എത്തും വരെ. അവൾ ഇന്നു വരാതിരിക്കില്ല. പക്ഷേ, മുകളിൽ ആകാശം ഒരു ലാഞ്ഛനയും തരാതെ തന്നെ നിന്നു. ചുവട്ടിൽ കലങ്ങി മദിച്ചൊഴുകുന്ന ഭാഗീരഥിയാണ്. അയാൾ ഹുഗ്ലിയെന്ന പേർ വിളിക്കാൻ ഇഷ്ടപ്പെട്ടില്ല. ആ പേർ കേൾക്കുമ്പോൾ ഓർമ്മ വരിക, നഗരത്തിന്റെ വൃത്തികേടുകൾ മുഴുവൻ പേറുന്ന ഒരു ദാസിയെയാണ്. പക്ഷേ, ഭാഗീരഥി പരിപാവനയാണ്. ദക്ഷിണേശ്വര ക്ഷേത്രത്തിന്റെ പടവുകളെ കഴുകുന്ന ഭാഗീരഥി, മറുവശത്ത് വിവേകാനന്ദ മഠത്തിന്റെ പരിപാവന തീരത്തെ മണ്ണ് തൊട്ടു നെറുകയിൽ വെയ്ക്കുന്ന ഭാഗീരഥി.

ഹൗറപ്പാലത്തിനു മുകളിൽ നിന്നു നോക്കുമ്പോൾ വിജയന്ന് ഒരിക്കലും ഭാഗീരഥിയെന്ന പേർ ഓർമ്മ വരില്ല. ഒരേ നദിക്കുതന്നെ നാലു നാഴികദൂരം ഒഴുകുമ്പോൾ വരുന്ന പരിണാമം അത്ഭുതകരമായിരിക്കുന്നു.

ദൂരെ, നദിയിൽ കൂട്ടിക്കെട്ടിയ മൂന്നു വഞ്ചികൾ ഒഴുകി വരുന്നു. നടുവിലുള്ള വലിയ വഞ്ചിയാണ് മറ്റു രണ്ടു ചെറിയ വഞ്ചികൾക്കു കൂടി ജീവൻ നല്കുന്നത്. അതിന്റെ തടിച്ചു കറുത്ത പുകക്കുഴലിൽ നിന്നു വരുന്ന പുക നിമിഷം കൊണ്ട് ആകാശത്തിൽ അലിഞ്ഞു നീലയാകുന്നു. ചെറിയ കൊതുമ്പു വള്ളങ്ങളിൽ മുക്കുവർ മത്സ്യം പിടിക്കുന്നു. താഴെ ഒരു വലിയ റൂയി മത്സ്യം ചാടി. നദിയുടെ ഇടത്തെ കരയിൽ പുക തുപ്പുന്ന വമ്പിച്ച കുഴലുകളുള്ള തൊഴിൽ ശാലകളാണ്.

ശിശിരത്തിനു വഴി കൊടുക്കാനായി സൂര്യൻ തന്റെ പന്ഥാവിൽ നിന്നു മാറി, ദക്ഷിണായനം ആരംഭിച്ചു. പ്രചണ്ഡനായിരുന്ന അദ്ദേഹം ഇപ്പോൾ പശ്ചാത്താപത്തിന്റെ ശീതള മേഖലയിലേക്കു മാറുകയാണ്.

പക്ഷേ, അവൾ ഇതുവരെ വന്നില്ല. വിജയൻ നെടുവീർപ്പിട്ടു. തന്റെ ദേഹത്തിലെ ഓരോ സെല്ലുകളും ഈഷൽക്കമ്പിതങ്ങളായി അവളെ എതിരേല്ക്കാൻ മുമ്പോട്ടായുന്ന പോലെ തോന്നി. ഇന്നും നിരാശനായി മടങ്ങേണ്ടി വരും. അതു മനസ്സിടിവുണ്ടാക്കുന്നതായിരുന്നു. അയാൾ പാലത്തിന്റെ റെയിലിംഗ് പിടിച്ച് ആകാശത്തിലേക്കു നോക്കി. മേഘങ്ങളില്ല. കുറച്ചകലെ ദക്ഷിണേശ്വരത്തിലെ ശിവക്ഷേത്രങ്ങൾ. അവയ്ക്കു നടുവിലാണ് കാളിക്ഷേത്രം.

പെട്ടെന്നാണ്! വിജയൻ കോരിത്തരിച്ചു പോയി. കണ്ണടച്ചിരിക്കുമ്പോൾ അറിയാതെ വന്ന് ആശ്ലേഷിക്കുന്ന ഒരു കാമിനിയെപ്പോലെ കുളിർ തെന്നൽ വിജയനെ തലോടി. ഹിമാലയത്തിന്റെ മഞ്ഞണിഞ്ഞ ശൃംഗങ്ങളെ ചുംബിക്കുക കാരണം ശീതളമായ ചുണ്ടോടു കൂടി മനോജ്ഞയായ കാറ്റ്; ശൈശവകാല സ്മരണകൾ ഒരു പൂമൊട്ടിന്റെ ദളങ്ങളെപ്പോലെ വിടർത്തുന്ന കാറ്റ്; വേനലിന്റെ തപ്തനിശ്വാസങ്ങളെ തണുപ്പിച്ചാശ്വസിപ്പിക്കുന്ന കുളുർകാറ്റ്. അവസാനം അവൾ വന്നു. വിജയൻ മുഖമുയർത്തി, മൂക്കു വിടർത്തി, കൈകൾ ഉയർത്തി നിന്നു, ആലിംഗനം ചെയ്യാൻ; വടക്കൻ കാറ്റ് ഒരു ലാവണ്യ വിഗ്രഹമാണെന്ന പോലെ.

ഇനി കുറെക്കാലത്തേക്കു സുഖമാണ്. വിജയൻ ആലോചിച്ചു. തണുത്തുവരണ്ട കാറ്റ്, കൽക്കത്തയിലെ നഗരവീഥികളിലൂടെ, കെട്ടിടങ്ങളുടെ ഇടവഴികളിലൂടെ, മട്ടുപ്പാവുകൾക്കു മുകളിലൂടെ ഒഴുകുമ്പോൾ, രോമവസ്ത്രങ്ങളും ധരിച്ചു മദ്ധ്യാഹ്ന ത്തിലെ ഇളംചൂടു മാത്രം തരുന്ന വെയിലേറ്റു തടാക തീരത്തും, എസ്പ്ലനേഡ് മൈതാനത്തും നടക്കാം. വിക്ടോറിയ മെമ്മോറിയലിന്റെ പുൽത്തകിടിയിൽ മലർന്നു കിടന്ന്, സ്വച്ഛമായ നീലാകാശത്തിൽ കണ്ണും നട്ടു മനോരാജ്യം വിചാരിക്കാം. ബൊട്ടാണിക്കൽ ഗാർഡനിലെ, നിഴലുകളും വെളിച്ചവും മാറി മാറി പതിക്കുന്ന നടപ്പാതകളിൽ സ്വയം മറന്നു മണിക്കൂറുകൾ ചെലവഴിക്കാം.

പെട്ടെന്നു പാലം കോരിത്തരിച്ചു. പച്ച നിറമുള്ള ഒരു ഇലക്ട്രിക്കു വണ്ടി പാലം കുലുക്കിക്കൊണ്ടു കടന്നു പോയി. അതു വിജയന്റെ സ്വപ്നാവസ്ഥയെ ഒന്നു കുലുക്കി. പക്ഷേ, മനസ്സിൽ ഒരു താളലയം ഉണ്ടാക്കിത്തീർക്കുകയും ചെയ്തു. ഒരു ഉത്തേജനം കിട്ടിയ പോലെ അയാൾ തിരക്കിട്ടു നടന്നു. മനസ്സു നിറയെ ശിശിര കാലസംഗീതത്തിന്റെ അലകൾ. അവസാനം അവൾ വന്നു. എന്നെ ആശ്ലേഷിക്കാൻ, ചുംബിച്ച് ശൈശവകാല സ്മരണകളുണർത്താൻ, ഒരു പൂമൊട്ടിന്റെ ദളങ്ങളെയെന്ന പോലെ.

യാന്ത്രികമായി ബസ്സിൽ കയറി. ചുറ്റും എന്തൊക്കെയാണു നടക്കുന്നതെന്ന് അയാൾ അറിഞ്ഞില്ല. മനസ്സു നിറയെ സംഗീതമായിരുന്നു. ബസ്സിന്റെ മുരൾച്ച ആ സംഗീതത്തിന്നു പശ്ചാത്തലമിട്ടു. ബസ്സ് നഗരവീഥികളിൽക്കൂടി കുതിച്ചു. നഗരത്തിന്റെ ഓരോ ശബ്ദവും മനസ്സിൽ അനുരണനം സൃഷ്ടിച്ചു. ആ താളലയത്തിൽ വീണ്ടും ബ്രാബൺ റോഡിൽ എത്തിയതറിഞ്ഞില്ല. യാന്ത്രികമായി ത്തന്നെ ബസ്സിൽ നിന്നിറങ്ങി നടന്നു. ലിഫ്റ്റ്മാൻ തന്ന അഭിവാദ്യം വിജയൻ കണ്ടില്ല. മുകളിൽ അന്വേഷിക്കുന്ന കണ്ണുകളും ഡയറക്ടറുടെ ദേഷ്യം കൊണ്ടു തുടുത്ത മുഖവും അയാൾ ശ്രദ്ധിച്ചില്ല. ചുറ്റും ശിശിര കാലത്തിന്റെ സംഗീതമാണ്.

**ഉള്ളടക്കത്തിലേയ്ക്ക്**

# ഇരുട്ടിലൂടെ

**ബോ**ധം വന്നപ്പോൾ മരുന്നുകളുടെ മണം കൊണ്ടു താൻ ആശുപത്രിയിലാണെന്നു ശോഭനയ്ക്കു മനസ്സിലായി. അതോടെ മേലാകെ വേദനയും തുടങ്ങി. അതു ദേഹത്തിൽ എവിടെ നിന്നാണു വരുന്നതെന്നറിയില്ല.

കണ്ണു തുറന്നപ്പോൾ ആദ്യം കണ്ടതു വെളുത്ത ചുമരാണ്. പിന്നെ മുകളിൽ സാവധാനത്തിൽ കറങ്ങുന്ന പങ്കയും. കട്ടിലിന്റെ വലതു വശത്ത് ഒരു സ്റ്റാന്റിൽ വെള്ളം നിറച്ച ഒരു കുപ്പി തലകീഴായി തൂക്കിയിട്ടിരിക്കുന്നു. അതിൽ നിന്നു താഴത്തേക്കു തൂങ്ങിക്കിടക്കുന്ന ചുവന്ന റബർക്കുഴൽ എവിടേക്കാണു പോകുന്നത്? ശോഭനയ്ക്ക് അതു നോക്കണം എന്നുണ്ട്. പക്ഷേ കിടന്ന കിടപ്പിൽ നിന്നു തിരിയാൻ വയ്യ വലത്തെ കൈ വേദനിക്കുകയാണ്. ഇളക്കാൻ കഴിയുന്നില്ല..... തനിക്കെന്തു പറ്റി?

ഇടതു വശത്താണു ജനൽ. അവൾ ജാലകത്തിലൂടെ നോക്കിയപ്പോൾ വെള്ളിമേഘശലാകകൾക്കിടയിലൂടെ വെളുത്ത കടൽക്കാക്കകൾ കൂട്ടമായി പറക്കുകയാണ്. അതിനു താഴെ കടലാണെന്നു ശോഭനയ്ക്കു മനസ്സിലായി. പക്ഷേ, അങ്ങനെ കിടക്കുമ്പോൾ അവൾക്കു കടൽ കാണാൻ കഴിഞ്ഞില്ല. ശോഭന കൺതിരിച്ചു. അപ്പോഴാണ് അതു കണ്ടത്. ജാലകത്തിലൂടെ വന്ന സൂര്യരശ്മികൾ നിലത്തു പതിഞ്ഞിരിക്കുന്നു. അതു കണ്ടപ്പോൾ അവൾക്ക് ഓർമ്മ വന്നതു വീട്ടിലെ തന്റെ മുറിയാണ്. അതോടെ അമ്മയെയും.

'ഹെന്റമ്മേ !'

പനിയായിക്കിടക്കുമ്പോഴെല്ലാം സാധാരണ നോക്കിയിരിക്കാറുള്ളതാണ്. ഉച്ചയായാൽ അമ്മ വന്നു ജനലുകൾ അടയ്ക്കും. ചൂടുകൊണ്ട് ഒന്നു മയങ്ങിപ്പോകും. പിന്നെ സമയം പറക്കുന്നത് അറിയില്ല. അമ്മയുടെ നേർ ത്ത ശബ്ദം കേട്ടാണ് ഉണരുക.

'മോളെ, പകലു കിടന്നുറങ്ങല്ലെ പനി ഏറും'

വളരെ ദൂരത്തു നിന്നു പറയുന്ന മാതിരിയാണു കേൾക്കുക. കേൾക്കുന്നുണ്ടെങ്കിലും ഉറക്കം നടിച്ചു കിടക്കും. അമ്മ അടുത്തുവന്നു നെഞ്ചി ലും നെറ്റിമേലും പതുക്കെ തലോടും. അപ്പോൾ വീണ്ടും ഉറങ്ങണമെന്നു തോന്നും. അമ്മ ജാലകത്തിന്റെ അടുത്തേക്കു നടക്കുന്ന പതിഞ്ഞ ശബ്ദം കേൾക്കാം. എത്ര ശബ്ദമുണ്ടാക്കാതെ സാവധാനത്തിലാണ് അമ്മ നടക്കുക. വളരെ ശ്രദ്ധിച്ചാലെ കേൾക്കുവാൻ കഴിയൂ. ജാലകപ്പാളികൾ തള്ളിത്തുറക്കുന്ന ശബ്ദം, പിന്നെ വെളിച്ചത്തിന്റെ സമുദ്രമാണ്. കണ്ണുകൾ ഇറുക്കി അടച്ചാലും അതിന്റെ അലകൾ ആദ്യം കണ്ണുകളെ വേദനിപ്പിക്കും.

'ഹായ്, എന്തു ചൂട്, നാലു മണിയായിട്ടും!......

അമ്മ ആരോടെന്നില്ലാതെ പറയും. കാലടികളുടെ ശബ്ദം അകന്നകന്നു പോകുമ്പോൾ കണ്ണു തുറക്കും. അപ്പോൾ അലസമായി, നിലത്തു വിരിഞ്ഞു കിടക്കുന്ന സൂര്യവെളിച്ചം നോക്കിക്കൊണ്ടിരിക്കും.

അമ്മ ഇടനാഴികയിൽ നിന്നു വിളിച്ചു പറയുന്നുണ്ടാകും.

മോളെ ഉറങ്ങല്ലെ.

ആ ശബ്ദം, ഇപ്പോഴും ആ മുറിയിൽ കിടക്കുകയാണെങ്കിൽ കേൾക്കാമെന്നു ശോഭനയ്ക്കു തോന്നി. അല്ലാ, അമ്മയോടൊപ്പം ആ നേരിയ ശബ്ദവും ഇല്ലാതായോ?

ഇപ്പോഴും, ഈ ആശുപത്രിയിൽ കിടക്കുമ്പോഴും, ജാലകത്തിലൂടെ വന്നു നിലത്തു വിരിഞ്ഞു കിടക്കുന്ന സൂര്യരശ്മികൾ കണ്ടപ്പോൾ വീട്ടിലെ തന്റെ മുറിയാണ് ഓർമ്മ വന്നത്, അമ്മയെയും.

അമ്മ! ശോഭനയ്ക്കു കരച്ചിൽ വന്നു. അമ്മ എവിടെയാണ്? അമ്മയെ കൊന്നില്ലേ! ഇനി കാണാൻ കഴിയുമോ, അമ്മയെ?

കണ്ണുനീരിനു നല്ല ചൂടുണ്ടായിരുന്നു. അതു കവിളിലൂടെ ഒലിച്ചിറങ്ങുമ്പോൾ ശോഭനയ്ക്കു വളരെ അസുഖം തോന്നി. അപ്പോൾ ഭയങ്കരമായ തലവേദന അനുഭവപ്പെട്ടു. അതു തലയോടിന്റെ ഏതോ കള്ളിയിൽ നിന്നു പുറപ്പെട്ടു വരികയാണ്.

ഉമിനീരിനു നല്ല കൈപ്പുരസമുണ്ടായിരുന്നു. അതുകൊണ്ടു തൊണ്ടയിൽ വരൾച്ചയുണ്ടായിട്ടും അത് ഇറക്കാൻ ശോഭന ഇഷ്ടപ്പെട്ടില്ല. കുറച്ചു വെള്ളം കിട്ടിയാൽ നന്നായിരുന്നു. എത്ര സമയമായി ഇവിടെ കിടക്കുവാൻ തുടങ്ങിയിട്ട്? മനസ്സിലാവുന്നില്ല.

വാതിൽ ഒരു കർട്ടൻ കൊണ്ടു മറച്ചിരുന്നു. എന്നാലും അപ്പുറത്തു കൂടെ പോകുന്നവരുടെ കാലുകൾ കാണാമായിരുന്നു. എന്താണ് ആരും ഈ മുറിയിൽ വരാത്തത്?

പെട്ടെന്നു വെളുത്ത വസ്ത്രം ധരിച്ച ഒരു സ്ത്രീ കർട്ടൻ നീക്കി മുറിയിലേക്കു കടന്നു. അവർ ശോഭനയെ നോക്കി പുഞ്ചിരി തൂകി. അത് ഇഷ്ടപ്പെട്ടില്ലെങ്കിലും അവൾ ഒന്നും പറഞ്ഞില്ല. ഈ സ്ത്രീക്ക് അമ്മ ചിരിക്കുന്ന പോലെ ചിരിച്ചുകൂടെ?

'എങ്ങനെയുണ്ടു കുട്ടീ ഇപ്പോൾ?'

അവർ അടുത്തു വന്നു തന്റെ നെറ്റിമേൽ കൈവച്ച് തലയിൽ തടവി. താൻ കുട്ടിയല്ലെന്നും മൂന്നാം ക്ലാസ്സിൽ പഠിക്കുകയാണെന്നും പറയണമെന്നു ശോഭനയ്ക്കു തോന്നി. പക്ഷേ അവൾ വെള്ളം വേണമെന്നു മാത്രം പറഞ്ഞു.

സിസ്റ്റർ ഒരു ഔൺസ് ഗ്ലാസ്സിൽ എന്തോ വെള്ളം വായിൽ ഒഴിച്ചുതന്നു. അതിന്റെ രുചി എന്താണെന്നു മനസ്സിലാക്കാൻ ശോഭനയ്ക്കു കഴിഞ്ഞില്ല. എനിക്ക് ഇപ്പഴും പനിക്കുന്നുണ്ട്. അവൾ വിചാരിച്ചു.

വായിൽ തെർമോമീറ്റർ വച്ചു സിസ്റ്റർ തന്റെ കൈത്തണ്ടു പിടിച്ചിരിക്കുകയാണ്. ശോഭന അവരുടെ മുഖത്തു നോക്കി. അവർ വെളുത്ത ഒരു സ്ത്രീയായിരുന്നു. പക്ഷേ അവരുടെ മൂക്കിനടുത്തുള്ള ഒരു അരിമ്പാറ കാരണം ശോഭനയ്ക്ക് അവരെ ഇഷ്ടപ്പെട്ടില്ല.

സിസ്റ്റർ വാച്ചുനോക്കി, തന്റെ വായിൽനിന്ന് തെർമോമീറ്ററെടുത്തു. അപ്പോൾ സമയമെത്രയായെന്നു ചോദിക്കണമെന്നു ശോഭന വിചാരിച്ചു. ഒരുപക്ഷേ നാലുമണിയായിട്ടുണ്ടാകും. പനി ആകുമ്പോൾ എത്ര വേഗമാണു വൈകുന്നേരമാകുന്നത്? ഇന്നു രാവിലെ എന്തു പറ്റി? ഇന്നു എഴുന്നേറ്റതായി ഓർമ്മിക്കുന്നില്ല. എന്റെ തലയ്ക്കു എന്തോ സാരമായി പറ്റിയിട്ടുണ്ട്.

സിസ്റ്റർ തെർമോമീറ്ററും മറ്റും മുറിയുടെ ഒരു മൂലയിലുള്ള ടീപ്പോയിമേൽ കൊണ്ടുപോയി വച്ചു. അവിടെ ഒരു ടേബിൾ കലണ്ടർ ഇരിക്കുന്നുണ്ട്. വീട്ടിൽ അച്ഛന്റെ മേശപ്പുറത്തുള്ള ടേബിൾ കലണ്ടർ ശോഭനയാണു തിരിച്ചു വയ്ക്കുക. ഈ കലണ്ടറിൽ 30-ാംതീയതി ആക്കി വച്ചിട്ടുണ്ട്. ഇന്ന് 29-ാംതീയതിയല്ലെ. 28-ാംതീയതിയാണു പരീക്ഷ കഴിഞ്ഞത്. അത് ഇന്നലെയായിരുന്നില്ലെ? അതോ മിനിഞ്ഞാന്നോ? അപ്പോൾ താൻ ഒരു ദിവസം മുഴുവൻ കിടന്നുറങ്ങിയോ? ആരാണു തന്നെ ആശുപത്രിയിൽ കൊണ്ടു വന്നത്? അച്ഛനെവിടെ?

സിസ്റ്റർ തിരിച്ചു വന്നു ഒരു തണുത്ത സഞ്ചി തന്റെ തലയ്ക്കടുത്തു വച്ചു. യൂഡികോളോൺ ഒരു പഞ്ഞിയിലെടുത്തു നെറ്റിമേൽ തുടച്ചു തന്നപ്പോൾ നല്ല തണുപ്പു തോന്നി.

'അച്ഛൻ എവിടെയാണ്?'

അവൾ ചോദിച്ചു.

'ഏ?' സിസ്റ്റർ തല താഴ്ത്തിക്കൊണ്ടു ചോദിച്ചു.

'അച്ഛനേയ്, എവിട്യാണ്?'

'ഇതുവരെ ഇവിടെ ഉണ്ടായിരുന്നു. രണ്ടു ദിവസമായി പാവം അച്ഛൻ ഉറങ്ങിയിട്ട്. മോളുടെ അടുത്തിരിക്ക്യായിരുന്നു. ഇപ്പോൾ പുറത്തുപോയിരിക്ക്യാണ്. അഞ്ചുമണിക്കു വരും...

സിസ്റ്റർ പറഞ്ഞതു മുഴുവൻ ശോഭന കേട്ടില്ല. പക്ഷേ അച്ഛൻ അഞ്ചു മണിക്കു വരുമെന്നു മാത്രം മനസ്സിലായി.

സിസ്റ്റർ പോയപ്പോൾ ശോഭന വീണ്ടും ആലോചിച്ചു. ആരാണു തന്നെ ഇവിടെ കൊണ്ടുവന്നത്? താൻ എന്നാണ് ഇവിടേക്കു വന്നത്? ഇന്നലെയാണോ? അതോ മിനിഞ്ഞാന്നോ?

ഇന്നലെയെക്കുറിച്ചോർത്തപ്പോൾ മനസ്സിലേക്ക് എന്തൊക്കെയോ തള്ളി വരുന്നു. ഒന്നും വ്യക്തമല്ല. തീ ആളിക്കത്തുകയാണ്. അതിനിടയിൽ നിന്നു തന്നെ നോക്കി വിളിക്കുന്നത് ആരാണ്? അമ്മയാണോ? അതോ വല്യമ്മയോ? പശുക്കുട്ടിയുടെ കരച്ചിൽ. 'ഇരുട്ടായാൽ അതിനു പേടിയാവും മോളെ. നീ അതിനെ ഒന്നഴിച്ചു കൊണ്ടുവാ......' അതാരാണു പറയുന്നത്? അമ്മയല്ലെ? 'എനിക്കു വയ്യാഞ്ഞിട്ടല്ലേ മോളെ.'

പക്ഷേ അന്നു തനിക്കും ഒട്ടും വയ്യായിരുന്നു. പരീക്ഷ കഴിഞ്ഞു, സ്ക്കൂൾ പൂട്ടിയ മെമ്മോ ക്ലാസ്സിൽ വായിച്ചു.

'ഇനി സുഖായി. അല്ലെ? രണ്ടുമാസം കളിച്ചുനടക്കാം.' അതു ജാനകി ടീച്ചറായിരുന്നു.

ഇനി പോകാം, രണ്ടുമാസം കളിച്ചു നടക്കാം. വല്ലാത്ത തലവേദന. സമയം നാലര മണിയായിരുന്നു. പാടത്തെത്തിയപ്പോൾ ഉണങ്ങിയ കാറ്റു മുഖത്തു വന്നടിച്ചു. പാടത്ത് അപ്പോഴും വെയിൽക്കീറുകൾ പാറിക്കളിച്ചിരുന്നു. ആകാശത്തിൽ വെള്ളി മേഘങ്ങളും.

ശോഭന ആരെയും കാത്തു നിന്നില്ല. എനിക്കു വയ്യ. അവൾ വിചാരിച്ചു. ആരെങ്കിലും ഒപ്പമുണ്ടായാൽ അവർ സംസാരിച്ചു തലവേദന അധികമാകും. പ്രത്യേകിച്ചു മാലതി ഒപ്പമുണ്ടായാൽ ശരിയായി. ആ കുട്ടിക്ക് ഒരു നിമിഷം വായ് അടക്കിവെയ്ക്കാൻ കഴിയില്ല. ആ കുട്ടി അലക്സാണ്ടർ എന്നതിനു അലസ്കാണ്ടർ എന്നാണു പറയുക. ആ കുട്ടി പാസ്സാവില്ലെന്നു ശോഭനയ്ക്ക് ഉറപ്പുണ്ടായിരുന്നു. ക്ലാസ്സിൽ ടീച്ചർ ചോദ്യം ചോദിച്ചാൽ തന്നെ തോണ്ടി വിളിക്കും. ഉത്തരം പറഞ്ഞു കൊടുക്കാൻ.

ഒരാളെക്കുറിച്ചു തന്നെ ഓർക്കുമ്പോൾ തലവേദന അധികമാവുകയാണ്. ശോഭനയ്ക്കു വേഗത്തിൽ വീട്ടിലെത്തിയാൽ മതിയെന്നു തോന്നി. വീട്ടിൽ കാപ്പിയും പലഹാരവുമായി അമ്മ കാത്തിരിക്കുന്നുണ്ടാവും. പരീക്ഷ എങ്ങനെയുണ്ടായിരുന്നെന്നു ചോദിക്കും. പക്ഷേ, തനിക്കു സുഖമില്ല. ഒരു ഭാഗത്തു കിടക്കുകയാണു വേണ്ടത്.

ആലോചിച്ചു നടന്നപ്പോൾ വീട്ടിന്റെ പടിക്കൽ എപ്പോഴാണ് എത്തിയതെന്നറിഞ്ഞില്ല. ഉമ്മറത്ത് ആരും ഉണ്ടായിരുന്നില്ല. സ്ളേറ്റും പെൻസിലും മേശപ്പുറത്തിട്ടു ശോഭന അടുക്കളയിലേക്കോടി. അടുക്കളയിൽ ഇരുട്ടു വ്യാപിച്ചു തുടങ്ങിയിരുന്നു. അമ്മ ചുമരിന്റെ അരുകിൽ ഒരു ബഞ്ചിൽ ഇരുന്ന് എന്തോ നുറുക്കുകയാണ്.

'അമ്മേ കാപ്പി തരൂ.'

അമ്മ മുഖമുയർത്തി.

'ചെറിയമ്മ ഉണ്ടാക്കുന്നുണ്ട്. ഇപ്പോൾ ആവും. നീ അപ്പോഴേക്കു ആ പശുക്കുട്ടിയെ ഒന്നു അഴിച്ചു കൊണ്ടുവാ ഇരുട്ടായാൽ അതിനു പേടിയാവും.'

ശോഭനയ്ക്കു നിരാശ തോന്നി. ഇതിന്നാണോ. ഇത്ര ദൂരം നടന്നു വന്നത്. കാപ്പി കുടിച്ച് ഒരു ഭാഗത്തു കിടക്കണമെന്നു വിചാരിച്ചാണ് ഇത്ര വേഗം വന്നത്. എന്നിട്ട് ഇപ്പോൾ അമ്മ പറയുന്നതോ!

'എനിക്കു വയ്യ, ഉമ്മറപ്പടിമേൽ ഇരുന്നു കൊണ്ട് അവൾ പറഞ്ഞു. 'അമ്മപോയി കൊണ്ടുവന്നോളൂ വേണങ്കിൽ.'

'അമ്മയ്ക്കു വയ്യാഞ്ഞിട്ടു പറയ്യ്യല്ലെ.'

അവരുടെ സ്വരം വളരെ പരീക്ഷീണമായിരുന്നു. പക്ഷേ ആ സമയത്തു ശോഭന അതു ശ്രദ്ധിച്ചില്ല. ഇരുട്ടായതു കൊണ്ട് അവരുടെ മുഖവും നല്ലവണ്ണം കാണാനും കഴിഞ്ഞില്ല.

'അമ്മ നൊണ പറയ്യ്യാണ്, എനിക്കറിയാം' ശോഭന വാശിയോടെ പറഞ്ഞു. അമ്മ എന്റെ സുഖക്കേട് കാണുന്നി

ല്ലല്ലോ.
'അപ്പോൾ നീ പശുക്കുട്ടിയെ കൊണ്ടു വരില്ല, അല്ലെ?'
'ഇല്ല'
'അമ്മ മരിച്ചു പൊയ്ക്കോട്ടെ, അല്ലെ? അവർ ഒരു കിതപ്പോടെ എഴുന്നേറ്റു.
'ഞാൻ പോയി കൊണ്ടുവരാം. ശാരദേ കാപ്പിയായാൽ ഇവൾക്കു കൊടുത്തേയ്ക്കു.'
'ഏടത്തിക്കു ഭ്രാന്തുണ്ടോ' കാപ്പിയുണ്ടാക്കിയിട്ടു ഞാൻ പോയി കൊണ്ടുവരാം. 'ഏട്ത്തി ഈ സമയത്തു അതിനോടു മല്ലിടാൻ പോകണ്ടാ.'
അതു ചെറിയമ്മയായിരുന്നു.
'എനിക്കു വയ്യ. അമ്മ അടിവയർ തലോടികൊണ്ട് പറഞ്ഞു.' എനിക്ക് ഒരു ഭാഗത്തു കുറച്ചു കിടക്കണം.
ശോഭന അതു കേൾക്കാൻ നിന്നില്ല, അവൾക്ക് ദേഷ്യം പിടിച്ചിരുന്നു. എനിക്കു കാപ്പി വേണ്ട. വല്ലാത്തൊരമ്മ. മരിച്ചുപൊയ്ക്കോട്ടെ. എനിക്ക് ഇങ്ങനത്തെ ഒരമ്മ വേണ്ട. അവൾ മുറ്റത്തിറങ്ങി. പൂത്തറയിൽനിന്ന് ഒരു പിച്ചകപ്പൂ വറുത്തു വെറുതെ നടന്നു. കത്തിത്തീർന്ന അന്തിത്തിരികളുടെ വാസന അവൾക്കനുഭവപ്പെട്ടു.
കടുത്ത തലവേദന. പനി ഏറിയിരിക്കുന്നു. മേലാകെ പൊള്ളുന്നുണ്ട്. വേദനയും. ഛർദ്ദിക്കുവാൻ വരുന്നു. തല ചുറ്റുകയാണോ. ശോഭന തെല്ലുനേരം സംശയിച്ചു നിന്നു. കാപ്പി കുടിക്കണം. എന്നാൽ കുറച്ചാശ്വാസമുണ്ടാകും. മടങ്ങിയാലോ?...... വേണ്ട, എനിക്ക് അവരുടെ കാപ്പി വേണ്ട.
പറമ്പിൽ നിന്നു പശുക്കുട്ടിയുടെ കരച്ചിൽ കേട്ടു.
'ഇരുട്ടായാൽ അതിനു പേടിയാവും' ഇപ്പോൾ വാസ്തവത്തിൽ ഇരുട്ടിത്തുടങ്ങിയിരുന്നു. അതിനു പേടിയാകുന്നുണ്ടാവും. പക്ഷേ ശോഭനയ്ക്കു പേടിയില്ല. രണ്ടു മാസം മുമ്പു വല്യമ്മ മരിച്ചപ്പോൾ മാത്രം അവൾക്കു പേടി തോന്നിയിരുന്നു. അന്നു തെക്കേക്കണ്ടത്തിൽ രണ്ടു മൂന്നാൾ ഉയരത്തിൽ തീ കത്തിച്ചിരുന്നു. വല്യമ്മ മരിച്ചത് മുകളിൽ വടക്കേ അകത്തു നിന്നായിരുന്നു. മരിച്ചപ്പോൾ വല്യമ്മയെ ചുവന്ന ചവുക്കാളം കൊണ്ടു ദേഹമാസകലം മൂടി. അതാലോചിക്കുമ്പോൾ ശോഭനയ്ക്ക് ഇപ്പോഴും ഭയം തോന്നി.
പെട്ടെന്നവൾ അമ്മ പറഞ്ഞതോർത്തു.
'അമ്മ മരിച്ചോട്ടെ അല്ലെ?'
ശോഭനയ്ക്ക് ഒരു വിറയൽ അനുഭവപ്പെട്ടു. തലവേദന കഠിനമായിരിക്കുന്നു. അമ്മ മരിച്ചാൽ.........പിന്നെ അമ്മയെ കാണില്ല. അമ്മയെയും വല്യമ്മയെ ചെയ്തപോലെ തെക്കുഭാഗത്തു തീയിട്ടു ദഹിപ്പിക്കും. അവൾ ഭയത്തോടെ തെക്കെ പറമ്പിലേയ്ക്കു നോക്കി. നടുങ്ങിപ്പോയി. അവിടെ തീയെരിയുന്നുണ്ടായിരുന്നു. അത് അടുത്ത വീട്ടിൽ നിന്നാണോ? ആയിരിക്കയില്ല. എന്നാൽ അത് ഇത്ര അടുത്തായി കാണുമോ? തീ വല്ലാതെ ആളിക്കത്തുകയാണ്. അടുത്ത നിമിഷത്തിൽ അതു വലുതായി എല്ലാം വിഴുങ്ങും. തന്നെയും, അമ്മയെയും എല്ലാവരെയും അപ്പോൾ.... അമ്മ എവിടെയാണ്? ദേഹത്ത് ഒരു കുളിർ അനുഭവപ്പെട്ടു. എന്താണ് ചെയ്യേണ്ടത്. അവൾ വേഗം അടുക്കളയിലേക്കോടി. അവിടെ ഇപ്പോൾ ഒരു വിളക്കുകത്തിച്ചു വെച്ചിരുന്നു. അതിന്റെ വെളിച്ചത്തിൽ അമ്മ മുമ്പുണ്ടായിരുന്നിടത്തില്ലെന്നു ശോഭനയ്ക്കു മനസ്സിലായി.
'ചെറിയമ്മേ, അമ്മയെവിടെ?'
അവർ ഒന്നും മിണ്ടിയില്ല. ശോഭന അവരുടെ മുഖത്തു നോക്കി. അവർ കരയുകയാണോ? ഈ മങ്ങിയ വെളിച്ചത്തിൽ ഒന്നും മനസ്സിലാവുന്നില്ല.
'എവിടെയാണമ്മ, ചെറിയമ്മേ?'
'അവിടെ എവിടെയെങ്കിലുമുണ്ടാവും. കാപ്പി കാലായിട്ടുണ്ട്. ശോഭന.....'
അതു മുഴുവൻ കേൾക്കാൻ ശോഭന നിന്നില്ല. അമ്മ എവിടെയാണ്. അവൾ ഓരോ മുറിയിലും പോയി നോക്കി. ജാലകത്തിലൂടെ അപ്പോഴും അരണ്ട വെളിച്ചം മുറികളിലേയ്ക്കു പ്രവേശിച്ചിരുന്നു. അതുകൊണ്ടു ശോഭനയ്ക്ക് ഒഴിഞ്ഞു കിടക്കുന്ന എല്ലാ മുറികളും കാണാൻ കഴിഞ്ഞു. പക്ഷേ ഇടനാഴികയിൽ ഇരുട്ടായിരുന്നു. അതു പോലെ തന്നെ മച്ചിനകത്തും. പക്ഷേ അമ്മയെവിടെ. ശോഭന വേഗത്തിൽ കോണി കയറുവാൻ തുടങ്ങി. അവൾ ഉറക്കെ വിളിച്ചു:
'അമ്മേ!.....'
പക്ഷേ, മറുപടിയുണ്ടായില്ല. മുകളിൽ താഴത്തേക്കാൾ വെളിച്ചവുമുണ്ടായിരുന്നു. ശോഭന ഓരോ മുറിയിലും നോക്കി. അതാ അമ്മ കട്ടിലിൽ കിടക്കുന്നു. ഒരു ചുവന്ന ചവുക്കാളംകൊണ്ടു പുതച്ചിട്ടുണ്ട്. ഈ അമ്മയ്ക്കൊന്നു വിളി കേട്ടു കൂടെ? എന്താണിങ്ങനെ മിണ്ടാതെ കിടക്കുന്നത്? ഈ ചുവന്ന ചവുക്കാളം! മരിച്ചുപോയ വല്യമ്മയെ വീണ്ടും ഓർമ്മ വന്നു. വല്ല്യമ്മ അതിനടുത്ത മുറിയിലാണ് കിടന്നിരുന്നത്. അവൾക്കു തെക്കെക്കണ്ടത്തിൽ കത്തിയിരുന്ന തീ മുന്നിൽ കാണുന്നപോലെ തോന്നി. അപ്പോൾ.... .... വാസ്തവത്തിൽ അമ്മ മരിച്ചുവോ? അവൾ പൊട്ടിക്കരഞ്ഞു.
ഒരു ക്ഷണം ഭയം അവളെ കീഴടക്കി, ചുറ്റും ഇരുട്ടാണ്. ഇത്ര ക്ഷണം ഇരുട്ട് എവിടെനിന്നു വന്നു. എനിക്ക് തല ചുറ്റുന്നുണ്ട്. പ്രേതങ്ങൾ പിന്നാലെ വരുകയാണ്. അതിൽ വല്യമ്മയുടെയും, മരിച്ചുപോയ എല്ലാവരുടേയും പ്രേതങ്ങൾ ഉണ്ട്. അവ ചുറ്റും നൃത്തം വയ്ക്കുകയാണ്. തനിക്ക് ഓടി രക്ഷപ്പെടണം. ഛർദ്ദിക്കാൻ വരുന്നു. എവിടെയാണ് കോണി! ഇരുട്ടിൽ ഒന്നും കാണുന്നില്ലല്ലോ. തനിക്കു രക്ഷപ്പെടണം.
'അയ്യോ, അമ്മേ! !'
ശോഭനയ്ക്കു ഗോവണിയിലൂടെ ഉരുണ്ടിറങ്ങുന്നത് അനുഭവപ്പെട്ടു. എവിടെയോ വല്ലാത്ത വേദന. മുറിഞ്ഞിരി

ക്കുന്നു. തലയിലാണോ? തനിക്കൊന്നു തൊട്ടുനോക്കണം. പക്ഷേ താൻ ഉരുണ്ടു വീഴുകയാണ്. ഉറക്കം വരുന്നു. ഞാൻ ഉറങ്ങട്ടെ. ആരോ പിറുപിറുക്കുന്ന ശബ്ദം. കരയുകയാണോ? അമ്മയാണോ അത്. ആവാൻ വഴിയില്ല. അച്ഛനായിരിക്കും. ഉറക്കം വരുന്നു. ഞാൻ എവിടെയാണ്?

വീണ്ടും ആസ്പത്രയിലെ മരുന്നുകളുടെ മണം. തലവേദനയും, അതിനോടൊപ്പം കടുത്ത അപരാധബോധവും കിളുർത്തു വരികയാണ്.......ഞാനല്ല, അമ്മയെ കൊന്നത്. ഞാനെന്താണ് ചെയ്തത്? വാസ്തവത്തിൽ അമ്മ മരിച്ചുവോ? മരിച്ചിരിക്കുന്നു. ചുവന്ന ചവുക്കാളം കൊണ്ട് പുതച്ചുകിടക്കുന്നത് അവൾ വീണ്ടും മനസ്സിൽ കണ്ടു. അതോടെ അമ്മ പറഞ്ഞതും. 'അമ്മ മരിച്ചുപൊയ്ക്കോട്ടെ അല്ലെ?' ശോഭന മനസ്സിൽ പറഞ്ഞു. 'ഹെന്റെ അമ്മേ, അമ്മയെ ഇനി ഞാൻ കാണില്ലല്ലോ!!

'എന്തിനാ കുട്ടീ കരേണത്?'

നഴ്സാണ്.

ശോഭന ഒന്നും പറഞ്ഞില്ല. അവൾ തലതിരിച്ചുനോക്കി. ജാലകത്തിലൂടെ വരുന്ന സൂര്യരശ്മികൾ ഇപ്പോൾ വളരെ നീണ്ടു പോയിരുന്നു. സമയം ഇത്രയായോ? എപ്പോഴാണ് അച്ഛൻ വരുന്നത്?

'അച്ഛൻ എപ്പോഴാ വരാ?

'ഇപ്പോ വരും കുട്ടീ. വായ് തുറക്കൂ. ഞാൻ പനി നോക്കട്ടെ. ഇപ്പോൾ തലവേദനണ്ടോ.'

'കുറേശ്ശെ ഉണ്ട്. പിന്നെ അച്ഛൻ ഇപ്പോത്തന്നെ വര്വോ?'

'ഇപ്പോത്തന്നെ വരും, മോളെ കാണാൻ. വാ തുറക്കൂ....' അച്ഛൻ ഇപ്പോൾ വരും, ശോഭന വിചാരിച്ചു. അവൾ സന്തോഷിച്ചു. അച്ഛൻ വന്നാൽ അച്ഛന്റെ മടിയിൽ, കിടക്കാമല്ലോ, അച്ഛന്റെ കൈകൊണ്ടുള്ള തടവൽ അനുഭവിക്കാമല്ലോ, പക്ഷേ, അത് ഒരു നിമിഷനേരത്തേയ്ക്കു മാത്രമായിരുന്നു. ഒരു ഭയാനകമായ ചിന്ത അവളെ കിടിലം കൊള്ളിച്ചു. ഞാൻ കുറ്റക്കാരിയാണ്. അച്ഛന്റെ മുഖത്ത് എങ്ങിനെയാണ് നോക്കുക. അച്ഛൻ ചോദിക്കില്ലെ.

'നീ അമ്മയെ എന്താണ് ചെയ്തത്?'

അല്ലെങ്കിൽ താൻ എന്താണ് ചെയ്തത്? ഞാനല്ല, ഞാനല്ല അമ്മയെ കൊന്നത്. എന്തിനാണ് എന്നെ ഇങ്ങനെ....

അവൾക്കു വീണ്ടും ചൂടുള്ളകണ്ണീർകവിളിലൂടെ ഒലിച്ചിറങ്ങുന്നത് അനുഭവപ്പെട്ടു.

'എന്തിനാ കുട്ടീ കരേണത്?'

തെർമോമീറ്റർ വായിൽ നിന്നെടുത്തുകൊണ്ട് സിസ്റ്റർ ചോദിച്ചു. അവൾ ഒന്നും പറയാതെ കണ്ണടച്ചു കിടന്നു.

കണ്ണടച്ചപ്പോൾ പിന്നെ ശബ്ദങ്ങളുടെ ഒരു ലോകമായി. വരാന്തയിലൂടെ പോകുന്ന ആൾക്കാരുടെ അമർത്തിപ്പിടിച്ച സംസാരങ്ങൾ, കാലൊച്ചകൾ. സിസ്റ്റർ പുറത്തേക്കു പോകുന്നതു ശോഭന കേട്ടു. ഇനി ആരും ഈ മുറിയിൽ വരാതിരുന്നെങ്കിൽ, ശോഭന വിചാരിച്ചു. അപ്പോൾത്തന്നെ ആരോ തന്റെ ഉള്ളിൽ നിന്ന് ഉറക്കെ ചോദിച്ചു.

'അച്ഛനും?'

ശോഭന ഞെട്ടി. പക്ഷേ അതിനേക്കുറിച്ച് ആലോചിക്കുമ്പോഴേയ്ക്കും, ഒരു പരിചിതമായ കാൽപ്പെരുമാറ്റം അവൾ കേട്ടു. അവളുടെ മനസ്സു സന്തോഷം കൊണ്ടു നിറഞ്ഞു.

'അച്ഛൻ!'

അവൾക്കു സന്തോഷത്തോടൊപ്പം ഒരു വിഷമവും അനുഭവപ്പെട്ടു. അച്ഛനെ എങ്ങിനെയാണു നേരിടുക? കാലടികൾ അടുത്തടുത്തു വരികയാണ്. ശോഭന കണ്ണു തുറന്നു. അച്ഛൻ വാതിലിന്റെ കർട്ടൻ നീക്കികൊണ്ട് ഉള്ളിലേയ്ക്കു കടക്കുകയാണ്. അച്ഛൻ വേഗത്തിൽ അടുത്തു വന്നു കട്ടിലിന്റെ അടുത്തുള്ള സ്റ്റൂളിൽ ഇരുന്നു. ശോഭനയ്ക്ക് ഒരുമ്മ കൊടുത്തു കൊണ്ടു ചോദിച്ചു.

'മോളെ, എങ്ങിനെയുണ്ട്?'

ശോഭന മറുപടിയൊന്നും പറഞ്ഞില്ല. അവൾക്ക് ഒന്നും പറയാൻ തോന്നിയില്ല. തന്റെ കണ്ണുകൾ നിറഞ്ഞൊഴുകകയാണ്.

'അച്ഛാ..........'

അച്ഛൻ അവളുടെ നെറ്റിമേൽ വീണ്ടും ഉമ്മവച്ചു. പക്ഷേ, ശോഭനയുടെ മനസ്സിൽ വിഷമം തങ്ങി നിന്നു. അച്ഛൻ അടുത്തു തന്നെ പറയുക അമ്മയെക്കുറിച്ചായിരിക്കും. താൻ കുറ്റക്കാരിയാണ്. അച്ഛനെന്നെ ഇഷ്ടപ്പെടുന്നില്ല. ഇതെല്ലാം വെറും അഭിനയം മാത്രമാണ്. അച്ഛൻ അടുത്തുതന്നെ പറയും. നീ എന്താണ് അമ്മയെ ചെയ്തത്? അവൾ, അച്ഛൻ വന്നിരുന്നില്ലെങ്കിലെന്ന് ആശിച്ചു.

അച്ഛൻ അവളുടെ നെറ്റിമേലും നെഞ്ചിലും തലോടിക്കൊണ്ടു പറഞ്ഞു.

'മോളുടെ അമ്മ.....'

അമ്മയെന്നു കേട്ടപ്പോൾ ശോഭന ഒന്നു ഞെട്ടി. പിന്നെ അച്ഛൻ എന്താണു പറഞ്ഞതെന്ന് അവൾ കേട്ടില്ല. ഹൃദയം ശക്തിയായി മിടിക്കുകയാണ്. കൺമുമ്പിൽ നിന്ന് എല്ലാം അകന്നകന്നുപോയി ഇരുട്ടു വ്യാപിക്കുകയാണ്. ഒന്നും കാണുന്നില്ല. അതിന്നിടയിൽ ജാലകത്തിലൂടെ വരുന്ന സൂര്യവെളിച്ചം നിലത്തുവിരിഞ്ഞിരിക്കുന്നതു മാത്രം കാണാം. അതു തന്റെ വീട്ടിലെ മുറിയാണെന്ന് ഒരു നിമിഷം ശോഭനയ്ക്കു തോന്നി. ജാലകത്തിന്റെ അടുത്തു നിന്നു നേരിയ ശബ്ദത്തിൽ എന്തോ പറയുന്നത് അമ്മയല്ലെ? വ്യക്തമായി മനസ്സിലാകുന്നില്ല പിന്നെ അതും ഇല്ലാതായി. ശൂന്യതമാത്രം. അതിൽ താൻ ലയിച്ചു ചേരുന്നതായി ശോഭനയ്ക്കു തോന്നി.

# മഴയുള്ള ഒരു രാത്രിയിൽ

**അ**സ്തമനം വളരെ മനോഹരമായിരുന്നു. ഡോക്ക്‌യാർഡിൽ ഇരുന്നു കൊണ്ടു മഴവില്ലിന്റെ നിറമുള്ള പശ്ചിമാകാശം മുഴുവൻ എനിക്കു കാണാമായിരുന്നു. സൂര്യപ്രകാശം മേഘങ്ങൾക്കിടയിലൂടെ ഒരു ചുവന്ന ഗോവിണിയായി ഇറങ്ങി വരികയാണ്. ആ രശ്മികൾ ഇളകിക്കളിക്കുന്ന വെള്ളത്തെ ഒരു രക്തസമുദ്രമാക്കി. ഞാൻ, അടുത്തു തന്നെ പ്രകൃതിസൗന്ദര്യത്തിൽ മുഴുകിയിരിക്കുന്ന എന്റെ ആതിഥേയയെ നോക്കി. പോക്കു വെയിൽ അവരുടെ നരച്ച തലമുടിക്ക് ഒരു പരിവേഷം ചാർത്തിയിരുന്നു.

'എന്തൊരു ഭംഗിയാണ് ആകാശത്തിന്, അല്ലേ?'

'അതെയതെ'

ഞെട്ടിയുണർന്നുകൊണ്ട് അവർ പറഞ്ഞു.

'ഇങ്ങനെ അസ്തമനം വളരെ ചുരുക്കമായെ ഞാൻ കണ്ടിട്ടുള്ളു' ഞാൻ പറഞ്ഞു.

അവർ ഒന്നും പറഞ്ഞില്ല. കരയ്ക്കണയുവാൻ പോകുന്ന ഒരു കപ്പലിനെ നോക്കുകയായിരുന്നു അവർ, ഒന്നുരണ്ടു കപ്പലുകൾ ഡോക്കിൽ നിൽക്കുന്നുണ്ടായിരുന്നു. അവയിൽനിന്ന് കൂറ്റൻ ക്രെയിനുകൾ സാധനങ്ങൾ ഇറക്കുകയും കയറ്റുകയുമാണ്.

പെട്ടെന്നവർ എന്തോ ആലോചിച്ചുകൊണ്ടു പറഞ്ഞു.

'ഇന്നു നല്ല കാറ്റും മഴയുമുണ്ടാകും. അസ്തമനം ഈ വിധത്തിലാകുമ്പോഴെല്ലാം നമുക്കതു തീർച്ചയാക്കാം. നോക്കൂ'

അവർ കിഴക്കു ഭാഗത്തേക്കു ചൂണ്ടിക്കാണിച്ചു. ശരിയായിരുന്നു. ആകാശത്തിൽ കറുത്ത മേഘങ്ങൾ ഉരുണ്ടു കൂടുകയാണ്.

'എനിക്കു നല്ല ഉറപ്പുണ്ട്.'

അവർ തുടർന്നു.

അവരുടെ ചുളിവുകളുള്ള മുഖം ഭൂതകാലത്തിന്റെ ഒരു കലവറയാണെന്നു തോന്നി.

'കഴിഞ്ഞ പന്ത്രണ്ടുകൊല്ലമായി ഞാൻ ഇതു കാണാറുണ്ട് ഇങ്ങനത്തെ ഒരു നശിച്ച ദിവസമാണ്......'

അതു മുഴുമിപ്പിക്കാതെ അവർ നെടുവീർപ്പിട്ടു. കപ്പലിലേയ്ക്കു സാമാനമിറക്കി വെച്ച് ക്രെയിനുകൾ ഒരു ശബ്ദത്തോടെ ഉയരുകയാണ്.

സൂര്യപ്രകാശം ക്രമേണ മങ്ങുകയാണ്. ഡോക്കിലൂടെ തണുത്ത കാറ്റടിക്കുവാൻ തുടങ്ങി.

ഞങ്ങൾ എഴുന്നേറ്റു വീട്ടിലേക്കു നടന്നു കാർമേഘങ്ങ ൾ ആകാശമാകെ പരന്നു കഴിഞ്ഞിരിന്നു. ഭൂമിയാകെ ഒരു പരിമിതമായ വെളിച്ചത്തിൽ തുടിച്ചു നിൽക്കുകയാണ്.

'ഇന്ന് നല്ലപോലെ മഴ പെയ്യും. ഈ ഉഷ്ണമൊന്നവസാനിക്കും.'

ഞാൻ ആകാശത്തേയ്ക്കു നോക്കിക്കൊണ്ടു പറഞ്ഞു.

അവർ ഒന്നു മൂളി. അപ്പോൾ പിന്നിൽ നിന്ന് ഐസ്ക്രീംകാരന്റെ പരുപരുത്ത ശബ്ദംകേട്ടു.

'ഐസ്ക്രീം വേണോ?'

അതുകേട്ടപ്പോൾ എന്റെ ആതിഥേയ ഒന്നു ഞെട്ടി. അവർ അയാളെ കാണാതിരിക്കാൻ വേഗം നടന്നു. ഈ ചൂടുള്ള കാലാവസ്ഥയിൽ ഒരു ഐസ്ക്രീംകാരനെ വെറുക്കുന്നതെന്തിനാണെന്ന് എനിക്കു മനസ്സിലായില്ല. അവർ വളരെ ഗാഢമായി എന്തോ ആലോചിക്കുകയായിരുന്നു.

തുരുമ്പു പിടിച്ചു തുടങ്ങിയ ഗേറ്റു കടന്നു ഞങ്ങൾ വീട്ടിലെത്തി. ചുവന്ന ചായം തേച്ച ആ വീട് പഴയ മട്ടിലുള്ളതായിരുന്നു. ആ ഇരുനില കെട്ടിടത്തിന്റെ മുകളിൽ അതു നിർമ്മിച്ച കൊല്ലം, 1890 എന്നു വെളുത്ത അക്ഷരത്തിൽ എഴുതിവച്ചിരുന്നു. എഴുപതുകൊല്ലത്തെ പഴക്കമുണ്ട് ആ വീടിന്. പട്ടണത്തിൽ നിന്നു വളരെ അകന്നുള്ള ആ സ്ഥലത്ത് അധികം വീടുകളൊന്നുമുണ്ടായിരുന്നില്ല.

ഗോവണി കയറി അവർ വാതിൽ തുറന്നു ലൈറ്റിട്ടപ്പോൾ ആ മുറിയാകെ എനിക്കു കാണുവാൻ കഴിഞ്ഞു. മങ്ങിയ ചുവരിൽ ഒരു കലണ്ടറും ഒരാളുടെ എൻലാർജ്ജ് ചെയ്ത ഫോട്ടോയുമുണ്ടായിരുന്നു. ആ സ്ത്രീയുടെ ഭർത്താവിന്റേതായിരിക്കാം. കലണ്ടറിൽ ഇന്നത്തെ തീയതിയിലുള്ള കള്ളിയിൽ നിറയെ മഷികൊണ്ടുള്ള വരകളിട്ടിരുന്നു. ആ മുറിയിൽ ഒരു പഴയ സോഫാസെറ്റിനു പുറമെ ഒരു പുസ്തക ഷെൽഫും മാത്രമെ ഉണ്ടായിരുന്നുള്ളു.

ജാലകങ്ങൾ തുറന്നിട്ട് ഞാൻ പുറത്തേയ്ക്കു നോക്കി. രണ്ടു വരിയായി നിന്നു കത്തുന്ന തെരുവുവിളക്കുകൾ ഒരു മാല പോലെ നീണ്ടു കിടക്കുകയാണ്. റോഡിനെ മുറിച്ചുകൊണ്ട് റെയിൽ പാളങ്ങൾ പോകുന്നുണ്ട്. റോഡ് മിക്കവാറും വിജനമായിരുന്നു. അകലെ ഡോക്കിൽ നിന്നു കപ്പൽപ്പാമരങ്ങൾ ഉയർന്നു കാണാം. ചുറ്റുമുള്ള കാറ്റാടിമരങ്ങൾ ഇരുട്ടിന്റെ കുപ്പായമണിഞ്ഞിരുന്നു. ഞാൻ എന്റെ ആതിഥേയയുടെ നേരെ നോക്കി. എന്തോ ആലോചിക്കുകയായിരുന്ന അവരുടെ മുഖം മ്ലാനമായിരുന്നു.

'ഈ വീട്ടിൽ വേറെ ആരും താമസമില്ലേ?'

ഞാൻ അന്വേഷിച്ചു.

'ഏ?'

അവർ പെട്ടെന്നുണർന്നുകൊണ്ട് ചോദിച്ചു. ഞാനെന്റെ ചോദ്യമാവർത്തിച്ചു.

'ഇല്ല'
അവർ പതുക്കെപ്പറഞ്ഞു.
'ആ സംഭവത്തിനു ശേഷം ആരും ഈ കെട്ടിടത്തിൽ താമസിക്കാൻ വന്നിട്ടില്ല. ഇവിടെ താമസിച്ചിരുന്ന രണ്ടു കുടുംബക്കാരും പോകുകയും ചെയ്തു പിന്നെ വാടകക്കാരെയുണ്ടാക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുമില്ല.'
എന്താണ് അവർ പറഞ്ഞ ആ സംഭവമെന്ന് എനിക്കു മനസ്സിലായില്ല. അവർ ജാലകത്തിനടുത്തു വന്ന് പുറത്തേയ്ക്കു നോക്കിക്കൊണ്ടിരുന്നു. ആകാശത്തിൽ കാറ്റു കാരണം മേഘങ്ങൾ കുതിച്ചു മറിയുകയാണ്. അവർ വളരെ അസ്വസ്ഥയായിക്കണ്ടു. ഒരു നിമിഷം കഴിഞ്ഞപ്പോൾ അവർ പറഞ്ഞു.
'ഞാനിപ്പോൾ വരാം, അടുക്കളയിൽ കുറച്ചു പണിയുണ്ട്.
അടുക്കളയിലേക്കു പോകുന്ന ആ സ്ത്രീയെ ഒരത്ഭുതത്തോടെ ഞാൻ നോക്കി. അമ്മ എനിക്കയച്ച കത്തിൽ ഈ സ്ത്രീയെക്കുറിച്ച് അധികമൊന്നുമെഴുതിയിരുന്നില്ല. അവർ ഭർത്താവൊന്നിച്ചു താമസിക്കുകയാണ്, ഒന്നു പോയി കാണണമെന്നു മാത്രം. ആ സ്ത്രീ അമ്മയുടെ സ്നേഹിതയായിരുന്നുവത്രേ. അങ്ങനെ അവരെ ചെന്നു കണ്ടപ്പോഴാണ് അടുത്ത ആഴ്ച ഒരു ദിവസം അവരുടെ കൂടെ താമസിക്കുവാൻ ക്ഷണിച്ചത്. അമ്മയുടെ പേരു പറഞ്ഞപ്പോൾ അവർ പറഞ്ഞു.
'നോക്ക്, നിങ്ങളുടെ അമ്മ എന്റെ ഡിയറെസ്റ്റ് ഫ്രണ്ടായിരുന്നു. എന്നെയൊക്കെ മറന്നിട്ടുണ്ടാകുമെന്നാണ് ഞാൻ വിചാരിച്ചത്.'
അപ്പോൾ സന്തോഷം കൊണ്ട് അവരുടെ കണ്ണുകൾ തിളങ്ങിയിരുന്നു. ആദ്യത്തെ പ്രാവശ്യം പോയപ്പോൾ അവരുടെ ഭർത്താവിനെ കാണുവാൻ സാധിച്ചില്ല. അദ്ദേഹം ഏതോ കമ്പനിയുടെ മാനേജരാണ്.
അവർ അടുക്കളയിൽ നിന്നു തിരിച്ചുവന്ന് സോഫയിൽ ഇരുന്നു. ഞാൻ ചോദിച്ചു.
'അദ്ദേഹം വരാൻ എത്ര മണിയാകും?'
'എട്ടോ ഒമ്പതൊ മണിയാകും. ഓഫീസിൽനിന്നു മടങ്ങാൻ.'
അവർ പറഞ്ഞു.
ആ സമയം വരെ ഈ സ്ത്രീ ഏകയായി ഈ വലിയ കെട്ടിടത്തിൽ ഇരിക്കുകയാണെന്നോർത്തപ്പോൾ എനിക്കൊരുൾക്കിടിലമുണ്ടായി.
അവർ ഒന്നും സംസാരിക്കാതെ ഇരിക്കയാണ്. ഞാൻ വീണ്ടും ജാലകത്തിലൂടെ പുറത്തേക്കു നോക്കി. പുറത്ത് ഇരുട്ടു കട്ട പിടിച്ചു വരികയാണ്. തെരുവുവിളക്കുകൾക്കു ചുറ്റും പ്രാണികൾ പറക്കുന്നുണ്ട്. കാറ്റ് കുറേശ്ശെ ശക്തിയായി വീശുവാൻ തുടങ്ങി. ആ കെട്ടിടത്തിൽ എവിടെയോ ഒരു ജനൽ ശക്തിയോടെ കൊട്ടിയടഞ്ഞു. എന്റെ ആതിഥേയ ഒന്നു ഞെട്ടി. അവർ എന്തോ ചെവിയോർക്കുകയാണ്. പുറത്തു ശക്തിയായി വീശിയിരുന്ന കാറ്റ് ടെലഫോൺ കമ്പികളിൽ തട്ടി ഒരു ഫിഡിലിന്റെ ശബ്ദം ഉണ്ടാക്കി. മഴയുടെ ഇരമ്പൽ ദൂരെനിന്ന് അടുത്തടുത്തു വരികയാണ്.
'നിങ്ങൾക്ക് സുഖമില്ലെന്നു തോന്നുന്നു.'
ഞാൻ ചോദിച്ചു.
'ഏയ് ഒന്നുമില്ല.'
അവർ പിറുപിറുത്തു.
'ഇന്നാണ്...ഞാൻ നിങ്ങളോടുപറഞ്ഞുവൊ? ഇല്ല. ഉണ്ടാവില്ല. ഇന്നാണ് എന്റെ മകൻ മരിച്ച ദിവസം.'
അവർ ഭ്രാന്തു പറയുകയാണെന്ന് എനിക്കു തോന്നി. സാരിയുടെ തലപ്പിൽ തിരുപ്പിടിച്ചു കൊണ്ട് അവർ പറഞ്ഞു.
'പതിനാലു കൊല്ലം മുമ്പാണ്. എന്റെ മകൻ എന്തൊരു മിടുക്കനായിരുന്നെന്നോ. വെളുത്തു കുറച്ചു തടിയുള്ള ഒരു ഓമനയായിരുന്നു അവൻ. ആറു വയസ്സെ ആയിരുന്നുള്ളു അവന്.'
എന്റെ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ട് അവൻ തുടർന്നു.
'അവനിപ്പോൾ ഉണ്ടായിരുന്നെങ്കിൽ നിന്റെ പ്രായമായിരിക്കും.'
പെട്ടെന്ന് ജാലകത്തിലൂടെ വീശിയ കാറ്റു കാരണം ചുവരിലിരുന്ന കലണ്ടർ ഒന്നു വട്ടം തിരിഞ്ഞ് നിലത്തു വീണു. ഞാൻ അതെടുത്ത് മേശമേൽ വെച്ചു.
'ഇതാ, ഇതുപോലുള്ള ഒരു ദിവസമായിരുന്നു അന്നും. അവന്റെ അച്ഛൻ ഓഫീസിലായിരുന്നു. ഞങ്ങൾ വൈകുന്നേരം നടക്കാനിറങ്ങി. ഞങ്ങൾ ഡോക്കിലെല്ലാം പോയി മടങ്ങി വരുമ്പോഴാണ്, എനിക്കാലോചിക്കാൻ കൂടി വയ്യ, എത്ര ചെറിയ കാര്യത്തിനാണ് അവൻ ശാഠ്യം പിടിച്ചതെന്നോ! അവനന്ന് നല്ല സുഖമുണ്ടായിരുന്നില്ല. വീട്ടിലേയ്ക്കു മടങ്ങുമ്പോൾ എന്റെ മോന് കുറേശ്ശെ പനിച്ചിരുന്നു. അപ്പോഴാണ് ആ നശിച്ച ഐസ്ക്രീംകാരനെ അവൻ കണ്ടത്. കുട്ടിയെ കണ്ട ഉടനെ അവൻ ഒരു ഐസ്ക്രീം കപ്പെടുത്തു നീട്ടി. സാധാരണ ഞാൻ അവന്റെ അടുത്തുനിന്ന് ഐസ്ക്രീം വാങ്ങാറുണ്ടായിരുന്നു പക്ഷേ അന്നു ഞാൻ സമ്മതിച്ചില്ല. ഡോക്ടർ പ്രത്യേകം പറഞ്ഞിരുന്നു ഐസ്ക്രീം കൊടുക്കരുതെന്ന്. ഞാൻ അതു മേടിക്കുന്നില്ലെന്നു കണ്ടപ്പോൾ എന്റെ മകൻ ശാഠ്യം പിടിച്ചു കരയുവാൻ തുടങ്ങി. അന്ന് ആകാശം മേഘങ്ങൾകൊണ്ട് മൂടിയതിനാൽ നല്ല ചൂടുണ്ടായിരുന്നു. ഞാൻ അവനെ പിടിച്ചു വലിച്ചു വീട്ടിലേയ്ക്കു നടന്നു. നല്ല ഒരു മഴയുടെ ആരംഭമുണ്ടായിരുന്നു.
'വീട്ടിലെത്തി വാതിലടച്ചു കുറ്റിയിട്ട് ഞാൻ അവനെ സോഫയിലിരുത്തി. അപ്പോഴേയ്ക്ക് മഴ പെയ്തു. അവൻ വീണ്ടും കരയുവാൻ തുടങ്ങി. അതവന്റെ സ്വഭാവമായിരുന്നു. അവൻ വിചാരിച്ച സാധനങ്ങൾ കിട്ടിയില്ലെങ്കിൽ അതു കിട്ടുന്നവരെ അവൻ കരയും. തെറ്റ് എന്റെയടുത്തു തന്നെയായിരുന്നു. ഞാനവനെ പുറത്തു കൊണ്ടു പോകാൻ പാടില്ലായിരുന്നു. എന്നാലും മറ്റുള്ളവരുടെ മനോവേദനയറിയാതെ ഇങ്ങനെ കരയുന്നത് എനിക്കു സഹിച്ചില്ല. ഞാൻ അവന്റെ തുടയിൽ പതുക്കെ ഒരടിവെച്ചുകൊടുത്തു. അപ്പോൾ അവൻ ചുണ്ടു പിളുത്തി കരയുവാൻ തുടങ്ങി. നോക്ക്,

അതു വാസ്തവത്തിൽ സങ്കടം കൊണ്ടുള്ള കരച്ചിലായിരുന്നു. അവനു വേദനിക്കാൻ മാത്രമൊന്നും ഞാനടിച്ചിരുന്നില്ല. അവൻ അങ്ങനെ കരയുന്നതു കണ്ടപ്പോൾ എനിക്കു സഹിച്ചില്ല. ഞാൻ അടുക്കളയിൽ പോയി ഹോർലിക്സ് കൂട്ടുവാൻ തുടങ്ങി. അതവന് വളരെ ഇഷ്ടമായിരുന്നു.

'അപ്പോൾ പുറത്തെ മുറിയിൽ നിന്ന് എന്റെ മകന്റെ തേങ്ങലിനൊപ്പം മേശയൊ മറ്റോ നിരക്കുന്ന ശബ്ദവും കേട്ടു സാധാരണ ദ്വേഷ്യം പിടിച്ചാൽ അവൻ സെറ്റിയും മറ്റും അവന്റെ കുഞ്ഞിക്കാലുകൊണ്ട് ചവിട്ടി നീക്കാറുണ്ടായിരുന്നു. അതായിരിക്കും ആ ശബ്ദമെന്നു ഞാൻ വിചാരിച്ചു. അല്ലെങ്കിൽ ഞാൻ തീർച്ചയായും പോയി നോക്കുമായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ആ തേങ്ങലും നിന്നു അവൻ വല്ല മുക്കിലും കിടന്നുറങ്ങിയിട്ടുണ്ടാകും. അപ്പോൾ, അവനെ അടിക്കേണ്ടിയിരുന്നില്ലെന്ന് എനിക്കു തോന്നി. ഇനി ഹോർലിക്സുമായി ചെന്ന് അവനൊരുമ്മ കൊടുത്താൽ അവൻ ഉണരും. എന്നിട്ടു സന്തോഷത്തോടെ അതു വാങ്ങിക്കുടിച്ച് എന്നെ ഉമ്മകൾ കൊണ്ടുമൂടും. 'പക്ഷേ, ഞാൻ ആ മുറിയിലേക്കു ചെന്നപ്പോൾ എന്റെ ഓമന അവിടെയുണ്ടായിരുന്നില്ല'

സാരിയുടെ തലപ്പുകൊണ്ട് കണ്ണീർ തുടച്ചുകൊണ്ട് അവർ ഒരു നിമിഷനേരം മിണ്ടാതിരുന്നു. പുറത്തു നിന്ന് മഴയുടെ ഇരമ്പൽ കേൾക്കാനുണ്ടായിരുന്നു. ജാലകത്തിലൂടെ തണുത്തകാറ്റ് ഒരു ചൂളം വിളിയോടെ അടിക്കുകയാണ്. ഞാൻ ജനലടച്ചു.

'നോക്കൂ, എന്റെ പൊന്നുമോൻ ആ മുറിയിലുണ്ടായിരുന്നില്ല.'

ഒരു ഇടർച്ചയോടെ അവർ തുടർന്നു.

'അവൻ സെറ്റിയുടെ പിന്നിൽ ഒളിച്ചു നിൽക്കുന്നുണ്ടോ എന്നു ഞാൻ നോക്കി. സാധാരണ എന്നെ കളിയാക്കുവാൻ അവൻ അങ്ങനെ ചെയ്യാറുണ്ടായിരുന്നു. എന്തു സാമർത്ഥ്യത്തോടെയാണെന്നൊ അവൻ ഒളിക്കുക. പക്ഷേ, അപ്പോഴാണു ഞാൻ കണ്ടത്. പുറത്തേക്കുള്ള വാതിൽ തുറന്നു കിടന്നിരുന്നു തുറന്നിട്ട വാതിലിനടുത്തായി മഴകൊണ്ടു നനഞ്ഞ മേശ കിടന്നിരുന്നു. അവൻ വാതിൽ തുറന്നു പുറത്തു പോയിരുന്നു. നിലവിളിച്ചുകൊണ്ടു ഞാൻ പുറത്തേക്കോടി മഴ വളരെ ശക്തിയായി പെയ്തിരുന്നു. കാറ്റു കാരണം എവിടെയൊ ഒരു മരക്കൊമ്പ് ഒടിഞ്ഞു വീണു, ഞാൻ ഞെട്ടി വിറച്ചു. എന്റെ മകൻ എവിടെയാണ്. ഞാൻ അവന്റെ പേരു വിളിച്ചുകൊണ്ട് ഓടി പെട്ടെന്ന് എന്റെ ഓമന ഒരു തെരുവുവിളക്കിന്റെ ചുവട്ടിലൂടെ ഓടുന്നതു ഞാൻ കണ്ടു. അവൻ നനഞ്ഞൊലിച്ചിരുന്നു. അവന്റെ ഒപ്പമെത്താൻ ഞാൻ ഒരു കുതിരയെപ്പോലെ പാഞ്ഞു.

'പെട്ടെന്ന് അടുത്തുനിന്ന് തീവണ്ടിയുടെ കൂക്കു കേട്ടു. ഞാൻ ഞെട്ടി എന്റെ ഹൃദയം പിടഞ്ഞു അവിടെ അടുത്തു തന്നെയായിരുന്നു റെയിൽപ്പാളങ്ങൾ. എന്റെ മകൻ അതിലെ പോകരുതേ എന്ന് ഞാൻ പ്രാർത്ഥിച്ചു. പക്ഷേ അതു വെറുതെയായി ഞാനവന്റെ നിലവിളി കേട്ടു. ഞാനെന്റെ ഓമനയുടെ നിലവിളി കേട്ടു. ഞാനെന്റെ മകനെ കൊന്നു!

അവർ പൊട്ടിപ്പൊട്ടിക്കരയുവാൻ തുടങ്ങി അവരുടെ തലമുടിയെല്ലാം ചിന്നിച്ചിതറിയിരുന്നു. കണ്ണീരൊഴുകി സാരിയുടെ മുൻവശം മുഴുവൻ നനഞ്ഞിരുന്നു.

ആ നിലവിളി സാവധാനത്തിൽ നിന്ന്. തേങ്ങലുകൾ മാത്രമായി അവർ നെറ്റിമേൽ കൈവെച്ച് ഇരിക്കുകയാണ്. ഓരോ തേങ്ങലിനും അവരുടെ മാറിടം ഉയർന്നും താണുമിരുന്നു.

പുറത്തു കാറ്റിന്റെ ഇരമ്പൽ കൂടിക്കൂടി വരികയാണ്. മഴത്തുള്ളികൾ ജനൽപ്പാളിമേൽ വന്നടിക്കുന്നത് നല്ലതു പോലെ കേൾക്കാനുണ്ട്.

ഇലക്ട്രിക്ക് ബൾബിന്റെ പ്രകാശം മഞ്ഞ നിറം കേറിയ ചുവരിൽത്തട്ടി മങ്ങിയിരുന്നു. തട്ടിന്മേൽ ചിലന്തിവലകൾ കെട്ടിയിരുന്ന ആ മുറിയിലാകെ ഒരു നിഗൂഢത പതുങ്ങിയിരുന്നിരുന്നു. ആ വലിയ കെട്ടിടത്തിൽ ഞാനും എന്റെ ആതിഥേയയും മാത്രമെയുള്ളുവെന്നോർത്തപ്പോൾ ഭയം കൊണ്ട് ഞാൻ നടുങ്ങിപ്പോയി. അവർ ആ കഥയിപ്പോൾ പറയേണ്ടിയിരുന്നില്ലെന്ന് എനിക്കു തോന്നി. ഇതു നടന്ന ഒരു സംഭവം തന്നെയാണോ? എങ്കിൽ, അവരുടെ നരച്ച തലമുടിയും നിഴലുകൾ വീണുകിടക്കുന്ന മുഖത്തെ ചുളിവുകളും ആ ശോകകഥയുടെ ഓർമ്മക്കുറിപ്പുകളല്ലേ?

മുറിയിലെ വെളിച്ചം വീണ്ടും മങ്ങുകയാണെന്ന് എനിക്കു തോന്നി, എന്റെ ആതിഥേയ അനങ്ങാതെ സോഫയിലിരിക്കുകയാണ്. പെട്ടെന്നു പുറത്തുനിന്ന് ഒരു തേങ്ങലിന്റെ ശബ്ദം കേട്ടു. ഇപ്രാവശ്യം ആ സ്ത്രീയുടെ ഒപ്പം ഞാനും ഞെട്ടി. ഞാനെന്റെ ആതിഥേയയുടെ മുഖത്തു നോക്കി. ഭയം കൊണ്ട് അവരുടെ മുഖം വിളറി വെളുത്തിരുന്നു. വീണ്ടും ആ തേങ്ങൽ! ഒരു കുട്ടിയുടേതു പോലെ!

'നിങ്ങൾ കേട്ടുവൊ അത്?'

അവർ ശ്വാസമടക്കിക്കൊണ്ടു ചോദിച്ചു.

'എന്ത്?'

ഞാൻ ചോദിച്ചു.

ആ ശബ്ദം ജാലകത്തിന്റെ വിള്ളലിലൂടെ വരുന്ന ഈർപ്പമുള്ള കാറ്റിന്റെതാണെന്ന് മനസ്സിലായെങ്കിൽക്കൂടി, അതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

'ഒരു തേങ്ങൽ!'

അവർ തുടർന്നു.

'നിങ്ങൾ കേൾക്കുന്നില്ലെ? അത് എന്റെ കുട്ടിയുടെതാണ്. ഇങ്ങനത്തെ രാത്രികളിലെല്ലാം അവൻ അവന്റെ അമ്മയുടെ അടുത്തേയ്ക്കു വരാറുണ്ട്.'

അവർ വളരെ അസ്വസ്ഥയായിരുന്നു. മുഖത്തെല്ലാം വിയർപ്പു പൊടിഞ്ഞിരുന്നു.

മഴ അപ്പോഴും ശക്തിയായി പെയ്യുകയാണ്. കതകിൽ ഒരു ബലഹീനമായ മുട്ടിന്റെ ശബ്ദം! അത് ഒരിക്കൽക്കൂടി! ഒരു കുട്ടി കതകിൽ മുട്ടുകയാണോ? എന്റെ ആതിഥേയ മുഖത്തെ വിയർപ്പു തുടച്ചു. പരിഭ്രമിച്ചുകൊണ്ട് ആ മുറിയിൽ

അങ്ങോട്ടുമിങ്ങോട്ടും നടക്കുവാൻ തുടങ്ങി. ഒരിക്കൽക്കൂടി ആ മുട്ടൽ! അവർ വാതിക്കൽവരെ പോയി സംശയിച്ചു നിന്നു. തുറക്കണോ. വേണ്ടെ? അവരുടെ കൈ വാതിലിന്റെ കൊളുത്തുവരെ പോകുന്നതു ഒരുൾക്കിടിലത്തോടെ ഞാൻ നോക്കി നിന്നു. പക്ഷേ അവർ പെട്ടെന്നു കൈ വലിച്ച് വീണ്ടും പഴയ മട്ടിൽ ചെന്നിരുന്നു.

ഇപ്പോൾ മഴയുടെ ശക്തി കുറഞ്ഞിരുന്നു. പക്ഷേ കാറ്റ് അതിന്റെ സകല ശക്തിയുമുപയോഗിച്ച് ചീറിയടിക്കുകയാണ്. വാതിലിന്റെ പാളികൾ ഒന്നനങ്ങി. വീണ്ടും അതേ തേങ്ങൽ! ഇപ്രാവശ്യം അതു കൂടുതൽ സ്പഷ്ടമായിരുന്നു. അവർ ഞെട്ടിയെഴുന്നേറ്റു. പുറത്ത് ഒരു കാലൊച്ച കേട്ടുവോ? അതകന്നകന്നു പോകുകയാണോ? അവർ ഓടിപ്പോയി ജാലകത്തിന്റെ വാതിലുകൾ ഉറക്കെ തള്ളിത്തുറന്നു, പുറത്തേയ്ക്കു തലയിട്ടുകൊണ്ട് ഉറക്കെ നിലവിളിച്ചു 'എന്റെ മോനെ, നീ അമ്മയുടെ അടുത്തേയ്ക്കു വരൂ എന്റെ പൊന്നുമോനല്ലേ? നീ വരില്ലേ?'

ആ സ്ത്രീ, ജാലകത്തിലൂടെ പുറത്തേയ്ക്ക് കൂടുതൽ ഏന്തിനിന്നു. അവർ ഏതു നിമിഷത്തിലും പുറത്തേയ്ക്കു വീണേക്കുമെന്ന് ഞാൻ ഭയപ്പെട്ടു. മഴ അപ്പോഴും മുഴുവൻ നിന്നിട്ടുണ്ടായിരുന്നില്ല. ഒരു കാറ്റിനോടൊപ്പം കുറെ മഴത്തുള്ളികൾ മുറിയിലേയ്ക്ക് അടിച്ചുകയറി. ആ സ്ത്രീ ആകെ നനയുകയായിരുന്നു. അവരെ പിടിച്ചു സോഫയിലിരുത്തി ജനലടയ്ക്കുവാൻ ഞാൻ എഴുന്നേറ്റു. അപ്പോഴാണ് അതുകേട്ടത്. ഒരു തീവണ്ടിയുടെ ചൂളംവിളി തുടർന്ന് എഞ്ചിന്റെ ശബ്ദവും ആ സ്ത്രീ ഞെട്ടി പിറകോട്ടുമാറി. തീവണ്ടിയുടെ ഹെഡ്‌ലൈറ്റ് അടുത്തടുത്തു വരുന്നത് എനിക്ക് ജാലകത്തിലൂടെ കാണാനുണ്ട്. പെട്ടെന്നു ശക്തിയായ ഒരു കാറ്റിൽ ജനാല ഒരു ശബ്ദത്തോടെ അടഞ്ഞു.

'അയ്യോ, എന്റെ കുട്ടീ'

ഒരു നിലവിളിയോടെ അവർ വാതിൽക്കലേക്കോടി. ഞാൻ അവരെ തടഞ്ഞു നിർത്താൻ ശ്രമിച്ചു. പക്ഷേ കഴിഞ്ഞില്ല. അടഞ്ഞു കിടക്കുന്ന വാതിലിൽ തട്ടി ആ സ്ത്രീ നിലത്തുവീണു. ഞാനവരെ താങ്ങി സോഫയിൽ കൊണ്ടുപോയി കിടത്തി. അവർക്കു ബോധമുണ്ടായിരുന്നില്ല. ഞാൻ കുറച്ചു വെള്ളമെടുത്ത് അവരുടെ മുഖത്തു തളിച്ചു. ആ മഴയുള്ള രാത്രിയിൽ ഞാനും വല്ലാതെ വിയർക്കുന്നുണ്ടായിരുന്നു. ഞാൻ ഫാനിന്റെ സ്വിച്ച് ഓൺ ചെയ്തു.

അപ്പോൾ വാതിൽക്കൽ കുറച്ചുറക്കെ ഒരു മുട്ടുകേട്ടു. ഞാൻ ഞെട്ടിത്തെറിച്ചു. വീണ്ടും ഒന്നുകൂടെ. അത് ഒരു വലിയ ആളുടേതാണ്. അപ്പോഴാണ് എനിക്ക് എന്റെ ആതിഥേയയുടെ ഭർത്താവിനെ ഓർമ്മ വന്നത്. ഞാൻ വാച്ചു നോക്കി സമയം എട്ടേകാലായിരിക്കുന്നു. ഞാൻ വാതിൽ തുറന്നു. കുറച്ചു വയസ്സായ ഒരാൾ അകത്തേയ്ക്കു കടന്നു. ആ ഫോട്ടോവിലുള്ള ആൾതന്നെയാണ്. തന്റെ നനഞ്ഞ കഷണ്ടിത്തല തുടച്ചുകൊണ്ട് അയാൾ ഭാര്യയെ നോക്കി.

'ഓ! ഇന്ന് ...... ഞാൻ കുറച്ചുകൂടി നേരത്തെ വരണമെന്ന് വിചാരിച്ചു കഴിഞ്ഞില്ല. ഇവൾക്ക് അധികമില്ലല്ലോ?'

പുറത്തു നിന്ന് ഒരിക്കൽക്കൂടി തീവണ്ടിയുടെ ചൂളം വിളി കേട്ടു ഇപ്രാവശ്യം അത് വളരെ അടുത്തു നിന്നായിരുന്നു അയാൾ എന്റെ നേരെ നോക്കി. ഞാൻ ഒരുൾക്കിടിലത്തോടെ ആ ചെറിയ കുട്ടിയുടെ നിലവിളി കേൾക്കുന്നുണ്ടോ എന്നു ചെവിയോർക്കുകയായിരുന്നു. പുറത്തേയ്ക്കു നോക്കിക്കൊണ്ട് അയാൾ പറഞ്ഞു.

മഴ നിന്നെന്നു തോന്നുന്നു. ആ ജനൽ തുറന്നിടു.

# കരിയടുപ്പ്

ടവർ ക്ലോക്ക് ഏഴര അടിച്ചു. തണുത്ത അന്തരീക്ഷത്തിൽ അത് ഒരു അലയായി ബീറ്റു കോൺസ്റ്റബിൾ ബാനർജിയുടെ ചെവിയിലെത്തി. താൻ ഒന്നു ഞെട്ടിയോ? ഇല്ല. വെറും തോന്നലായിരിക്കും. അല്ലെങ്കിൽ, എന്തിനു ഭയപ്പെടണം? ഇനി അരമണിക്കൂറും കൂടിയുണ്ട് ഈ ഡ്യൂട്ടി അവസാനിക്കാൻ. ഇതൊന്നവസാനിച്ചാൽ മതിയായിരുന്നു. അതിനുമുമ്പ് അതു സംഭവിക്കുമോ? കൂട്ടുകാരൻ ഇന്നു കൊല്ലപ്പെടുമോ?

മൂടൽ മഞ്ഞു കാരണം അയാൾക്കു ക്ലോക്കിന്റെ ഡയൽ മങ്ങിയേ കാണുവാൻ കഴിഞ്ഞിരുന്നുള്ളു. പക്ഷേ, അതിന്റെ ചുവട്ടിലെ നിലയിൽനിന്നു ജാലകത്തിലൂടെ വെളിച്ചം ശക്തിയായി പുറത്തേയ്ക്കു പ്രവഹിച്ചിരുന്നു. അവിടെ താമസിക്കുന്നത്.........സുബോദു പറഞ്ഞതു ശരിയായിരിക്കുമോ?

പാലം വളരെ വീതി കുറഞ്ഞതായിരുന്നു. അതിൽക്കൂടി ഒരു സമയത്ത് ഒരു ഭാഗത്തേയ്ക്കു മാത്രമേ വാഹനങ്ങൾ പോയിരുന്നുള്ളു. ആ പാലത്തിന്റെ ഒരറ്റത്തു നിന്നു വാഹനങ്ങളെ നിയന്ത്രിക്കുന്ന ബാനർജിക്കു മറുഭാഗത്തു നിൽക്കുന്ന തന്റെ കൂട്ടുകാരൻ സുബോദിനെ മൂടൽ മഞ്ഞിൽ ഒരു നിഴൽ പോലെ മാത്രമെ കാണാൻ കഴിഞ്ഞുള്ളു. അയാളുടെ ബെൽറ്റിന്മേലുള്ള ലോഹക്കഷണം മാത്രം ഇടയ്ക്കിടയ്ക്കു പ്രകാശിച്ചു. കുറച്ചുസമയം കൂടിക്കഴിഞ്ഞാൽ മഞ്ഞിനു കട്ടി കൂടി അയാളെ തീരെ കാണാതാകുമെന്ന വിചാരം ബാനർജിയെ അസ്വസ്ഥനാക്കി.

ബസ്സുകളും ട്രാമുകളും കടന്നു പോകുമ്പോൾ തണുത്ത കാറ്റു മുഖത്തുവന്നടിച്ചു. തണുപ്പ് ഒരു പുഴുവിനേപ്പോലെ നഗ്നമായ മുഖത്തും കൈകളിലും അരിച്ചരിച്ചു കയറുകയാണ്. ബാനർജി തന്റെ രോമകുപ്പായം കുറേക്കൂടി ദേഹത്തോടടുപ്പിച്ചു.

മറുഭാഗത്തുനിന്നു കൂട്ടുകാരന്റെ വിസിൽകേട്ടു. അവിടെ നിന്നു വരുന്ന വാഹനങ്ങളുടെ പ്രവാഹം നിലച്ചു. ഇനി തന്റെ ഊഴമാണ്. വാഹനങ്ങൾക്കു പോകുവാനുള്ള അടയാളം കാണിച്ചുകൊണ്ടു ബാനർജി വിചാരിച്ചു. ഇതിനൊരവസാനമില്ലെ? കാറുകളും ബസ്സുകളും സ്റ്റാർട്ടുചെയ്യുന്ന ശബ്ദം, പിന്നെ അവ നീങ്ങിത്തുടങ്ങി. വീണ്ടും കാറ്റു മുഖത്തു വന്നടിച്ചു.

ചുറ്റും ആളുകളുടെ തിരക്ക് ഒഴിഞ്ഞു തുടങ്ങി. ശൈത്യകാലത്ത് കൽക്കത്തയിൽ വളരെ വേഗം രാത്രിയാവും. എട്ടുമണി കഴിഞ്ഞാൽ വളരെ കുറച്ച് ആളുകളെയും വാഹനങ്ങളെയും മാത്രമെ പുറത്തു കാണുകയുള്ളു. പാലം കുറച്ചുയർന്ന സ്ഥലത്തായിരുന്നു. അവിടെനിന്നു കറുത്ത നിരത്ത് ഓടി സമതലത്തിൽ ചെന്നു ലയിക്കുന്നത് അപ്പോൾ തിരക്കില്ലാത്തതുകൊണ്ടു നല്ലപോലെ കാണാമായിരുന്നു. അതിനു നടുവിൽ ട്രാമിന്റെ ഇരുമ്പു റെയിലുകളിൽ തെരുവു വിളക്കുകൾ വെളിച്ചത്തിന്റെ ഒരു പാത നിർമ്മിച്ചു.

മഞ്ഞിനു വീണ്ടും കട്ടി കൂടുകയാണ്. മഞ്ഞിൻ പുക കലർന്ന് അതു കണ്ണുകളെ വേദനിപ്പിക്കാൻ തുടങ്ങി. ടവർ ക്ലോക്കിന്റെ ഡയൽ പിന്നെയും മങ്ങി. അതിന്റെ ചുവട്ടിലെ നിലയിൽനിന്ന് ജാലകത്തിലൂടെ അപ്പോഴും ശക്തിയായ വെളിച്ചം പുറത്തേയ്ക്കു പ്രവഹിച്ചിരുന്നു. കട്ടിയുള്ള മഞ്ഞിൽക്കൂടി ആ വെളിച്ചം കുറേ ദൂരം സഞ്ചരിക്കുന്നപോലെ തോന്നി.

കൂട്ടുകാരൻ പറഞ്ഞതു ശരിയാണെങ്കിൽ, അവിടെ താമസിക്കുന്നത് ഒരു കൂട്ടം കള്ളനോട്ടടിക്കാരാണ്. അവർ അഞ്ചിന്റെയും പത്തിന്റെയും നൂറിന്റെയും നോട്ടുകൾ അച്ചടിച്ചുണ്ടാക്കുന്നു. അല്ലെങ്കിൽ അങ്ങനെ സുബോദ് പറയുന്നു. അതു വാസ്തവമാണോ? ബാനർജി ഒരു നിമിഷം ആലോചിച്ചു. എങ്കിൽ സുബോദ് ഇന്നു കൊല്ലപ്പെടാൻ പോകുകയാണെന്നു ബാനർജിക്കു തോന്നി. കൂട്ടുകാരൻ ഭ്രാന്തു പറയുകയാണെന്നു ബാനർജി വിചാരിച്ചു. എങ്കിൽ നന്നായിരുന്നു. പക്ഷെ, തന്റെ കൂട്ടുകാരൻ വധിക്കപ്പെടുന്നതിന്റെ സംഭാവ്യതയെക്കുറിച്ചു ബാനർജി ഇപ്പോൾ തികച്ചും ബോധവാനായിരിക്കയാണ്.

കൂട്ടുകാരന്റെ വിസിൽ ക്രമമായി ഇടവിട്ടു കേൾക്കാനുണ്ട്. അപ്പോഴെല്ലാം അയാൾ എന്താണു ചെയ്യുകയെന്നു ബാനർജി ഊഹിച്ചു. വാഹനങ്ങൾക്കു പോകുവാൻ കൈയും കാട്ടി ടവർക്ലോക്കുള്ള കെട്ടിടത്തിലേയ്ക്ക് നോക്കുന്നുണ്ടാവും.

കഴിഞ്ഞ ഒരാഴ്ചയായി സുബോദിന് ആ കള്ളനോട്ടടിക്കാരുടെ കാര്യമേ പറയുവാനുണ്ടായിരുന്നുള്ളു. ബാനർജി ഓർത്തു. പക്ഷേ, ബാനർജി തന്റെ സ്നേഹിതൻ പറഞ്ഞത് ഒട്ടും വിശ്വസിച്ചില്ല. വാസ്തവത്തിൽ, കള്ളനോട്ടടിക്കാരെ കുറിച്ചു വ്യത്യസ്തമായ ഒരു ഭാവനയാണു ബാനർജിക്കുണ്ടായിരുന്നത്. വളരെയേറെ അപകടസാദ്ധ്യതയുള്ള ഒരു ജോലി. ഇത്ര പരസ്യമായ ഒരു സ്ഥലത്തുവച്ചു ചെയ്യുവാൻ അവർ ധൈര്യപ്പെടുമോ? തന്റെ സ്നേഹിതൻ ചില തെറ്റായ ധാരണയും വച്ചു കൊണ്ടാണു നടക്കുന്നതെന്നു ബാനർജിക്കു തോന്നിയിരുന്നു. അതുകൊണ്ട് ആ കള്ളനോട്ടടിക്കാരെ പിടിക്കുവാനുള്ള തന്റെ പരിപാടിയെക്കുറിച്ചു സുബോദു പറഞ്ഞപ്പോഴൊന്നും ബാനർജി അധികം താല്പര്യം കാണിച്ചില്ല. ആ കള്ളനോട്ടടി സംഘത്തെ പിടിച്ചാൽ തനിക്കു കിട്ടുവാൻ പോകുന്ന ഉദ്യോഗക്കയറ്റത്തെപ്പറ്റി സുബോദു പറയുമ്പോഴെല്ലാം ബാനർജി വിചാരിക്കാറുണ്ട്. 'പാവം ഭ്രാന്തു പിടിച്ചുപോയി.'

ദിവസവും ഡ്യൂട്ടിക്കു വരിക രണ്ടുപേരുമൊന്നിച്ചാണ്. പാലത്തിന്റെ അടുത്തെത്തിയാൽ കൂട്ടുകാരൻ ടവർ ക്ലോക്കുള്ള കെട്ടിടത്തിലേയ്ക്കു നോക്കിക്കൊണ്ടു പറയും.

'അവർ അവിടെയുണ്ട്. രാത്രി, ആ ജാലകത്തിലൂടെ വെളിച്ചം വരുമ്പോഴെല്ലാം മനസ്സിലാക്കാം. അവർ അവിടെയുണ്ടെന്ന്. ഞാനവരെ പിടിക്കും, ഒരു ദിവസം. അതു ഞാൻ ചെയ്യും.'

അന്നു സുബോദിനെ പരിഹസിക്കുകയാണുണ്ടായത്. പക്ഷേ, ഇന്ന്, മൂടൽമഞ്ഞിൽ കുഴച്ച തണുപ്പിൽ നിന്നു കൊണ്ട് വാഹനങ്ങളെ നിയന്ത്രിക്കുമ്പോൾ ബാനർജിക്കു തന്റെ സ്നേഹിതൻ പറഞ്ഞതു വാസ്തവമാണോയെന്നു തോന്നി. ആ, അരമണിക്കൂറിനു മുമ്പു നടന്ന സംഭവം അയാളെ അത്രയും അട്ടിമറിച്ചിരുന്നു.

ഏഴുമണി അടിക്കുവാൻ തുടങ്ങിയപ്പോൾ ബാനർജിക്കു പാലത്തിന്റെ മുകളിൽ കത്തുന്ന മൂന്നു ഗ്യാസു വിളക്കുകളുടെ പ്രകാശത്തിൽ മറുഭാഗത്തുനിന്നിരുന്ന സുബോദിനെ ഒരുമാതിരി നന്നായിക്കാണുവാൻ കഴിഞ്ഞിരുന്നു. അപ്പോൾ മഞ്ഞിനു ഇത്രയധികം കട്ടിയുണ്ടായിരുന്നില്ല. പിന്നീട് അതിനോടു പുകകൂടി ചേർന്ന് എല്ലാം അവ്യക്തമായിത്തുടങ്ങി. കൂട്ടത്തിൽ കൂട്ടുകാരനും. കുറച്ചു കഴിഞ്ഞപ്പോഴാണ് മനസ്സിലായത്, പുക വന്നിരുന്നതു റോഡിന്റെ മറുഭാഗത്തുനിന്നു കത്തിച്ചിരുന്ന കരിയടുപ്പിൽ നിന്നാണെന്ന്.

അതു കത്തിച്ചിരുന്നവൻ അതിനടുത്തു തന്നെ പുറംതിരിഞ്ഞിരിക്കുകയായിരുന്നു.

ബാനർജി വിളിച്ചു. 'ഏയ്, അടുപ്പുകാരാ.......

ആ കരിയടുപ്പ് അവിടെനിന്ന് എടുത്തുകൊണ്ടു പോകുവാൻ പറയണമെന്നു വിചാരിച്ച്, അയാൾ ഒന്നുകൂടി വിളിച്ചു.

'ഏയ്...........'

പെട്ടെന്ന് അയാൾ തിരിഞ്ഞു നോക്കി. കൊമ്പൻമീശയുള്ള ഒരു ഭീമാകാരൻ. അയാളോട് അടുപ്പ് എടുത്തുകൊണ്ടു പോകുവാൻ പറയുവാൻ തുനിഞ്ഞപ്പോൾ ബാനർജി പെട്ടെന്ന് ഓർമ്മിച്ചത്. ഇവനെ എവിടെവച്ചോ കണ്ടിട്ടുണ്ട്. എവിടെ വച്ചാണ്?

പുക വീണ്ടും മഞ്ഞിൽ കലർന്നു പരിസരങ്ങളെ അവ്യക്തമാക്കുകയാണ്. ബാനർജി അപ്പോഴും ആലോചിച്ചു. എവിടെവച്ചാണവനെ കണ്ടത്? ആ കൊമ്പൻമീശക്കാരൻ, ബാനർജിയെ തുറിച്ചുനോക്കുകയായിരുന്നു. ബാനർജിക്ക് അവന്റെ മുഖത്തു നോക്കുവാൻ ഭയമായി.

കൂട്ടുകാരന്റെ വിസിൽ ഇടയ്ക്കിടയ്ക്ക് അപ്പോഴും കേൾക്കാനുണ്ട്. അയാളുടെ ബെൽറ്റിന്മേലുള്ള ലോഹക്കഷണം അയാളുടെ ഓരോ ചലനത്തിലും തിളങ്ങിക്കൊണ്ടിരുന്നു.

ബാനർജി അടുപ്പു കത്തിക്കുന്നവരെ നോക്കി. ഇപ്പോൾ അയാളുടെ മുഖം കൂടുതൽ വ്യക്തമായിരുന്നു. പെട്ടെന്നു ബാനർജിക്ക് ആ കൊമ്പൻമീശക്കാരന്റെ കണ്ണുകൾ കാണുവാൻ കഴിഞ്ഞു. അതിലെ ക്രൂരതയും.

അയാളെ എവിടെവച്ചാണു കണ്ടത്. ഓ, കിട്ടിപ്പോയി. രാഷ്ബീഹാരി അവന്യുവിൽവച്ച്. അയാളാണോയിത്? അപ്പോഴേയ്ക്കും മറുഭാഗത്തുനിന്നു വന്നിരുന്ന ഒരു ട്രാം കാരണം ആ കൊമ്പൻമീശക്കാരൻ തന്റെ ദൃഷ്ടിയിൽനിന്നും മറഞ്ഞു. ബാനർജി തന്നത്താൻ ചോദിച്ചു. അയാളാണോ ഇത്? പിന്നെ ട്രാം പോയിക്കഴിഞ്ഞപ്പോൾ തന്റെ ഊഹം ശരിയാണോയെന്നു പരിശോധിക്കുവാൻ ബാനർജി അവിടേയ്ക്കു നോക്കി. പക്ഷേ, ആ കൊമ്പൻ മീശക്കാരൻ അടുപ്പുമെടുത്ത് അപ്രത്യക്ഷനായിരുന്നു.

അപ്പോഴേയ്ക്കും പുക അവിടം മുഴുവൻ പരന്നു കഴിഞ്ഞിരുന്നു. ഈ തണുപ്പു കാലത്തു പുക ഒരിക്കലും മുകളിലോട്ടു പോകുകയില്ല. മഞ്ഞുമായി കുഴഞ്ഞ് അതു ഭൂമിയുടെ വിതാനത്തിൽ തങ്ങി നിൽക്കുകയേയുള്ളു.

ബാനർജി അസ്വസ്ഥനായി. ഇന്നു രാവിലെ തന്റെ കൂട്ടുകാരനെപ്പറ്റി ചോദിച്ച ആ കൊമ്പൻമീശക്കാരൻ തന്നെയാണോ ഈ കണ്ടത്? അവനെന്താണ് ഇവിടെ കാര്യം?

ഇന്നു രാവിലെ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പറഞ്ഞത്. അവൻ ടോളി ഗഞ്ചിൽ താമസിക്കുകയാണെന്നാണ്. അവിടെ അവന് ഒരു പലചരക്കു കച്ചവടമുണ്ടത്രെ. പക്ഷേ, ടോളി ഗഞ്ചിൽ പലചരക്കു കച്ചവടമുള്ള ഒരാൾ ഇവിടെ, കാളിഘട്ടു പാലത്തിന്റെ അടുത്തു വന്നിരുന്ന് അടുപ്പു പുകയ്ക്കേണ്ട കാര്യം!! ഇവിടം മുഴുവൻ പുക നിറച്ചു ദൃശ്യത കുറയ്ക്കുകയാണോ അയാളുടെ ഉദ്ദേശം?

അതയാളല്ലെന്നു വരുമോ? അതെ, അത് അയാൾതന്നെയാണ്. അതേ കൊമ്പൻമീശ, അതേ ക്രൂരമായ കണ്ണുകൾ.

അയാൾ രാവിലെ തന്റെ കൂട്ടുകാരെക്കുറിച്ച് അന്വേഷിച്ചു. അയാളുടെ പേര്, ഡ്യൂട്ടി എപ്പോഴാണ് എന്നെല്ലാം. രാവിലെ ബാനർജി അതത്ര കാര്യമായി എടുത്തില്ല. ആ ചോദ്യത്തിൽ അത്ര പന്തികേടുണ്ടെന്നും ഓർത്തില്ല.

ഇപ്പോൾ, ഈ മൂടൽ മഞ്ഞിൽ ഏകനായി നിൽക്കുമ്പോൾ, അയാൾക്കു പല സംശയങ്ങളുമുണ്ടായി. അയാൾ എന്തിനു തന്റെ കൂട്ടുകാരനെപ്പറ്റി അന്വേഷിച്ചു. ബാനർജിക്കു താൻ അതു സുബോദിനോടു പറയാഞ്ഞത് ഒരു വലിയ വിഡ്ഢിത്തമായി തോന്നി. ഈ കൊമ്പൻമീശക്കാരനും, സുബോദു പറഞ്ഞ കള്ളനോട്ടടി സംഘത്തിലെ അംഗമായിരിക്കുമോ? എന്തിനയാൾ കരിയടുപ്പു കത്തിച്ച് ഇവിടം മുഴുവൻ പുകകൊണ്ടു നിറച്ചു?

സംശയങ്ങൾ പുകയെപ്പോലെതന്നെ ബാനർജിയുടെ മനസ്സിൽ വലുതായി വന്നു. അവസാനം അത് ഒരാകാരം പൂണ്ടു. മരണത്തിന്റേതായ ആകാരം. ബാനർജി നടുങ്ങി.

ഇപ്പോൾ വാഹനങ്ങളുടെ തിരക്കു വളരെ കുറഞ്ഞിരുന്നു. ഇടയ്ക്കും, തലയ്ക്കുമായി വല്ല കാറോ, ബസ്സോ, ട്രാമോ മാത്രം പോകും. കൂട്ടുകാരന്റെ ബെൽറ്റിന്റെ ലോഹക്കഷണം ഗ്യാസ് വിളക്കിന്റെ വെളിച്ചത്തിൽ മിന്നി. അടുത്ത നിമിഷത്തിൽ അതും കാണാതാകും. അത്രയധികം മഞ്ഞുണ്ട് ഇന്ന്.

ഈ ഡ്യൂട്ടിയൊന്നവസാനിച്ചാൽ തനിക്കു വീട്ടിൽ പോകാമായിരുന്നു. വീട്ടിൽ തന്നെ കാത്തിരിക്കുന്ന ഭാര്യയെ അയാൾ ഓർത്തു. തന്റെ കൊച്ചുമകൾ ഒരു പക്ഷേ ഉറങ്ങിയിട്ടുണ്ടാകും.

പെട്ടെന്നു ബാനർജിക്കു തന്റെ കൂട്ടുകാരൻ ഒരു ഭർത്താവും, പിതാവും ആണെന്ന കാര്യം ഓർമ്മ വന്നു. അയാളുടെ ഭാര്യയും അയാളെ കാത്തിരിക്കുന്നുണ്ടാവും. സുബോദ് ഇന്നു കൊല്ലപ്പെടുമെന്ന് ആ സ്ത്രീക്ക് ഊഹിക്കുവാൻ പോലും കഴിയുമോ?

താൻ അർത്ഥമില്ലാത്ത ഓരോന്ന് ആലോചിക്കുകയാണെന്നു ബാനർജിക്കു തോന്നി. തന്റെ മനസ്സു വളരെ അസ്വ

സ്ഥമായിരിക്കുന്നു.
തണുപ്പ് ഇപ്പോൾ വളരെയധികമുണ്ട്. ബാനർജിക്കു തന്റെ കൈകൾ കോച്ചുന്നതായി തോന്നി. ലോഹം കൊണ്ടുള്ള വിസിൽ ചുണ്ടിൽ വയ്ക്കുമ്പോൾ ചുണ്ടുകൾ തണുപ്പുകൊണ്ടു വേദനിച്ചു.
ഇപ്പോൾ സമയം ഏകദേശം ഏഴേമുക്കാലായിട്ടുണ്ടാകും. ടവർക്ലോക്കിന്റെ ഡയൽ തീരെ മങ്ങിയിരുന്നു. അതിന്റെ ചുവട്ടിലെ ജാലകത്തിലൂടെ പക്ഷേ, വെളിച്ചം അപ്പോഴും പുറത്തേയ്ക്കു പ്രവഹിച്ചിരുന്നു.
ചുറ്റും മൂടൽമഞ്ഞു കാരണം വെളിച്ചം കുറവായിരുന്നു. ആ മൂടൽമഞ്ഞിൽ മരണം പതിയിരിക്കുന്നുണ്ടെന്നു ബാനർജിക്കു തോന്നി. എന്തിനാണു താനങ്ങനെ വിചാരിക്കുന്നതെന്ന് അയാൾ നിമിഷം ആലോചിച്ചു. ദിവസവും താനിവിടെ പാറാവു നിൽക്കാറുണ്ട്. ഒരു ദിവസവും താൻ ഈ വിധത്തിൽ ആലോചിക്കാറില്ല. ഇന്നു തന്റെ മനസ്സ് ആകെ തകിടംമറിഞ്ഞിരിക്കുന്നു. ഇന്നു വാസ്തവത്തിൽ വല്ലതും സംഭവിക്കുമോ?
തണുപ്പു കാരണം അയാളുടെ, താടിയെല്ലുകൾ കൂട്ടിയടിക്കാൻ തുടങ്ങി. ഇനി പതിനഞ്ചു മിനിറ്റുകൂടിയുണ്ടാവും. അതു കഴിഞ്ഞാൽ തനിക്കു പോകാം. സുഖമായി ഊണു കഴിച്ചു കിടന്നുറങ്ങാം. അതിനുമുമ്പ് ഇന്ന് അതു സംഭവിക്കുമോ?
പീടികകളെല്ലാം അടച്ചുതുടങ്ങി. റോഡിന്റെ ഒരു വശത്തു കത്തുന്ന ഗ്യാസു വിളക്കുകളുടെ മങ്ങിയ പ്രകാശം മാത്രമുണ്ട്  ഇപ്പോൾ. അതും കൂടി കെട്ടുപോയാലോ? ബാനർജി ഭയം കൊണ്ടു വിറച്ചു.
തന്റെ കൂട്ടുകാരനെന്താണു ചെയ്യുന്നതെന്ന് അറിയുവാൻ ബാനർജി ആഗ്രഹിച്ചു. അയാളുടെ ബൽറ്റിന്മേലുള്ള ലോഹക്കഷണം വളരെ മങ്ങിയേ പ്രകാശിക്കുന്നുള്ളു. വളരെ സൂക്ഷിച്ചാലേ കാണാൻ കഴിയൂ.
സമയം എത്രമണിയായിട്ടുണ്ടാകും? എന്താണ് എട്ടുമണിയാവാത്തത്? ബാനർജി ടവർക്ലോക്കിലേയ്ക്കു നോക്കി. ഞെട്ടിപ്പോയി! അവിടെ ജാലകത്തിലൂടെ വന്നിരുന്ന വെളിച്ചം നിലച്ചിരുന്നു. അവിടെ ഇരുട്ടാണ്. അപ്പോൾ അവിടെയുള്ള ആളുകൾ എല്ലാം പുറത്തു കടന്നിട്ടുണ്ടാകും.
താനെന്തൊരു വിഡ്ഢിയാണ്. ബാനർജി തന്നത്താൻ ആശ്വസിക്കുവാൻ ശ്രമിച്ചു. ഇനി അഞ്ചു മിനിട്ടു മാത്രമേയുള്ളു. എട്ടുമണിയാവാൻ. ടവർ ക്ലോക്കിന്റെ പെട്ടെന്നുള്ള അടി കേട്ടാൽ താൻ ഞെട്ടുമെന്നു ബാനർജി വിചാരിച്ചു. അയാൾ കരുതിയിരുന്നു.
പെട്ടെന്നു റോഡിൽ കുറെ ദൂരെയായി അയാൾ ഒരു കുളമ്പടിയൊച്ച കേട്ടു.
'ടപ്പ്, ടപ്പ്, ടപ്പ്,..........
വല്ല കച്ചവടക്കാരനും പീടിക പൂട്ടി പോകുകയായിരിക്കുമെന്നു ബാനർജി വിചാരിച്ചു.
ആ കുളമ്പടി ശബ്ദം അടുത്തടുത്തു വരികയാണ്. പക്ഷേ, മൂടൽമഞ്ഞു കാരണം ബാനർജിക്ക് ഒന്നും കാണാൻ കഴിഞ്ഞില്ല. ഒന്നുരണ്ടു മിനിറ്റു കഴിഞ്ഞപ്പോൾ മഞ്ഞിനിടയിലൂടെ ഒരു നിഴൽ പ്രത്യക്ഷമായി. അടുത്തു വരുന്തോറും ആ നിഴൽ തെളിഞ്ഞു തെളിഞ്ഞു വന്നു. അവസാനം ഒരു ചതുരത്തിലുള്ള കുതിരവണ്ടിയായി മാറി.
'ടപ്പ്, ടപ്പ്, ടപ്പ്.........
കുതിര, തന്റെ കുഞ്ചിരോമം കുലുക്കിക്കൊണ്ടു വണ്ടി വലിക്കുകയാണ്. വണ്ടി ബാനർജിയുടെ മുമ്പിലെത്തിയപ്പോൾ തലേക്കെട്ടോടുകൂടിയ വണ്ടിക്കാരൻ കടിഞ്ഞാൺ വലിച്ചു. കുതിര ഒരു തലയാട്ടത്തോടെ നിന്നു. വണ്ടിയുടെ വാതിൽ ഉള്ളിൽനിന്നു തുറന്ന്, ഒരു തല പുറത്തേയ്ക്കു നീണ്ടു.
ബാനർജി ഞെട്ടിപ്പോയി! അത് ആ കൊമ്പൻ മീശക്കാരനായിരുന്നു, ഒരു നിമിഷം, ആ കൊമ്പൻ മീശക്കാരൻ പലകവാതിൽ കൊട്ടിയടച്ചു. കുതിര വീണ്ടും നീങ്ങി.
'ടപ്പ്, ടപ്പ്..........
ഓരോ കുളമ്പടിയും പതിയുന്നതു തന്റെ ഹൃദയത്തിലാണെന്നു ബാനർജിക്കു തോന്നി. ആ തണുത്ത രാത്രിയിലും അയാൾ വിയർക്കുകയായിരുന്നു.
അയാൾ ഒരു നിശ്വാസത്തോടെ തന്നത്താൻ പറഞ്ഞു. 'അപ്പോൾ അവസാനം അതു സംഭവിക്കാൻ പോകുന്നു. അവർ സുബോദിനെ കൊല്ലാൻ പോകുന്നു.
അവർ കൂട്ടുകാരൻ നിൽക്കുന്നിടത്തു വണ്ടി നിറുത്തും...... എന്തുകൊണ്ടാണവർ  അയാളെ കൊല്ലുക? ഒരു റിവോൾവർ ഉണ്ടാകും. സൈലൻസർ ഘടിപ്പിച്ചാൽ ശബ്ദവും ഉണ്ടാവില്ല.
കുളമ്പടി ശബ്ദം ഇപ്പോഴും കേൾക്കാനുണ്ട്. അത് ഏതു നിമിഷത്തിലും നിൽക്കാം. തനിക്ക് ഇപ്പോഴും ഓടിച്ചെന്നു തന്റെ സ്നേഹിതനെ രക്ഷിക്കാം. പക്ഷേ, തന്റെ കാലുകൾ മരവിച്ചിരിക്കുന്നു. അനങ്ങാൻ വയ്യ. അതിനിടയിൽ അയാൾ വിയർക്കുവാനും തുടങ്ങി. ഈ കഠിനമായ തണുപ്പിലും അയാൾ വിയർത്തു.
ഭയം അയാളുടെ ഓരോ രോമകൂപത്തിലും കടന്നുചെന്ന് അയാളെ നടുക്കി. തന്റെ കൂട്ടുകാരൻ കൊല്ലപ്പെടാൻ പോകുകയാണ്. താനിവിടെ നിസ്സഹായനായി നിൽക്കുകയും.
പെട്ടെന്നു കുളമ്പടിശബ്ദം നിന്നു. വല്ല ശബ്ദവും കേൾക്കാനുണ്ടോ? ബാനർജി പാലത്തിന്റെ മറുഭാഗത്തേയ്ക്കു തുറിച്ചുനോക്കി. ഒന്നും വ്യക്തമല്ല. ഒരു നിഴൽ മാത്രം. മരണത്തിന്റെ നിഴൽ!  അയാൾക്ക് ഉറക്കെ വിളിച്ചു കൂവണമെന്നു തോന്നി. ഇതാ, ഇവിടെയൊരു കൊലപാതകം നടക്കുന്നു. പക്ഷേ, തന്റെ ദേഹമാകെ മരവിച്ചിരിക്കുന്നു. അയാൾ നടുങ്ങി. അവിടെയെന്താണു നടക്കുന്നത്? താൻ, സുബോദിന്റെ നിലവിളി കേട്ടുവോ? ബാനർജി ചെവിയോർത്തു. ഇല്ല, ഒന്നും കേൾക്കാനില്ല. ഒന്നും കാണ്മാനുമില്ല. കൂട്ടുകാരന്റെ ബെൽറ്റിന്മേലുള്ള ലോഹക്കഷണംപോലും.
വിയർപ്പു തുള്ളികൾ നെറ്റിമേൽക്കൂടി ഊർന്നിറങ്ങി. പെട്ടെന്നൊരു വാതിൽ കൊട്ടിയടയുന്ന ശബ്ദം. വീണ്ടും കുളമ്പടി.
'ടപ്പ്, ടപ്പ്, ടപ്പ്...........

താൻ ഒരു നിമിഷത്തിനകം തലചുറ്റി വീഴുമെന്നു ബാനർജി വിചാരിച്ചു. തന്റെ കാലുകൾ വിറയ്ക്കുകയാണ്.

പെട്ടെന്നു ടവർ ക്ലോക്ക് അടിക്കുവാൻ തുടങ്ങി. 'ണോം....ണോം....ണോം.......' ബാനർജി ഞെട്ടി.

എട്ടുമണി! അപ്പോൾ അത് ഇന്നു സംഭവിച്ചു. തന്റെ കൂട്ടുകാരൻ മരിച്ചിരിക്കുമോ?

അയാളുടെ ജഡം അവിടെയുണ്ടാകുമോ?

ഒരു മുഴക്കം സൃഷ്ടിച്ചുകൊണ്ടു ടവർ ക്ലോക്കു എട്ടാമതും അടിച്ചു. അവസാനിപ്പിച്ചു.

ബാനർജി ഒരു ഭ്രാന്തനെപ്പോലെ വിസിൽ വലിച്ചെറിഞ്ഞ്, മഞ്ഞിലൂടെ പാലത്തിന്റെ മറുഭാഗത്തേയ്ക്ക് ഊളിയിട്ടു. അപ്പോഴും അതു കേട്ടു.

'ടപ്പ്, ടപ്പ്, ടപ്പ്...........

അകന്നകന്നു പോകുന്ന കുളമ്പടി ശബ്ദം.

# ഇരുട്ടിന്റെ മകൾ

**പ**കൽ മുഴുവൻ മരുഭൂമിയിൽ നടക്കുകയായിരുന്ന അയാൾ, രാത്രി ശത്രുതയോടെ സമീപിച്ചപ്പോൾ, ഇലകൾകൊണ്ടുണ്ടാക്കിയ ഒരു കുടിലിൽ അഭയം കണ്ടെത്തി. കുടിലിൽ അവളുണ്ടായിരുന്നു; ഉടമസ്ഥ. അയാൾ അകത്തു കയറിയപ്പോൾ അവൾ ചോദിച്ചു:

നീ ആരാണ്? എന്തിനിവിടെ വന്നു?

ഞാനൊരു യാത്രക്കാരൻ. അയാൾ പറഞ്ഞു. പുറത്തു വളരുന്ന ഇരുട്ടും, മണൽക്കാറ്റും എനിക്കെതിരാണ്. ഞാനീ രാത്രി ഇവിടെ താമസിക്കട്ടെ?

നീ ദുഃഖിക്കും. അവൾ പറഞ്ഞു. എനിക്കും ഈ കുടിലിന്നും ഇരുട്ടിലേ നിലനില്പുള്ളു. പകൽ, സൂര്യവെളിച്ചത്തിൽ ഞാൻ ഇല്ലാതാകും. ഈ കുടിലും. നീ കൂടുതൽ ഏകനാവും.

സാരമില്ല. ഞാൻ എന്നും ഏകനായിരുന്നു.

അവളുടെ ദേഹത്തിന്റെ ഊഷ്മാവ് തണുപ്പിനെ അകറ്റി. അവളുടെ ഹൃദയസ്പന്ദനം അയാളുടെ സംഗീതമായി. അവളുടെ നിശ്വാസം അയാൾക്കാശ്വാസമരുളി. പിന്നെ ഒരു ക്രൂരനിമിഷത്തിൽ സൂര്യൻ ഉദിക്കുകയും അതിന്റെ തീക്ഷ്ണജ്വാലകളിൽ അവളും, അയാൾക്കഭയമായിരുന്ന കുടിലും അലിഞ്ഞില്ലാതാവുകയും ചെയ്തപ്പോൾ അയാൾ വീണ്ടും ഏകനായി.

ഒരു നിമിഷം തന്റേതായിരുന്ന സ്വർഗ്ഗത്തിന്റെ മാസ്മരശക്തിയിൽ, ദുഃഖത്തിൽ, പകച്ചുനിന്നു. പിന്നെ മുന്നിൽ നീണ്ടുകിടക്കുന്ന മണലിൽ അടിവെച്ചു നീങ്ങുമ്പോൾ അയാൾ ഓർത്തു: എനിക്ക് വളരെ ദൂരം പോകാനുണ്ട്.

# മധുവിധു

അവർ വേനലിൽ മരത്തിനു ചുവട്ടിൽ മണ്ണിൽ നീണ്ട ചാലുകൾ കീറി താമസമാക്കിയപ്പോൾ മരത്തിന്നു യുവത്വ ത്തിന്റെ അഴകുണ്ടായിരുന്നു. ധാരാളം ഇലകളും തണലുമുണ്ടായിരുന്നു. നമുക്കിവിടെ ജീവാവസാനംവരെ താമ സിക്കാം. അവൾ പറഞ്ഞു. അയാൾ ഒന്നും പറയാതെ അവളെ ആലിംഗനം ചെയ്തു കിടന്നു.

അതു വേനലായിരുന്നു. മരത്തിൽ യുവത്വത്തിന്റെ ഇലകളും തണലുമുണ്ടായിരുന്നു. 'ജീവാവസാനംവരെ,' അവൾ പറഞ്ഞു. അതയാളെ വീണ്ടും വീണ്ടും പുളകം കൊള്ളിച്ചു. അവളുടെ കൺപീലികൾ ഇടതൂർന്നതും കറുത്തതുമാ യിരുന്നു. നേർത്ത് ഓമനത്തം തോന്നിക്കുന്ന ചുണ്ടുകൾ തന്റെ എത്ര സമീപത്താണ്. നിശ്വാസം ഊഷ്മളവും സുഗ ന്ധമുള്ളതുമായിരുന്നു.

നിന്റെ നിശ്വാസത്തിന്നു വാകപ്പൂക്കളുടെ മണമാണ്. അയാൾ പറഞ്ഞു. അവൾ ചിരിച്ചു. കുട്ടിക്കാലം. രാവിലെ എഴുന്നേറ്റാൽ മുറ്റത്തു കാണുന്ന നേരിയ വാകപ്പൂക്കൾ. പൂക്കളുടെ സൗരഭ്യം വളരെ നേർത്തതായിരുന്നു. അവ നനഞ്ഞ മണ്ണിൽ ചിതറിക്കിടന്നു. പൂക്കൾക്കിടയിൽ മണ്ണിൽഞാഞ്ഞൂലുകൾ പുറ്റുണ്ടാക്കി. അവ ഉതിർക്കുമ്പോൾ തണുത്ത കാറ്റു വീശും.

അതു വേനലായിരുന്നു. ഹിമവർഷം കഴിഞ്ഞപ്പോൾത്തന്നെ മരം വീണ്ടും തളിർത്തു. പൂവിട്ടു. ഇളംകാറ്റിൽ പൂക്കൾ വിറകൊണ്ടു. ഇപ്പോഴാകട്ടെ അവ അവരുടെമേൽ പൊഴിഞ്ഞുകൊണ്ടിരുന്നു. അവർ ആലിംഗനബദ്ധരായിരുന്നു. അവ ളുടെ നിശ്വാസത്തിൽ വാകപ്പൂക്കൾ ഉതിർന്നു. നനഞ്ഞ മണ്ണിൽ അവ ചിതറിക്കിടന്നു.

മഴക്കാലത്തെക്കുറിച്ച് അപ്പോൾ ചിന്തിക്കുന്നതിൽ അർത്ഥമില്ല. എങ്കിലും ഓർത്തുപോയി. മഴക്കാലം കഷ്ടപ്പാടു ണ്ടാക്കുന്നതായിരുന്നു. അയാൾ പറഞ്ഞു. എന്റെ കുടിൽ ചോർന്നിരുന്നു. ശക്തിയുള്ള കാറ്റടിക്കുമ്പോൾ ചുമർ വെച്ച ഓലമറകളിൽക്കൂടി കാറ്റ് അകത്തു നുഴഞ്ഞുകയറും. തണുപ്പ് എല്ലുകൾവരെ കടന്നു വന്ന് ഒരു പുഴുവിനെപ്പോലെ കരളും. അതു കഷ്ടപ്പാടുള്ള കാലമായിരുന്നു. മഴക്കാലം.

അവൾ ഒന്നും പറഞ്ഞില്ല.

അതു നാം കണ്ടുമുട്ടുന്നതിനു വളരെ മുമ്പായിരുന്നു. നിന്നെ തേടി നിത്യതയുടെ കവലകളിൽ നടന്നപ്പോൾ. എത്രയോ മുമ്പ്. അതിന്നുശേഷം നാം ഈ ഭൂമിയിൽ എത്രദൂരം അലഞ്ഞു!

ഇതു വേനലാണ്. അവൾ പറഞ്ഞു. അയാൾ ചിരിച്ചു. ആകാശത്തിലുള്ള ചാരനിറം അയാൾ ശ്രദ്ധിച്ചിരുന്നു. അതു ചക്രവാളക്കോണിൽ ഒരു സ്വപ്നം പോലെ അയഥാർത്ഥമായി പ്രത്യക്ഷപ്പെട്ടു. സൂര്യൻ തന്റെ പ്രതാപം കാണിക്കു മ്പോൾ ആ ചാരനിറം, അവസരം പ്രതീക്ഷിക്കുന്ന ഒരു രാക്ഷസനെപ്പോലെ, ഒരു മുക്കിൽ പതിയിരുന്നു. പക്ഷേ, അയാൾ അതു കണ്ടു. അയാൾ ചിരിച്ചു. അവൾ പറഞ്ഞു, ഇതു വേനലാണ്.

സൂര്യൻ ദിനംപ്രതി ക്ഷയിക്കുന്നത് അയാൾ മനസ്സിലാക്കി. ചാരനിറം പ്രബലമായിത്തുടങ്ങി. അതു ക്രൂരമായി ചിരിച്ചു. മരം കരുതലോടെ സൂക്ഷിച്ച പൂക്കളുടെ ഭണ്ഡാഗാരം ക്ഷയിച്ചു. മുമ്പ് ഒരു കാറ്റു വീശിയാൽ പൂമഴയായി രുന്നു. ഇപ്പോൾ ശേഷിച്ച തന്റെ പൂക്കളെ കാറ്റിന്റെ ധൂർത്തടിയിൽനിന്നു രക്ഷിക്കാൻ മരം വിഫലമായി ശ്രമിച്ചു. അവ സാനത്തെ പൂ, അവളുടെ വിയർപ്പു പൊടിഞ്ഞ കവിളിൽ പതിയാൻവേണ്ടി കൊഴിഞ്ഞുവീണപ്പോൾ അവൾ പറഞ്ഞു. എനിക്കു മനസ്സിലായി. നേരിയ കാറ്റിൽ വാടിയ പൂ പറന്നുപോയി. അതു വിസ്മയത്തോടെ പറന്നകന്നു.

അയാൾ കാറ്റിന്നു വന്ന മാറ്റം ശ്രദ്ധിച്ചു. എത്ര പെട്ടെന്നാണ്. അതുവരെ ജാഗ്രതയോടെ ഓടിനടന്ന കാറ്റ് പെട്ടെന്ന് അശ്രദ്ധനായി. കാറ്റു പ്രേമത്തിൽ അകപ്പെട്ടിരിക്കയാണ്. ആരുമായി?

ആലോചിച്ചിരിക്കെ ഒരില താഴോട്ടു വീണു. മുകളിലേക്കു നേക്കിയപ്പോൾ ഒരില കൂടി. വീണ്ടും ഒരില. അയാൾ പറഞ്ഞു. മരം രാജി വെക്കുകയാണ്. വേനലിന്റെ അവസാനമാണ്. നീ ആകാശത്തു നോക്കൂ. അവൾ നോക്കി. വിസ് മയം അവളുടെ കണ്ണുകൾ വിടർത്തി. ഞാനിതു ശ്രദ്ധിച്ചതേയില്ല. ആകാശത്തെ നീലിമ കടുത്തു ചാരനിറമായിരു ന്നു. ഒരു കാറ്റടിച്ചു. അതോടെ കുറെ ഇലകളും പാറിപ്പറന്നുപോയി.

അയാൾ അകലെ മലകളിലേയ്ക്കു നോക്കി. അവ രഹസ്യങ്ങളെ ഗർഭം ധരിച്ചു മൗനമായി നിന്നു. അവ ലോകാ രംഭം മുതൽ അവിടെ നില്ക്കുകയാണെന്നും, പ്രകൃതിയുടെ മാറ്റം അവയിൽ അത്ഭുതം സൃഷ്ടിക്കുന്നില്ലെന്നും അയാൾ ഓർത്തു.

തങ്ങൾ കിടക്കുന്ന മണ്ണു ക്രമേണ വലിയുകയും ശുഷ്കമാവുകയും ചെയ്തു. അയാൾ അസ്വസ്ഥനായി ചിന്തി ച്ചു. ഇനി വരുന്നതു ശീതകാലമാണ്. വരണ്ട ശീതകാലം. അതെങ്ങനെ നേരിടും?

മരത്തിൽനിന്നു പൂക്കൾക്കു പകരം ഇലകൾ കൊഴിഞ്ഞു കൊണ്ടിരുന്നു. കാറ്റു വീണ്ടും സ്വഭാവം മാറ്റി. മനോ ജ്ഞമായിരുന്ന അശ്രദ്ധ, ഭീകരമായ രൗദ്രതയായി മാറി. അകലെ മലകൾ മൗനമായി നിന്നു. അവയുടെ ശിരസ്സിൽ നര കയറി. കാലപ്രവാഹത്തിന്റെ ശക്തിയിൽ അവയുടെ മുഖത്തു ചാലുകൾ വീണു. കാറ്റ് അനുസ്യൂതം അടിച്ചു കൊണ്ടിരുന്നു. ഈ കാറ്റില്ലായിരുന്നുവെങ്കിൽ നാം ഇലകളുടെ അടിയിൽ കിടന്നു ശ്വാസം മുട്ടിയിരുന്നു, അവൾ പറ ഞ്ഞു. അയാൾ മൂളി. അവൾ വളരെ അടുത്തായിരുന്നു. അവളുടെ ശരീരം അയാളുടെ ശരീരത്തോടൊന്നിച്ചായിരു ന്നു. കറുത്ത് ഇടതൂർന്ന കൺപീലികൾ. നേർത്തു തുടുത്ത ചുണ്ടുകൾ. നിശ്വാസത്തിന്റെ സുഗന്ധം. അയാൾ അസ്വ സ്ഥനായി.

സപ്താശ്വങ്ങളെ തെളിച്ചു സൂര്യൻ തന്റെ വഴി മാറിയത് അയാൾ കണ്ടിരുന്നു. അതൊരു പിന്മാറ്റമാണ്. ദക്ഷിണ ചക്രവാളത്തിലൂടെ ഉരുണ്ടിറങ്ങി സൂര്യന്റെ രഥം മകരരാശിയിലൂടെ ചരിച്ചപ്പോൾ കാറ്റിനു ശക്തി കൂടി. മലയുടെ

ശിരസ്സിൽ നര വർദ്ധിച്ചു. പ്രകൃതി ഹേമന്തത്തിൽ നിന്നു ശിശിരത്തിലേക്കു വഴുതി വീണു..

കാറ്റിൽ അല്പാല്പം കണ്ട ഹിമകണങ്ങൾ അയാൾ ശ്രദ്ധിച്ചു. ക്രമേണ അവയ്ക്കു ശക്തി കൂടുന്നതും, കാറ്റിന്റെ ഇരമ്പം മലകൾ കടന്നു വരുന്നതും കേട്ടപ്പോൾ അയാൾ പറഞ്ഞു: കണ്ണടച്ചു കിടന്നോളു, കാലം നമുക്കെതിരാണ്. അവളുടെ മാർദ്ദവമുള്ള ശരീരം തന്റെ ദേഹത്തിൽ പൂർണ്ണമായും ലയിക്കുന്നത് അയാൾക്കനുഭവപ്പെട്ടു. കാറ്റ് ഉഗ്രമായി, മലകളിൽനിന്നു ഹിമക്കഷണങ്ങൾ വാരി സമതലങ്ങളിലേക്കെറിഞ്ഞു. ചരൽക്കല്ലുകൾ പോലെ അവ ചിതറിക്കിടന്നു. അയാൾ കണ്ണടച്ചു.

ഭീകരമായ കാറ്റ് അനർഗ്ഗളം വീശിക്കൊണ്ടിരുന്നു. അവർ അനങ്ങാതെ കിടന്നു. മണിക്കൂറുകൾ; ദിനരാത്രങ്ങൾ. അവർ അന്യോന്യം ദേഹത്തിന്റെ  ഊഷ്മളതയറിഞ്ഞു.  ഭൂമിയിൽ ഏകരാണെന്ന ധാരണയോടെ, നിർവൃതിയോടെ കിടന്നു. ഉറങ്ങിക്കിടന്ന ശരൽക്കാലത്തിന്റെ ഓർമ്മകളെ സ്വപ്നം കണ്ടു. അവസാനം ഉറക്കത്തിൽ നിന്ന്, അയാൾ ഉണർന്നപ്പോൾ പറയാതിരിക്കാൻ കഴിഞ്ഞില്ല.

ഹായ്, എന്തൊരു അലൗകികസൗന്ദര്യം!

അവൾ കണ്ണുമിഴിക്കാതെ ആലസ്യത്തോടെ ചോദിച്ചു. എന്താണു പറഞ്ഞത്?

അലൗകികസൗന്ദര്യം.

എന്താണത്?

കൺതുറന്നു നോക്കൂ.

അവൾ കണ്ണു മിഴിച്ച് ചുറ്റും നോക്കി. ആദ്യം കണ്ടതു മുകളിൽ ഇല കൊഴിഞ്ഞ മരത്തിന്റെ ചില്ലകൾ. നഗ്നനായ, തോർത്തിച്ചു കൊടുക്കുകയും ഉടുപ്പിച്ചു കൊടുക്കുകയും ചെയ്യാൻ നിസ്സഹായനായി കാത്തു നില്ക്കുന്ന, മരം. അവർ ചുറ്റും കണ്ണോടിച്ചു. നാലു വശവും മഞ്ഞാൽ മൂടപ്പെട്ടിരുന്നു. തിളങ്ങുന്ന ശുഭ്രമായ ഹിമം കണ്ണെത്താവുന്ന ദൂരം മുഴുവൻ. കണ്ണുകൾ പരിധിയെ തേടിപ്പോകുമ്പോൾ എത്തുന്നത് അകലെ ഉയർന്നുനില്ക്കുന്ന മലകളിലാണ്. മഞ്ഞണിഞ്ഞ മലകൾ. താഴ്വാരങ്ങളിൽ വേനലിന്റെ ലാളനയിൽ ഉർവ്വരയിൽ തുടിച്ചു നിന്ന ഹരിതവീചികൾ എവിടെപ്പോയി മറഞ്ഞു? പിന്നീടാണവർ കണ്ടത്. ആകാശത്തിൽ അനന്തതയുടെ ദിവാസ്വപ്നം പോലെ പൗർണ്ണമിച്ചന്ദ്രൻ. അതിന്റെ കിരണങ്ങൾ ഭൂമിയെ ആവരണം ചെയ്ത ഹിമത്തിൽ തട്ടിത്തിളങ്ങി. എവിടെയും ശുഭ്ര നിറം.

പൗർണ്ണമി. അയാൾ മന്ത്രിച്ചു. അവൾ കേട്ടില്ല. നിലാവ് മഞ്ഞണിഞ്ഞ ഭൂവിൽ സൃഷ്ടിച്ച മായാലോകത്തിൽ അവൾ മോഹിതയായിരിക്കയാണ്. വലിയ കണ്ണുകൾ വിടർന്നിരുന്നു. നേരിയ ചുണ്ടുകൾ മന്ത്രിച്ചു. നിശ്വാസത്തിൽ വാകപ്പൂക്കളുടെ സുഗന്ധം മുറ്റിനിന്നു. മൃദുശരീരത്തിന്റെ സാമീപ്യം ലഹരി പിടിപ്പിക്കുന്നു.

ഞാൻ നിന്നിൽ ലയിക്കട്ടെ!

അവളുടെ ചുണ്ടിൽ തേനുണ്ടെന്ന് അയാൾ മനസ്സിലാക്കി. അവൾ കണ്ണടച്ചു, സായുജ്യത്തോടെ.

തളർന്ന കണ്ണുകളോടെ അയാൾ ചുറ്റും നോക്കി. മഞ്ഞണിഞ്ഞ മലകൾ വളരെ അകലെയാണ്. അവയുടെ ശൃംഗങ്ങൾ ആകാശത്തെ തുളയ്ക്കുന്നു.

മലകളുടെ വിള്ളലിൽ പെട്ടെന്ന് പ്രത്യക്ഷപ്പെട്ട ഒരു കറുത്ത ബിന്ദു അയാൾ ശ്രദ്ധിച്ചു. അസാധാരണവും നിഗൂഢവുമായ ഒരു ബിന്ദു. ശുഭ്രമായ മലകൾക്കെതിരെ, ഭൂതലത്തിന്നെതിരെ, സാവധാനത്തിൽ വളർന്നു വരുന്ന ഒരു ബിന്ദു. അയാൾ കണ്ണിമയ്ക്കാതെ നോക്കി നിന്നു. നിമിഷങ്ങൾ ഒരു പെരുമ്പാമ്പിനെപ്പോലെ ഇഴഞ്ഞു. കറുത്ത ബിന്ദു വളർന്നുവന്നു. ഒരു രൂപം പ്രാപിച്ചു. അതൊരശ്വാരൂഢനാണെന്നയാൾക്കു മനസ്സിലായി. കുതിരയുടെ ചലനത്തിന്നനുസരിച്ച് അയാളുടെ ആകാരം ഉയരുകയും താഴുകയും ചെയ്തു. ഒരു മരീചിക പോലെ, നെടുവീർപ്പിടുന്ന തിര പോലെ.

അയാൾ ചുറ്റും നോക്കി. നിലാവു മങ്ങിയിരുന്നു. മലകളുടെ താഴ്വാരങ്ങളിലെവിടെ നിന്നോ ജനിച്ച കാറ്റ് കൊടുങ്കാറ്റായി മാറിയിരുന്നു. മഞ്ഞ് ധൂളിയായി ഉയർന്നു. മുകളിൽ ഇലകളില്ലാതെ നഗ്നമായി നില്ക്കുന്ന മരം ഉലഞ്ഞു. അശ്വാരൂഢൻ മാത്രം അചഞ്ചലനായി യാത്ര തുടരുന്നത് അയാൾ കണ്ടു. കൊടുങ്കാറ്റിന്റെ ഉഗ്രതയ്ക്കിടയിലും അയാൾ കുളമ്പടി കേട്ടു. അടുത്തടുത്തു വരുന്ന കുളമ്പടി ശബ്ദം. മങ്ങിയ നിലാവിൽ, നരച്ച താടിയും ദേഹമാസകലം മൂടുന്ന ശുഭ്രവസ്ത്രവുമുള്ള അശ്വാരൂഢനെ അയാൾ തിരിച്ചറിഞ്ഞു.

അവിടുത്തെ ദൂതൻ.

അയാൾ തല കുനിച്ചു. കൊടുങ്കാറ്റിന്റെ ആരവം. പൊടിമഞ്ഞിളകിയുയർന്നു നിലാവിനെ നിഷ്പ്രഭമാക്കി. ഇടിവെട്ടു പോലെയുള്ള കുളമ്പടി അടുത്തടുത്തു വന്നു. അവർ കണ്ണുകളടച്ച് ആലിംഗനബദ്ധരായി കിടന്നു.

കൊടുങ്കാറ്റിന്റെ താണ്ഡവം അവസാനിച്ചത് എപ്പോഴാണെന്നറിഞ്ഞില്ല. യുഗങ്ങൾ നീണ്ടു നിന്ന നിദ്രയ്ക്കു ശേഷം കൺതുറന്നപ്പോൾ കൊടുങ്കാറ്റില്ല. ചന്ദ്രനില്ല. ഭൂമിയെ മായാലോകമാക്കിയിരുന്ന നിലാവില്ല. പകരം നഷ്ടപ്പെട്ട സാമ്രാജ്യം വീണ്ടെടുക്കാൻ യുദ്ധം ചെയ്യുന്ന സൂര്യൻ. അകലെ മലകളുടെ ശിരസ്സിൽനിന്നു നീർച്ചാലുകൾ ഉറവിട്ടു താഴോട്ടൊഴുകുന്നു. തങ്ങൾ കിടക്കുന്നതിന്റെ അടുത്തു വരെ മണ്ണിൽ കുളമ്പടി കൊണ്ടുണ്ടായ ആഴമുള്ള കുഴികൾ. ഒരേ അകലത്തിൽ ഇടവിട്ടുള്ള കുഴികൾ. അവയിൽ നിറഞ്ഞിരുന്ന തെളിനീരിൽ പ്രതിഫലിച്ച സൂര്യരശ്മികൾ അയാളുടെ കണ്ണഞ്ചിച്ചു.

വാകപ്പൂമണം അയാൾ വീണ്ടും ശ്വസിച്ചു. അവളുടെ വിളർത്ത കവിളിലെ മാദകമായ ഗന്ധം അലൗകികമായ എന്തോ ഒന്നിനെ ഓർമ്മിപ്പിച്ചു. അപ്പോൾ അയാൾക്കു മനസ്സിലായി, തങ്ങളുടെ വേരുകൾ ഭൂമിയിൽ ആഴത്തിൽ ഇറങ്ങിയിരിക്കുന്നു.

മുകളിൽ മരം തളിർത്തു വരുന്നത് അയാൾ കണ്ടു.

**ഉള്ളടക്കത്തിലേയ്ക്ക്**

# ഞാൻ നിന്നിൽ

വെളുത്ത പശ്ചാത്തലത്തിൽ മഞ്ഞത്തെച്ചിപ്പൂക്കളിൽ തത്തിക്കളിക്കുന്ന വർണ്ണചിത്രശലഭങ്ങൾ, ഭൂതകാലം സൃഷ്ടിച്ച അകലത്തിൽ അവയെ കൗതുകപൂർവ്വം നോക്കി നില്ക്കുന്ന ഫ്രോക്കുകാരി പെൺകുട്ടിയുടെ തോളിൽ കൈയിട്ടു നില്ക്കുന്ന കാലുറക്കാരൻ പയ്യൻ. ഒതുക്കമില്ലാത്ത തലമുടി അശ്രദ്ധമായി നെറ്റിമേൽ വീണു കിടക്കുന്നു.

പുറത്ത് കെട്ടിടങ്ങളുടെ നിഴലുകളും വെളിച്ചവും തമ്മിൽ യുദ്ധം തീവ്രമായി. ജയിക്കാനുള്ള വെമ്പൽ. നിലനില്ക്കാനുള്ള ആവേശം. യുദ്ധം പുരോഗമിച്ചു. ക്രമേണ വെളിച്ചം ദുർബ്ബലമായി, വിളറി. കൊച്ചു നിഴലുകളെ സഹായിക്കാനെത്തിയ ഒരു വലിയ നിഴലിന്നു വെളിച്ചം കീഴടങ്ങിയതോടെ യുദ്ധം അവസാനിച്ചു. ഭീകരമായ, അസ്വസ്ഥമായ, ശാന്തത. മരിച്ച വെളിച്ചം ഒരായിരം കണികകളായി പുനർജ്ജീവിച്ചു. ഞാൻ ഇനിയും വരും, കൂടുതൽ ശക്തമായി. വെളിച്ചം പറഞ്ഞു.

തുറന്ന വാതിലിന്നു പുറമേ സംശയിച്ചടുക്കുന്ന ടാക്സി. ഡ്രൈവറുടെ താടിക്കിടയിലൂടെ ക്ഷണിക്കുന്ന മുഖം. എണ്ണക്കടലാസ്സിലൊഴിച്ച ജലംപോലെ ക്ഷണികമായ സംശയം.

എൽഗിൻ റോഡ്.

തെരുവിലൂടെ യാത്ര. തിരിവിൽ ഉയർന്ന കെട്ടിടത്തിന്നു താഴെ എരിയുന്ന സിഗററ്റു കട. ഒരു പുരാതന സ്വപ്നത്തിന്റെ ശിഥിലമായ ഓർമ്മപോലെ. പിന്നെ അസ്വസ്ഥചിന്തകളിലൂടെ നിലയ്ക്കാത്ത പ്രയാണം. നിങ്ങളെന്നെ ഉപദ്രവിക്കാതിരിക്കൂ. മുറിവേറ്റ മൃഗത്തിന്റെ പിടച്ചിൽ ദൂരത്തല്ല. ഏകാകിയായിരിക്കുമ്പോൾ അതിന്റെ ദീനരോദനം എനിക്കു കേൾക്കാം. ഞാൻ ശ്രദ്ധിക്കില്ല. എനിക്കു ശ്രദ്ധിക്കാൻ വയ്യ. ഞാൻ ഏകാന്തതയെ ഭയപ്പെടുന്നു. കാരണം, ഏകാന്തതയിൽ ഒരു കറുത്ത മുഖം എന്നെ പിൻതുടരുന്നു. ആരും എനിക്കഭയം തരുന്നില്ല. നീ എന്താണ് ഒന്നും എഴുതാത്തത്? അവർ ചോദിക്കുന്നു. ഞാൻ ശ്രദ്ധിക്കുന്നില്ല. ഞാൻ, ഒരുകാലത്തു താലോലിച്ചിരുന്ന, കറുത്ത മൃഗത്തിന്റെ ശബ്ദത്തിനു വേണ്ടി ചെവിയോർക്കുന്നു.അത് അടുത്തെവിടേയോ ആണ്. ഒരു മൂലയിൽനിന്ന് എന്നെ തിരയുകയാണ്. നിങ്ങളെനിക്കഭയം തരൂ.

ഞങ്ങൾ നിസ്സഹായരാണ്. നീ ഞങ്ങളിലേക്കു കടന്നുവരുന്നില്ല. അവർ പറഞ്ഞു. ശരിയാണ്. ഞാൻ ഒരു ദ്വീപിലാണ്. മോചനം കാംക്ഷിക്കാത്ത തടവിലാണ്. ഭൂതകാലം ഒരു അമൂല്യനിധി പോലെ ഞാൻ സൂക്ഷിക്കുന്നു. എന്റേതുമാത്രമായ അതിന്റെ നിഴൽ എനിക്കു തണലാണ്.

എൽഗിൻ റോഡിലെ സുപരിചിതമായ പുരാതനഭവനം. മുമ്പിൽ, തോട്ടത്തിൽ വിരിഞ്ഞു നില്ക്കുന്ന വലിയ ഡാലിയാപ്പൂക്കൾ. എന്റെ അഭാവത്തിൽ ഇവിടെ പൂക്കൾ വിരിഞ്ഞിരിക്കുന്നു. നീയെന്ന മനുഷ്യനെ ഞങ്ങൾ മറന്നിരിക്കുന്നു. ഇളം ചെടികളായിരുന്നപ്പോൾ, കരുണയോടെ അഭയം തന്ന മണ്ണിൽ തഴച്ചു വളർന്നപ്പോൾ, ഒരു സ്വപ്നത്തെ ഗർഭം ധരിച്ചപ്പോൾ, നീയെവിടെയായിരുന്നു? നിനക്കു ഞങ്ങളുടെ ഹൃദയത്തിലേക്കിറങ്ങിവരാൻ കഴിയില്ല.

എനിക്കറിയാം. അകൽച്ചയിൽനിന്നുളവായ അപരിചിതത്തോടെ, വേദനയോടെ, അവൾ പറഞ്ഞു; എനിക്കു മനസ്സിലാക്കാം.

വാതിലിന്നു മുകളിലുള്ള വെളുത്ത ബട്ടന്റെ പ്രേരണയിൽ അകത്തെ ബെൽ അമർത്തിച്ചിരിച്ചു. മുകളിൽ നിന്നു മറുപടി, ബംഗാളിയിൽ.

കാകെ ചായ്?

ബാൽക്കണിയിൽ, തലയിൽക്കൂടി വെളുത്ത സാരിയിട്ട ഒരു സ്ത്രീ.

ചിത്രകാരൻ ഇല്ലേ?

കേ?

ചിത്രകാരൻ, സമീർ?

അയാൾ ഇവിടെനിന്നു മാറിയിട്ട് ഒരു മാസമായല്ലൊ.

എവിടേക്കാണു മാറിയത്?

അറിയില്ല.

നിരാശ. കാൽച്ചുവട്ടിലെ ഹിമത്തിൽ പിളർന്നു വന്ന ഒരഗാധഗർത്തം അവളെ വിഴുങ്ങി. കെട്ടടങ്ങിയ ഉത്സാഹത്തിന്റെ തണുത്ത ചാരം. വിറങ്ങലിച്ച ശവകുടീരം. അതിൽ ഒരു മൃതദേഹമായി ലോകാവസാനം പ്രതീക്ഷിച്ചുകിടക്കാം. ഓർമ്മയുടെ തിളങ്ങുന്ന മാർബിൾ പലകമേൽ തങ്കലിപികളിൽ എഴുതാം: 'ഞാനെന്ന ദേഹം ഇവിടെ നിദ്രകൊള്ളുന്നു.' എനിക്കു മുക്തിയില്ല.

അനന്തതയിൽനിന്നു പെട്ടെന്നൊഴുകിവന്ന ഒരു പ്രകാശകിരണം അപ്പോൾ പറഞ്ഞു. നിന്നെ പിൻതുടരുന്ന കറുത്ത മൃഗത്തെ നിഷ്കരുണം കൊല്ലൂ. നീയെന്തിനതിനെ ഇഷ്ടപ്പെടുന്നു? നിനക്കു മോചനമുണ്ട്. അവൾ ചിരിച്ചു. വിളറിയ ചിരി. വേറെ വഴിയില്ല.

ലോവർ സർക്കുലർ റോഡ്.

വാതിൽ തുറന്നത് രാണു.

ഹല്ലൊ, ആശാലത, വരൂ.

ചുവരിൽ സെസ്സാന്റെ നിശ്ചലജീവിതത്തിന്നരികെ പിക്കാസോവിന്റെ ഗിതാർ വായനക്കാരൻ. താഴെ രാണു. ബോബുചെയ്ത മുടി. തുടുത്ത കവിളുകൾ. തിളങ്ങുന്ന കണ്ണുകൾക്കു മുകളിൽ ഇടതൂർന്ന കൺപീലികൾ. ഇറക്കി

യുടുത്ത, വലിയ ചുവന്ന പൂക്കളുള്ള സാരി. പൊക്കിളിനു താഴെ വെളുത്ത വയർ. തികച്ചും ഒരു ഉർവ്വശി, ചിത്രകാരന്റെ മോഡൽ.
നിറമുള്ള ചുവരിന്മേലുള്ള ആഭരണങ്ങളുള്ള വിളക്കും, സെസ്സാനും, പിക്കാസോവും അപ്രത്യക്ഷമായി. പകരം ഇരുണ്ടു മാറാലപിടിച്ച ചുവരുകൾ. കാൻവാസ് വിരിച്ച മുക്കാലിക്കു മുമ്പിൽ ബ്രഷും പാലറ്റും പിടിച്ച ചിത്രകാരൻ. അകലെ ദീവാനിൽ കിടക്കുന്ന നഗ്നയായ ചെറുപ്പക്കാരി.
വാതിൽ തുറന്ന് അപ്രതീക്ഷിതമായ പരിതഃസ്ഥിതിയിൽ വന്നുപെട്ടു വൈഷമ്യത്തോടെ നില്ക്കുന്ന സ്ത്രീയോടു ചിത്രകാരൻ പറഞ്ഞു.
നോക്കൂ, വെണ്ണക്കല്ലിലുണ്ടാക്കിയ പ്രതിമ. റൊഡാന്റെ ശില്പം!
ചായംതേച്ച ചുവരുകൾ വീണ്ടും വന്നപ്പോൾ, വളരെ നേരമായി നോക്കിയിരിക്കുകയായിരുന്നെന്ന ബോധത്തിൽ നിന്നുളവായ ലജ്ജയോടെ പറയുന്നു:
എനിക്കു തിരക്കുണ്ട്. ടാക്സി പുറത്തു കാത്തുനില്ക്കുന്നു. സമീരിന്റെ വിലാസം അറിയുമോ?
സമീർ പഴയ സ്ഥലത്തുതന്നെയല്ലേ?
അല്ല, അവിടെനിന്നു മാറിയിരിക്കുന്നു.
വ്യസനിക്കുന്നു, ലത. എനിക്കറിയില്ല. ഞാൻ രണ്ടുമാസമായി അയാളെ കാണാറില്ല.
ഒരിടിമിന്നൽ. കുറെക്കാലമായി ഇരുളടഞ്ഞു കിടന്ന മുറിയിൽ പെട്ടെന്നു വെളിച്ചം വീശി. ഞാനെന്തിന് ആ മുറി അടച്ചിട്ടു?
ഗാലറിയിൽ അന്വേഷിച്ചു നോക്കൂ. ഒരുപക്ഷേ, അവർക്കു തരാൻ കഴിയും.
നന്ദി!
പ്രയാണം തുടർന്നു. സർദാർജി, പാർക്ക് സ്റ്റ്രീറ്റിലേക്കു വിടൂ.
മേംസാബ്......അക്ഷമയുടെ ശബ്ദം.
ദയവായി, സർദാർജി.
പ്രയാണം തുടർന്നു. ഇതവസാനത്തെ തുരുമ്പാണ്. എനിക്കു രക്ഷകിട്ടില്ലേ? ഇല്ലെങ്കിൽ തിരിച്ചുപോകാം. വീണ്ടും കൂട്ടിലിട്ട സിംഹിയെപ്പോലെ മുറിയിൽ ഉലാത്താം. കഴിഞ്ഞ രണ്ടുമാസങ്ങളിൽ അനുഭവിച്ച നിരർത്ഥകത എനിക്കു തികച്ചും അറിയാം. ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന സൂര്യന്റെ ഗതി മുറിയിൽ വരുത്തുന്ന വ്യതിയാനങ്ങൾക്കനുസരിച്ച് അരിച്ചു നീങ്ങുന്ന നീണ്ട ദിവസങ്ങൾ എന്നെ ക്ലേശിപ്പിച്ചിരുന്നു. ഈ ദിവസങ്ങൾക്കു ഭൂതമുണ്ടായിരുന്നില്ല; ഭാവിയും. കനത്തു ഭാവശൂന്യമായി നില്ക്കുന്ന വർത്തമാനം മാത്രം. ഞാനതിനെ വെറുക്കുന്നു.
ഗാലറിയുടെ പുറത്തു വാതിലിന്നു മുകളിൽ ഇംഗ്ലീഷിൽ സുവർണ്ണലിപികൾ: 'കശ്മീരിലെ ഓർമ്മകൾ.'
വാതിൽ കടന്നു. ഇരുവശത്തും ചുമരിൽ ഫ്രെയിംചെയ്തു വെച്ച ചിത്രങ്ങൾ. ഹിമാലയത്തിന്റെ മഞ്ഞണിഞ്ഞ കൊടുമുടികൾ. ജീവിതം തുടിക്കുന്ന താഴ്വരകൾ. സുന്ദരികളായ കാഷ്മീരി പെൺകിടാങ്ങൾ.
മിസ് ലതാ, വരൂ. ഇത്രകാലത്തിനുശേഷം. ഞങ്ങളെ സന്ദർശിക്കാൻ മനസ്സു വന്നതിൽ നന്ദി പറയണം. സമീരിന്റെ അഡ്രസ്സോ? നിങ്ങൾ ഭാഗ്യവതിയാണെങ്കിൽ എന്റെ ഡയറിയിലുണ്ടാകും.......അതെയതെ, പുതിയ സ്ഥലത്ത്. നോക്കട്ടെ.......നമ്പർ ലോവർ റേഞ്ചിൽ, പാക്ക് സർക്കസ്സിലാണ്. ഞാനയാളെ കണ്ടിട്ടു കുറെ നാളായി. ഏകാന്തവാസമാണെന്നു തോന്നുന്നു. ഒരു പ്രദർശനത്തിന്നു ചിത്രങ്ങൾ വേണമെന്നു പറഞ്ഞ് മാസങ്ങളായി.
ലോവർ റേഞ്ചിൽ വലിയ കെട്ടിടത്തിനു മുമ്പിൽ ടാക്സി നിന്നു. വെളിച്ചം മങ്ങിനില്ക്കുന്ന ഇടനാഴികകളിലൂടെ, അക്ഷമയുടെ പടികളിലൂടെ ഊളിയിട്ടു. അവസാനം പിച്ചളത്തകിടിൽ പ്രതീക്ഷിച്ച പേർ. ബെല്ലടിച്ചു കാത്തുനിന്നു. നീണ്ടതും തികച്ചും വിരസവുമായ വിരഹത്തിനുശേഷം കണ്ടുമുട്ടുമ്പോൾ ഉതിർന്നുവീഴുന്ന നിമിഷങ്ങളുടെ നിറങ്ങളെന്തെല്ലാമായിരിക്കും?
വാതിലിന്നു പിന്നിൽ ചലനം. ഉൽക്കണ്ഠാകുലമായ ഒരു നിമിഷം. തുറന്ന വാതില്ക്കൽ ചിത്രകാരൻ. മുഖത്തു സമൃദ്ധമായ താടി; ചുണ്ടുകളിൽ പരിചിതമായ പുഞ്ചിരി.
നിമിഷങ്ങളോളം രണ്ടപരിചിതരേപ്പോലെ മുഖത്തോടുമുഖം നോക്കിനിന്നു. പിന്നെ അണക്കെട്ടു തകർന്നൊഴുകിയ ജലം പോലെ ചിത്രകാരന്റെ നീട്ടിയ കൈകളിലേക്കു കുതിച്ചു. ദീർഘമായ ആലിംഗനം. ചുണ്ടുകൾ ചുണ്ടുകളെത്തേടിയലഞ്ഞു. കണ്ടുമുട്ടിയപ്പോൾ വീണ്ടും അസ്വസ്ഥങ്ങളായി. ഈ ആലിംഗനത്തിൽ നിന്ന്, ചുംബനത്തിൽ നിന്ന്, വേർപെടാൻ എനിക്ക് ഒരിക്കലും കഴിയില്ല. വേർപെടൽ നിരർത്ഥകതയാണ് മരണമാണ്.
ഞാൻ നിന്നെ കാത്തിരിക്കയായിരുന്നു.
ഞാൻ വന്നു.
നീ ഇനി പോവില്ലെന്നു പറയൂ.
ഒരു വാഗ്ദാനം. സുരക്ഷിതയാണെന്ന ബോധത്തിന്റെ തീനാളത്തിൽ മരവിപ്പില്ലാതായി. ഈ മാറ്റം എത്ര പെട്ടെന്നാണ്. ഇപ്പോൾ ശവക്കല്ലറയില്ല. തന്റെ ജീവിതകാലം മുഴുവൻ പിന്തുടർന്ന കറുത്ത മൃഗത്തിന്റെ രോദനമില്ല.
നിമിഷങ്ങൾ കൊഴിഞ്ഞു വീണുകൊണ്ടിരുന്നു. വർണ്ണപ്പൊലിമയുള്ള നിമിഷങ്ങൾ. ചിത്രകാരൻ സംസാരിക്കുകയായിരുന്നു. അവൾക്കു ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. ചിത്രകാരൻ സംസാരിക്കുകയാണ്. ആശ നശിച്ച, എല്ലാം കഴിഞ്ഞുവെന്നു കരുതിയ, ദിവസങ്ങളെപ്പറ്റി. ബ്രഷ് കൈയിലെടുത്തു കാൻവാസിനു മുമ്പിൽ ധ്യാനിച്ചു, മോക്ഷം ലഭിക്കാതിരുന്ന അവസരങ്ങളെപ്പറ്റി. ചിത്രകാരൻ സംസാരിക്കുകയായിരുന്നു.
മുറിയുടെ മൂലയിൽ ജാലകത്തിന്നരികെ വെച്ച മുക്കാലിമേലുള്ള കാൻവാസ് മങ്ങി വൃത്തികേടായിരുന്നു. ഞാൻ സ്വയം ശപിക്കട്ടെ. ഞാനും ഒന്നുമെഴുതിയിട്ടില്ലെന്ന് എനിക്കുള്ള മൗനശിക്ഷയാകട്ടെ.

സ്വീകരണമുറിയിൽ ടീപ്പോയിൽമേൽ ഒരു കുപ്പി നിറമുള്ള ദ്രാവകം. ഗ്ലാസ്സുകൾ. ചിത്രകാരൻ ചിരിച്ചു. നിന്റെ അഭാവത്തിൽ ജീവിക്കുകയെന്ന യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാൻ ഞാൻ കണ്ടുപിടിച്ച മാർഗ്ഗം. അയാൾ ആ ദ്രാവകം ഗ്ലാസ്സുകളിൽ പകർന്നു. അതിന്റെ നിറം വിളറി. ഗ്ലാസ്സുകൾ കൂട്ടിമുട്ടി സംഗീതം പൊഴിച്ചു. സോഫയിൽ അവളുടെ അടുത്തു കിടന്ന പുസ്തകം ചിത്രകാരൻ കണ്ടു. ചിത്രശലഭങ്ങൾ; അയാൾ നിർത്തിനിർത്തി വായിച്ചു.

ഹായ്, നിന്റെ ആദ്യത്തെ കുട്ടി.

ഒരു ചിത്രകാരന്റെ മുഖച്ഛായയുള്ള, അയാളുടെ രക്തം സിരകളിലോടുന്ന, കുട്ടി.

ചിത്രകാരൻ പുസ്തകം മറിച്ചുനോക്കി. പുതുമയുടെ ലഹരിപിടിപ്പിക്കുന്ന മണം വിട്ടിട്ടില്ലാത്ത പുസ്തകം.

എനിക്കീ കവിതകൾ വായിക്കാൻ കഴിഞ്ഞെങ്കിൽ!

നിങ്ങൾക്കെന്നെ മനസ്സിലാക്കാൻ കഴിയുന്നുണ്ടല്ലോ. അതു മതി.

പേജുകൾ മറിഞ്ഞു. സെപ്റ്റംബർ മാസത്തിലെ ദിവസങ്ങൾ ലഹരിപിടിപ്പിക്കുന്നതായിരുന്നു. പ്രത്യേകിച്ചും മദ്ധ്യാഹ്നങ്ങൾ. മായ സൃഷ്ടിക്കുന്ന വെയിൽ നിന്റെ മുഖത്തും, തലമുടികളിലും, വൃക്ഷത്തലപ്പുകളിലും. തെച്ചിപ്പൂക്കളിൽ തേൻ കുടിക്കാനെത്തുന്ന പൂമ്പാറ്റകൾ. നിനക്കുവേണ്ടി അവയെ പിടിക്കാൻ ശ്രമിച്ചപ്പോൾ ഒരു പൂമ്പാറ്റയുടെ ലോലമായ ചിറകു മുറിഞ്ഞുപോയി. അതു പറക്കാൻ വയ്യാതെ കിടന്നു പിടഞ്ഞപ്പോൾ നീ കരഞ്ഞു. എന്നോടു പിണങ്ങി. പിന്നീടു ഞാൻ നിന്നിൽ നിന്നകന്നപ്പോൾ, ഏകനായപ്പോൾ, എന്നെ വേദനിപ്പിച്ച വ്യസനം കൊണ്ടു നീ വീണ്ടും കരഞ്ഞു.

അതു ഞാനായിരുന്നു.

വേനലിൽ ഞാൻ നിനക്കുവേണ്ടി  പാവകൾ ഉണ്ടാക്കി. രാജാവിന്റേയും രാജ്ഞിയുടേയും പ്രതിമകൾ. നീ പറഞ്ഞു, എന്തു ഭംഗിയുള്ള പാവകൾ. അതു വേനലായിരുന്നു. വേനലിന്റെ അവസാനത്തിൽ മഴ വന്നു. കുളങ്ങളും പുഴകളും നിറഞ്ഞൊഴുകിയപ്പോൾ ഞാൻ  പനിയായിക്കിടന്നു. അപ്പോൾ നീ വന്നു. മഴയ്ക്കുമുമ്പു ഞാൻ നിനക്കു വേണ്ടി ഉണ്ടാക്കിയ പാവകൾ നീ എന്റെ കിടക്കയ്ക്കു ചുറ്റും നിരത്തിവെച്ചു. ഞാനറിയാതെ നീ അവയ്ക്കു പല നിറങ്ങൾ കൊടുത്തിരുന്നു. ഞാൻ അവയെ വളരെ ഇഷ്ടപ്പെട്ടു. നീയാണ് അവയ്ക്കു ഭംഗി നല്കിയതെന്നു പറഞ്ഞു. അപ്പോൾ നീ ലജ്ജയോടെ എന്റെ കവിളിൽ ചുംബിച്ചു.

നീ മായാബന്ധിതനാണ്. മായാവിമുക്തനാകുന്ന നിമിഷങ്ങളിൽ, നാം കണ്ടുമുട്ടിയപ്പോൾ പറഞ്ഞു, പിന്നീട് അടുപ്പം കൂടിയപ്പോൾ മറന്നുപോയതും, നീ ജനിച്ചുവളർന്നതുമായ ബംഗാൾ ഗ്രാമത്തെക്കുറിച്ചു നീ ഓർക്കാതിരിക്കട്ടെ. നീ എന്നിൽനിന്നു വീണ്ടും അകലാതിരിക്കട്ടെ.

പേജുകൾ മറിഞ്ഞു. ചിത്രകാരൻ സംസാരിക്കുകയായിരുന്നു.

പിന്നെ, നീ എന്റെ ജീവിതത്തിൽനിന്നുപോയപ്പോൾ, നഷ്ടപ്പെട്ട കൂട്ടുകാരിയെ ഓർത്തു നിരർത്ഥകമായി തോന്നിയ മദ്ധ്യാഹ്നങ്ങളിൽ ലക്ഷ്യമില്ലാതെ അലഞ്ഞു. അന്നെനിക്കു പതിനാലു വയസ്സായിരുന്നു. അപ്പോഴാണു ഞാൻ കുഴിയാനകളെ കാണുന്നത്. അവ മണലിൽ, ദുഃഖത്തിന്റെ ആഴമുള്ള കുഴികളിൽ കൂടു കൂട്ടിയിരുന്നു. അവയ്ക്കു ഭക്ഷിക്കാനായി ഉറുമ്പുകളെ കൊണ്ടു പോയിക്കൊടുത്തു. ഉറുമ്പുകൾ കുഴിയിൽനിന്നും രക്ഷപ്പെടുവാൻ ശ്രമിക്കുമ്പോൾ കുഴിയാനകൾ മണൽ തെറിപ്പിച്ച് അവയെ വീഴ്ത്തി. ഉറുമ്പുകളെ കുഴിയാനകൾ മണ്ണിനടിയിലേക്കു വലിച്ചിഴയ്ക്കുമ്പോൾ ഞാൻ സ്വയം ശിക്ഷയേല്പിക്കുന്നതിലുള്ള ക്രൂരമായ, അദമ്യമായ, ആനന്ദം കണ്ടെത്തി.

കുഴിയാനകൾ ഇപ്പോഴും മണലിൽ തണുത്ത് ഏകാന്തമായ കുഴികളിൽ ഉറങ്ങിക്കിടക്കുന്നുണ്ടാകും. പക്ഷേ, അവയെ ചൂഴ്ന്നുനിന്ന ദുഃഖം എന്നെ ഒരു നിഴലായി പിന്തുടർന്നു; എന്നോടൊപ്പം വളർന്നുവന്നു. ഏകനായിരിക്കുമ്പോഴെല്ലാം അത് ഒരു പട്ടുനൂൽപ്പുഴു പോലെ എന്നെ കാർന്നുതിന്നു.

വിസ്കി പകുതിയും കഴിഞ്ഞിരുന്നു. കുപ്പിയുടെ മേലുള്ള, കുതിരപ്പുറത്തിരുന്നു പടവെട്ടുന്ന യോദ്ധാവിനെ അവൾ കണ്ടു.

അങ്ങെന്റെ ചുവന്ന യോദ്ധാവാണ്. എനിക്കുവേണ്ടി പടവെട്ടുന്ന യോദ്ധാവ്. ഞാൻ അങ്ങയുടെ കന്യയാണ്. യുദ്ധം ചെയ്ത് എന്നെ വായുവേഗത്തിലുള്ള കുതിരപ്പുറത്തു കയറ്റി കൊണ്ടുപോകൂ.

അവൾ കിതച്ചു.

ഇതാ, ഞാൻ, നിന്റെ യോദ്ധാവ്. വരൂ.

വെളിച്ചം മങ്ങി കട്ടപിടിച്ചു മേഘങ്ങളായി. ചുവന്ന മേഘങ്ങൾ. അവയ്ക്കിടയിൽ കുതിരപ്പുറത്തു തന്റെ രക്ഷകന്റെ മാറിൽ തലചായ്ച്ച് ഒഴുകിപ്പോകുകയാണ്. പിന്നിൽ അയാൾ അരിഞ്ഞുതള്ളിയ കബന്ധങ്ങൾ..

ഉള്ളടക്കത്തിലേയ്ക്ക്

# നിനക്കു വേണ്ടി

**ത**ണുത്തു മങ്ങിയ വെളിച്ചം വിങ്ങിനില്ക്കുന്ന ബാർ. ശാന്തമായ കടൽപ്പരപ്പിൽ അകലെ നിന്നടുക്കുന്ന തിരകൾ പോലെ ശബ്ദങ്ങൾ സാവധാനത്തിൽ വന്നു വലയം ചെയ്യുന്നത് അയാൾ ശ്രദ്ധിച്ചു. ശബ്ദങ്ങളുടെ ആരോഹണമാണ്. കുറച്ചുകൂടി കഴിഞ്ഞാൽ അവ ഉച്ചസ്ഥായിയാകും. പിന്നെ അടുത്തിരിക്കുന്നവരോടു കൂടി ഉറക്കെ സംസാരിക്കണം.

രോഹിണി സംസാരിക്കുകയായിരുന്നു. എനിക്കു വിശ്വാസമാകുന്നില്ല. എന്നെ കാണാൻ നീ ഡൽഹിയിൽ നിന്നു കൽക്കത്ത വരെ വരുകയോ? നീ ഇവിടെയായിരുന്നപ്പോൾപ്പോലും എ ന്നെ അത്ര കാര്യമായിട്ടെടുത്തിട്ടില്ലല്ലോ.

അടുത്ത മേശയ്ക്കു മുമ്പിൽ ഒറ്റയ്ക്കിരുന്നു തണുത്ത ബീയർ മൊത്തിക്കുടിക്കുന്ന വെളുത്തുതടിച്ച ആൾ തങ്ങളെ ശ്രദ്ധിക്കുകയാണെന്ന് സുഹാസൻ മനസ്സിലാക്കി. അയാൾ കറുത്തുതടിച്ച ഫ്രേയ്മുള്ള ഗ്ലാസ്സുകളിട്ടിരുന്നു.

'എനിക്കു സൺഗ്ലാസ്സിട്ടവരെ ഇഷ്ടമല്ല.'

'ചിലർക്ക് അതു യോജിക്കും.' രോഹിണി പറഞ്ഞു.

'അവരുടെ മുഖഭാവമെന്താണെന്നു മനസ്സിലാക്കാൻ കഴിയില്ല.'

'നിനക്ക് എപ്പോഴും ഈമാതിരി വിചിത്രഭാവനകളുണ്ട്.'

അടുത്ത മേശയ്ക്കു പിന്നിലിരുന്ന ആൾ അപ്പോഴും തങ്ങളെ നോക്കുന്നുണ്ടായിരുന്നു.

'ദൽഹി എന്നെ വല്ലാതെ ബോറടിച്ചു. ഒരു മാറ്റം ഇല്ലെങ്കിൽ ശ്വാസം മുട്ടുമെന്നായി.'

'നീ ദൽഹിയിൽ പോയപ്പോൾ കുറച്ചു നന്നാവുമെന്നു കരുതി.'

'ഇപ്പോൾ ഇവിടെ വന്നപ്പോൾ മനസ്സിലായി ഒന്നും മാറിയിട്ടില്ലെന്ന്.' അയാൾ തുടർന്നു.

'ഞാൻ മാറിയിട്ടുണ്ടല്ലോ.'

'ഒട്ടും ഇല്ല.'

'നോക്ക്, ഞാൻ സാരിയാണുടുത്തിരിക്കുന്നത്. ഇന്നു ശനിയാഴ്ചയല്ലേ? നീ ഇവിടെയുണ്ടായിരുന്നപ്പോൾ ഞാൻ എല്ലാ ശനിയാഴ്ചയും സ്കർട്ടല്ലേ ഇ ടാറ്.'

അവൾ സാരിയാണുടുത്തിരിക്കുന്നതെന്നും, അതൊരു ശനിയാഴ്ചയാണെന്നും അയാൾ മനസ്സിലാക്കി. അതു നിസ്സാരമാണ്. എങ്കിലും അയാൾ സന്തോഷിച്ചു. ഒരു മാറ്റമുണ്ടാകുന്നതെത്ര നല്ലതാണ്. ദൽഹിയിൽനിന്നുള്ള പതിനെട്ടു മണിക്കൂർ യാത്ര ഒരു മാറ്റമുണ്ടാക്കാൻ പര്യാപ്തമായിരുന്നില്ല. എന്താണു സംഭവിക്കുന്നതെന്ന് അറിയും മുമ്പു നിങ്ങൾ കൽക്കത്തയിലെത്തി. എതിരേല്ക്കുന്നതു കണ്ടുമടുത്ത, ഇവിടെ നിന്ന് ഓടിപ്പോകാൻ കാരണക്കാരായ, പരിസരങ്ങൾ, ഭാവങ്ങൾ, ഗന്ധങ്ങൾ.

'നീ സാരിയാണുടുത്തതെന്നു ഞാൻ ശ്രദ്ധിച്ചില്ല.'

'എനിക്കറിയാം. നിന്റെ ആസ്വാദനശക്തി എന്നെ എന്നും നിരാശപ്പെടുത്തിയിട്ടേ ഉള്ളു. മറ്റുള്ളവർ എന്നെപ്പറ്റി എന്താണു പറയുന്നതെന്നു നീ കേൾക്കണം.'

'നീ സുരാജിനെയായിരിക്കും ഉദ്ദേശിക്കുന്നത്.'

'അല്ല. സുരാജ് ചൗധരി മാത്രമല്ല. മറ്റുള്ളവരും. പിന്നെ, നീ ഇപ്പോഴും വളരെ അസൂയാലുവാണ്. എനിക്കു ചൗധരിയുമായി നീ വിചാരിക്കുന്ന മാതിരി യാതൊരു ഇടപാടുമില്ല.'

ബാറിനുള്ളിലെ ശബ്ദങ്ങളെപ്പറ്റി സുഹാസൻ ബോധവാനായി. സംഗീതമല്ല, വെറും ശബ്ദങ്ങൾ, താളപ്പെടുത്താത്ത മുരത്ത ശബ്ദങ്ങൾ. എത്ര മധുരങ്ങളാണവ. സംഗീതമുള്ള ബാറിലാണെങ്കിൽ ഈ ശബ്ദങ്ങൾ ആസ്വദിക്കാൻ കഴിയില്ല. നിങ്ങൾക്ക് ഇഷ്ടപ്പെടാത്തതും. താളപ്പെടുത്തിയതുമായ ഒരു വലിയ ശബ്ദം മറ്റു ശബ്ദങ്ങളെ കീഴ്പെടുത്തുന്നു. പിന്നെയുള്ള ആശ്വാസം, ചേർന്നു നിന്നു നൃത്തം ചെയ്യുന്ന ഒരിളം ശരീരം മാത്രമാണ്. ഒരിളം ശരീരം എന്നെന്നും ലഹരി പിടിപ്പിക്കുന്നതാണ്. കാമിക്കപ്പെടാവുന്നതാണ്. പക്ഷേ, ആ ശരീരം ക്രമേണ വലുതാകുന്നു. കൈയിൽ ഒതുങ്ങാതാകുന്നു. പിന്നെ ആ ശരീരത്തെ സ്നേഹിക്കാൻ കഴിയില്ല. രോഹിണിക്കതറിയാം. അതുകൊണ്ടവൾ എന്നെ പൊറുക്കുന്നു. എനിക്കവളെ ആ കാര്യത്തിൽ ബഹുമാനമുണ്ട്.

'നീ എന്നെ കല്യാണം കഴിക്കാനൊന്നും പോകുന്നില്ല.' രോഹിണി പറയും. 'എനിക്കറിയാം, എന്നാലും നീ കല്ക്കത്തയിലുള്ളിടത്തോളം കാലം ഞാൻ നിന്നോടു സത്യമായും കൂറുള്ളവളായിരിക്കും.'

'ഞാൻ പോയിക്കഴിഞ്ഞാലോ?'

അവൾ ഒന്നും പറഞ്ഞില്ല. അതു മാസങ്ങൾക്കു മുമ്പാണ്. കല്ക്കത്ത ഒരു വലിയ കാരാഗൃഹമാണെന്നും, അവിടെനിന്ന് ഓടി രക്ഷപ്പെടണമെന്നും തോന്നാൻ തുടങ്ങിയപ്പോൾ. എന്തിനെ ഭയന്നാണ് ഓടിപ്പോകാൻ ശ്രമിക്കുന്നതെന്നു സ്വയം അറിയാതിരുന്നപ്പോൾ. അത് അസ്വസ്ഥതയുടെ കാലമായിരുന്നു.

'നീ ആരെയാണു ഭയപ്പെടുന്നത്?' രോഹിണി ചോദിക്കുന്നു.

'എനിക്കീ നശിച്ച നഗരം മടുത്തു. ഇവിടുത്തെ കാലാവസ്ഥ, ഇവിടുത്തെ ആളുകൾ, എല്ലാം മടുത്തു.'

അതൊരു അവ്യക്തമായ പ്രസ്താവനയാണെന്നു സുഹാസൻ മനസ്സിലാക്കി.

'എനിക്കറിയാം. നീ നിന്നെത്തന്നെയാണു ഭയപ്പെടുന്നത്. എപ്പോഴും പുതുമയെ പ്രതീക്ഷിക്കുന്ന നിന്റെ മനസ്സിനെ.'

അയാൾ സംശയിച്ചു.
‘നീ പോകണമെന്നില്ല. രോഹിണി പറഞ്ഞു. ഇവിടെത്തന്നെ കൂടിക്കൊള്ളു. വിവാഹത്തിനു പോലും ആവശ്യപ്പെടാത്ത ഒരു സുന്ദരിയായ പെൺകുട്ടി നിനക്കു തുണയ്ക്കുണ്ടല്ലോ. നമുക്കു സന്തോഷമായി കഴിയാം.’
അവൾ കാര്യമായിട്ടു പറയുകയാണ്. വ്യസനത്തിന്റെ നേരിയ ഈർപ്പം സ്വരത്തിൽ കലർന്നിരുന്നു.
‘ഞാൻ പോയാൽ നീ വ്യസനിക്കുമോ?’
പറഞ്ഞ ഉടനെ ആ ചോദ്യത്തിൽ വലിയ അർത്ഥമില്ലെന്നു സുഹാസൻ ഓർത്തു.
‘വ്യസനിക്കും.’ രോഹിണി പറഞ്ഞു. ‘പക്ഷേ, അതു പുറത്തു കാട്ടില്ല. വല്ല കാര്യവുമുണ്ടോ? ഈ രണ്ടു കൊല്ലത്തെ പരിചയം കൊണ്ട് എനിക്കെന്നല്ല, ആർക്കും നിന്നെ പിടിച്ചു നിർത്താൻ ആവില്ലെന്ന് എനിക്കു ബോധ്യം വന്നിരിക്കുന്നു. ഞാൻ കരഞ്ഞിട്ടെന്താണു കാര്യം?’
അവൾ എല്ലാം കാര്യമായെടുക്കാൻ തുടങ്ങിയോ എന്നയാൾ സംശയിച്ചു.
‘നമുക്കു ട്രിൻകാസിൽ പോകാം.’ സുഹാസൻ പറഞ്ഞു. ‘കുറച്ചുനേരം ഡാൻസുചെയ്യാം.’
‘എനിക്കിപ്പോൾ ഡാൻസു ചെയ്യാൻ തോന്നുന്നില്ല.’
‘എന്നാൽ എന്റെ ഫ്‌ളാറ്റിൽ പോകാം.’
വീട്ടിലെത്തിയപ്പോൾ നീലച്ചുമരുകൾക്കിടയിൽ എല്ലാം ഒരിക്കൽക്കൂടി സ്വാഭാവികമായി തോന്നി.
‘ഇത് അവസാനത്തെ തവണയാണ്.’ അവൾ പറഞ്ഞു. ‘നിന്നെ ഞാനോർക്കുന്നത് പക്ഷേ, ഈ നിമിഷങ്ങളിലൂടെയായിരിക്കും.’
‘ഞാൻ ഇനിയും വന്നുകൂടെന്നില്ല.’ സുഹാസൻ പറഞ്ഞു. ‘അപ്പോൾ ഇത് അവസാനത്തെ തവണയാണെന്നു പറയാമോ?’
അന്നൊരു തമാശ മാത്രമായി പറഞ്ഞത് ഇന്നു കാര്യമായി വന്നിരിക്കുന്നു.
‘നീ വീണ്ടും വരുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല.’
ബാറിലെ ശബ്ദം ഇപ്പോൾ തലവേദനയുണ്ടാക്കുന്നതായിരുന്നു.
‘നിന്റെ ടെലിഫോൺ കിട്ടിയപ്പോൾ ഞാൻ ശരിക്കും അത്ഭുതപ്പെട്ടുപോയി. നിനക്കെന്നെ അറിയിക്കാമായിരുന്നില്ലേ?’
‘നിന്നെ അത്ഭുതപ്പെടുത്താമെന്നു കരുതി.’
ഈ വരവ് സ്വയം പ്രതീക്ഷിക്കാത്തതായിരുന്നുവെന്നും, ഒരു ഭ്രാന്തൻ നിമിഷത്തിൽ മനസ്സ് എന്ന അപരിചിതന്റെ ശക്തമായ പ്രേരണയിൽ ഇറങ്ങിത്തിരിച്ചതാണെന്നും അവൾ അറിയാതിരിക്കട്ടെ.
‘വെയ്റ്റർ, ഒരു ബിയർകൂടി.’
‘നീ ഇങ്ങനെ കുടിക്കുന്നത് എനിക്കിഷ്ടമല്ല.’
അവളുടെ പുരികം ആകൃതിപ്പെടുത്തിയിരുന്നു. ചുണ്ടിനു മുകളിൽ നനുത്ത ചെമ്പിച്ച രോമങ്ങൾ.
‘നീ വളരെ സുന്ദരിയാണ്.’
‘അവസാനം നീ അതും കണ്ടുപിടിച്ചുവോ?’
‘ആട്ടെ, ഞാൻ നിന്നെ വിട്ടുപിരിഞ്ഞപ്പോൾ നിനക്കെന്താണു തോന്നിയത്?’
രോഹിണി ഒന്നും പറഞ്ഞില്ല. അവളുടെ മുഖത്തു നിഴലുകൾ വീണു. ക്ഷണികമായ ദുഃഖത്തിന്റെ നിഴലുകൾ. അവ വേദനാപൂർവ്വം അവളുടെ ചുണ്ടുകളിൽ തങ്ങിനില്ക്കുന്നതയാൾ ശ്രദ്ധിച്ചു.
‘നീ എന്താണ് ആലോചിക്കുന്നത്?’
‘ഒന്നുമില്ല. നിന്റെ ചോദ്യം കേട്ടപ്പോൾ ചിലതാലോചിച്ചുപോയി. നീ പോയപ്പോൾ ഞാൻ കാര്യമായൊന്നും വിചാരിച്ചില്ല. ഉച്ചയ്ക്ക് ഓഫീസിൽ ഇരിക്കാറില്ല. ലഞ്ച് കഴിഞ്ഞാൽ ഡെയ്സിയുടെ ഒപ്പം പുറത്തു പോകും. രണ്ടു മണിക്കേ തിരിച്ചുവരൂ. ഓഫീസ് സമയങ്ങളിൽ ധാരാളം ജോലിയുണ്ടാകും. ഇടയ്ക്ക് തിരക്കിനിടയിൽ നിന്നെ ഓർമ്മ വരുമ്പോഴെല്ലാം സ്വയം ചോദിക്കും. ജീവിതത്തിൽ ഒരിക്കലെങ്കിലും ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു പറയാത്ത ഒരു പയ്യനെപ്പറ്റി നീ എന്തിനോർക്കുന്നു?’
‘നീ സംസാരിക്കുന്നതു കേൾക്കാൻ എനിക്കിഷ്ടമാണ്.’
‘ഞാൻ കാര്യമല്ലേ പറയുന്നത്? നീ ഒരിക്കലെങ്കിലും എന്നെ സ്നേഹിക്കുന്നുവെന്നു പറഞ്ഞിട്ടുണ്ടോ? ഒപ്പം കിടക്കുമ്പോഴെങ്കിലും?’
അത് ഉത്തരം പറയാൻ വിഷമമുള്ളതായിരുന്നു. വാസ്തവത്തിൽ താൻ അവളെ സ്നേഹിച്ചിരുന്നുവോ? ഉണ്ടെങ്കിൽ അതു സമ്മതിക്കുന്നതിനെന്തായിരുന്നു തടസ്സം?
‘നമുക്കു പുറത്തുപോകാം.’ സുഹാസൻ പറഞ്ഞു. ‘ഇതൊരു ഭ്രാന്തശാലയേക്കാൾ പരമായിരിക്കുന്നു’
പുറത്തു ദിവസത്തിന്റെ വൃദ്ധമുഖം വാടിയിരുന്നു. ബാറിലെ കൃത്രിമവെളിച്ചം എത്ര ചതിവുണ്ടാക്കുന്നതാണ്. പാക്ക്സ്ട്രീറ്റ് ഉണർന്നുകഴിഞ്ഞു. കൈ കോർത്തു നടക്കുമ്പോൾ രോഹിണി പറഞ്ഞു. ‘നമ്മൾ ഓഫീസ് വിട്ടു ദിവസേന നടക്കാനിറങ്ങിയത് ഓർക്കുന്നുണ്ടോ?’
‘ഉണ്ട്. നീ അതിൽ ഇപ്പോൾ വ്യസനിക്കുന്നുണ്ടോ?’
‘ഹും! ഞാൻ ഇതുവരെ ഒന്നിന്നും വ്യസനിച്ചിട്ടില്ല. നിനക്കറിയാമോ, അച്ഛൻ മരിച്ചത് എന്റെ പത്താം പിറന്നാൾ ദിവസമായിരുന്നു. അച്ഛൻ മരിച്ചിട്ടുപോലും ഞാൻ ഒരു തുള്ളികണ്ണീർ പൊഴിച്ചിട്ടില്ല. അന്നു മുതല്ക്കേ ഞാൻ ഒരു ‘ഭാഗ്യമില്ലാത്ത പെൺകുട്ടി’ യാണെന്ന് എല്ലാവരും പറഞ്ഞു. ഞാൻ കൂട്ടാക്കിയില്ല. ആർക്കും എന്നെ ഇഷ്ടമില്ലെന്ന ധാരണയും വെച്ചുപുലർത്തി ഞാൻ വളർന്നു. പതിനാലാം വയസ്സിൽ ഞാൻ മരിക്കേണ്ടതായിരുന്നു. എല്ലാവരും വിചാ

രിച്ചു ഞാൻ പിന്നെ ജീവിക്കില്ലെന്ന്. അന്നു ഞാൻ വൈശാഖിൽ അമ്മാവന്റെ ഒപ്പം താമസിക്കുകയായിരുന്നു. എനിക്കു ടൈഫോയ്ഡ് പിടിച്ചു. ഒരാഴ്ചയോളം ബോധമുണ്ടായിരുന്നില്ല. നേരിയ ബോധം വന്നപ്പോഴെല്ലാം കട്ടിലിന്നു കാല്ക്കൽ ഒരവ്യക്തരൂപം വന്നിരിക്കുന്നതു കണ്ടു. അത് ഒപ്പം പോകാൻ എന്നോടാവശ്യപ്പെട്ടു. ഞാൻ പോകാൻ തയ്യാറായിരുന്നു. ഞാൻ പറഞ്ഞു, ഞാൻ വരാം. ആ രൂപം വീണ്ടും വീണ്ടും വന്നു. അതു വളരെ യഥാർത്ഥമായി തോന്നി. അതെന്നോടു വീണ്ടും വീണ്ടും അപേക്ഷിക്കുന്നതുപോലെ തോന്നി.

'സുഖക്കേടു മാറിയപ്പോൾ ഞാൻ തിരിച്ചു കൽക്കത്തയ്ക്കു വന്നു. വീണ്ടും ആർക്കും ഇഷ്ടമില്ലാത്ത ഒരു കുട്ടിയെന്ന നിലയിൽ വളർന്നു. ജോലി കിട്ടിയപ്പോഴാണ് ആ ധാരണ പിന്നെയും മാറിയത്. നിനക്കെന്നെ സ്നേഹമാണെന്നു തോന്നി. ഒരു തോന്നൽ മാത്രം. അത് ആശ്വാസംതരുന്നതായിരുന്നു. അതിനുമുമ്പ് എന്നെ സ്നേഹിക്കുന്നുവെന്നു പറഞ്ഞ ഒരു വ്യക്തി വൈശാഖിലെ കസിൻ മാത്രമാണ്. എനിക്കിപ്പോഴും എഴുതാറുണ്ട്. അയാൾ പറയാറുണ്ട്, രോഹിണീ, നീ ഒരു അജ്വാണിയല്ലായിരുന്നുവെങ്കിൽ നിന്നെ ഞാൻ കല്യാണം കഴിച്ചിരുന്നു. സിന്ധി സമ്പ്രദായത്തിൽ ഒരു അജ്വാണിക്കു മറ്റൊരു അജ്വാണിയെ കല്യാണം കഴിക്കാൻ പാടില്ല.

'അവസാനം നീയും എന്നെ ഉപേക്ഷിച്ചു. ഇതിലൊന്നും ഞാൻ കരഞ്ഞിട്ടില്ല. എല്ലാം വരുംപോലെ വരുമെന്നു കരുതി. ഞങ്ങൾ മൂന്നു സഹോദരിമാരാണല്ലോ ഉള്ളത്. ഞങ്ങൾക്കു ധാരാളം സ്ത്രീധനം കൊടുത്തല്ലാതെ വരനെ കിട്ടില്ല. അച്ഛൻ മരിക്കുമ്പോൾ അത്രയധികം സമ്പാദ്യമൊന്നുമുണ്ടായിരുന്നില്ല. മൂത്ത രണ്ടു കുട്ടികളെ കല്യാണം കഴിച്ചു കൊടുക്കുമ്പോഴേക്കും അമ്മ തളരും. ഞാൻ ഇടയ്ക്കിടയ്ക്ക് അമ്മയോടു പറയാറുണ്ട്, അമ്മയുടെ കാലം കഴിഞ്ഞാൽ ഗ്രാന്റിൽ ഒരു പുതിയ കാബറെ ഡാൻസറെ കാണാമെന്ന്.'

മൈതാനത്തിലെ ഇരുട്ടിൽ വെളിച്ചത്തിന്റെ കൊച്ചു താവളങ്ങൾ. ചൗരങ്കിയിൽ ജനങ്ങളുടെയും വാഹനങ്ങളുടെയും പ്രവാഹം. ഒന്നും മാറിയിട്ടില്ല. ഈ പുരാതനനഗരത്തിൽ മാറ്റം അസാദ്ധ്യമായിരിക്കണം. ഇത് എന്നെന്നും ഇങ്ങനെയായിരുന്നു. ഇനി എന്നെന്നും ഇങ്ങനെത്തന്നെയായിരിക്കും.

ഇനി എങ്ങോട്ടു പോകുന്നു?

എങ്ങോട്ടു പോകണം?

എവിടെയായാലും ഒരു മാതിരിയാണ്. കണ്ടുമുട്ടുന്ന എല്ലാവരും, എല്ലാ സംഭവങ്ങളും, എല്ലാ പരിതഃസ്ഥിതികളും നിന്നെ നിരാശനാക്കുന്നു. ജീവിതവുമായുള്ള പൊരുത്തപ്പെടലിൽ നീ ഒരു പരാജയമാണ്. നിനക്കു പിന്മാറാം. നിന്റെ അസ്തിത്വം ഇതാ അസ്തമിക്കുന്നു.

'ടാക്സി.'

'എങ്ങോട്ടു പോകുന്നു?' രോഹിണി ചോദിക്കുകയാണ്.

'ഹോട്ടലിലേക്ക്, എന്റെ ഗുഹയിലേക്ക്.'

നിയോൺ പരസ്യങ്ങളുടെ പരമ്പരകൾ, വൈദ്യുത വിളക്കുകൾ, അവയ്ക്കു താഴെ നിഴലിലാണ്ട മനുഷ്യരുടെ മുഖങ്ങൾ. വികൃതമായ, മനോഹരമായ, ഭാവശൂന്യമായ, മുഖങ്ങൾ. കണ്ടു മറന്ന ഒരു സ്വപ്നത്തിന്റെ അസ്വാസ്ഥമായ പുനരാവർത്തനം പോലെ, അവ ഒരേ സമയം മടുപ്പിക്കുന്നതും മോഹിപ്പിക്കുന്നതും ആയിരുന്നു.

'നീ ദൽഹിയേപ്പറ്റി എന്താണ് ഒന്നും പറയാത്തത്?'

'ഒന്നും പറയാനില്ലാത്തതു കൊണ്ട്. ജീവിതം വിരസമായിരുന്നു. വൃത്തിയുള്ള തെരുവീഥികൾ, ഒരേ അച്ചിനു വാർത്തെടുത്ത മഞ്ഞക്കെട്ടിടങ്ങൾ, നരിച്ചീറുകളുടേയും പക്ഷിക്കാഷ്ഠങ്ങളുടേയും രൂക്ഷഗന്ധമുള്ള പുരാതന ശവകുടീരങ്ങൾ. ജീവിച്ചിരിക്കുന്നവരേക്കാൾ മരിച്ചവരുള്ള നഗരം.

'സായാഹ്നങ്ങളിൽ ലോധി ഗാർഡനിൽ വേപ്പു മരങ്ങൾക്കു താഴെ പുല്ലിൽ ഇരിക്കും. വേപ്പിലകൾ താഴെ വീണു ചീഞ്ഞുണ്ടാകുന്ന സർപ്പഗന്ധം ശ്വസിച്ചു പുല്ലിൽ കിടക്കും. സൂര്യൻ അസ്തമിക്കും, ഇരുട്ടാകും, വഴിവിളക്കുകൾ കൺമിഴിക്കും. പിന്നെ രാത്രി വീണ്ടും പകലിലേക്കു യാത്രയാകും. വേറൊരു ദിവസം കൂടി.'

'നീ മറ്റു പെൺകുട്ടികളുടെ ഒപ്പം കിടക്കാറില്ലേ?'

'ഒരിക്കൽ.'

'പറയൂ.'

'ഒരു റിസപ്ഷനിസ്റ്റായിരുന്നു. ഒരു ആഫീസിൽ ബിസിനസ്സു കാര്യമായി പോയപ്പോൾ കണ്ടുമുട്ടി. ഇടയ്ക്കിടയ്ക്കു വൈകുന്നേരം അവളുടെ വീട്ടിലേക്കു ലിഫ്റ്റു കൊടുത്തു. ഒരു രാത്രി ഒപ്പം ഉറങ്ങാൻ സമ്മതിക്കുകയും ചെയ്തു. ഒരു ശനിയാഴ്ച അവൾ വന്നു. അവൾക്കു നിന്റെ അത്രതന്നെ നിറമുണ്ട്. നിന്നേക്കാൾ കുറച്ചുകൂടി തടിയും. പക്ഷേ, അവൾ ഒരു വേശ്യയെപ്പോലെ പെരുമാറി. എനിക്കു മടുത്തു. ഒരു വേശ്യയുടെ ഒപ്പം കിടക്കണമെന്നുണ്ടായിരുന്നില്ല. ഞാൻ രാത്രി തന്നെ അവളെ പറഞ്ഞയച്ചു. പിന്നീട് ആ സാഹസത്തിനു പോയിട്ടില്ല.'

'നിന്റെ വിഷമങ്ങൾ വളരെയധികം അയഥാർത്ഥങ്ങളാണ്. രോഹിണി പറഞ്ഞു. നിനക്കവയെ തരണം ചെയ്യാൻ കഴിയില്ല. നീ വിവാഹത്തിന്നൊരുമ്പെടാത്തതു തന്നെ നിന്നെപ്പോലെ കിറുക്കുള്ള ഒരു കുട്ടിയെ കിട്ടാഞ്ഞിട്ടല്ലേ? ഫോക്ക്നറുടെ നോവലും, റീഡിന്റെ കലാസ്വാദവും ഒരേ താൽപര്യത്തോടെ വായിക്കുന്ന; ഗാലറികളിൽ അബ്സ്ട്രാക്ട് ചിത്രങ്ങളുടെ മുമ്പിൽ അലസമായി കണ്ണോടിച്ചു നടക്കുന്ന; ഷൂമാന്റേയോ, മൊത്സാർട്ടിന്റേയോ നീണ്ട സിംഫണികൾക്കു മുമ്പിൽ ചെവി കൂർപ്പിച്ചു മണിക്കൂറുകൾ ചെലവഴിക്കാൻ കഴിവുള്ള; ക്ഷമയുള്ള ഒരു പെൺകുട്ടിയെ നിനക്കു കിട്ടാൻ ഞാൻ ആശംസിക്കട്ടെ. അങ്ങനെ ഒരുത്തിയെ കിട്ടിയില്ലെങ്കിൽ നിന്റെ ജീവിതം എന്താകുമെന്ന് എനിക്കറിയാം.'

മുറിയിൽ രോഹിണിയുടെ നഗ്നമായ ശരീരത്തിന്റെ സ്പർശമേറ്റു കിടക്കുമ്പോൾ സുഹാസന്ന് എല്ലാം വ്യത്യസ്തമായി തോന്നി. തന്നെ സംബന്ധിക്കുന്നതും, അവളെ സംബന്ധിക്കുന്നതും. മുറിക്കു പുറത്ത് ജാലകത്തിന്നും

പുറത്തെ വഴിവിളക്കിന്നും ഇടയിൽപ്പെട്ട് ശ്വാസം മുട്ടുന്ന അന്ധകാരത്തിന്റെ പിടച്ചിൽ എനിക്കറിയാം. എന്റെ യാത്ര വിഫലമായോ?

'നീയെന്താണ് പെട്ടെന്നു മാറിയത്?'

സുഹാസൻ ഒന്നും പറഞ്ഞില്ല. അയാൾ ദൽഹിയിൽ വൈകിയെത്തുന്ന സന്ധ്യകളെ ഓർത്തു. രാത്രിയുടെ സുരക്ഷിതത്വത്തെത്തേടി അസ്വസ്ഥമായി ചരിക്കുന്ന സന്ധ്യകൾ. നിഴൽപോലെ സാമീപ്യത്തിൽ മാത്രം അറിയുന്നതും ഓർമ്മയിൽ അവ്യക്തമായി സ്വപ്നം പോലെ മാത്രം തങ്ങിനില്ക്കുന്നതുമായ സന്ധ്യകൾ. എന്തിനുവേണ്ടിയെന്നറിയാതെ, ലക്ഷ്യമില്ലാതെ, മങ്ങിയ തെരുവുകളിൽക്കൂടി അലഞ്ഞുതിരിഞ്ഞ സന്ധ്യകൾ.

'നീ വലുതായിരിക്കുന്നു.' സുഹാസൻ പറഞ്ഞു.

രോഹിണി ചിരിച്ചു. ചെവിയിൽ മന്ത്രിച്ചു; 'എന്റെ ഏതവയവമാണ് വലുതായിരിക്കുന്നത്?'

'നീ തെറിപറച്ചിൽ ഇനിയും നിർത്തിയിട്ടില്ല, അല്ലേ?'

'ഇപ്പോൾ പറയാറില്ല. ആരോടു പറയാനാണ്?'

'ഉണ്ടല്ലോ. ഓഫീസിൽത്തന്നെ ധാരാളം ചെറുപ്പക്കാരും കിഴവന്മാരും നിന്റെ പിന്നാലെ നടക്കുന്നുണ്ടല്ലോ.'

'ഞാൻ അവരെയെല്ലാം എങ്ങനെയാണു കണക്കാക്കുന്നതെന്നു നിനക്ക് നന്നായി അറിയാമല്ലൊ.'

'സുരാജ് ചൗധരി?'

'നീ വളരെ അസൂയാലുവാണ്. സുരാജ് ചൗധരിയുമായി എനിക്ക് യാതൊരിടപാടുമില്ലെന്ന് പറഞ്ഞില്ലേ?'

'നീ അയാളുടെ ഒപ്പം ട്രിൻകാസിൽ ജാംസെഷനു പോയതോ?'

'എപ്പോൾ?'

'ഞാൻ ദില്ലിക്കു പോയതിനു ശേഷം.'

'ഇല്ല.'

'ഉണ്ട്.'

'ഇല്ല.'

'ഉണ്ട്. എനിക്കറിയാം.'

'ശരിയാണ്. ഒരിക്കൽ പോയി. കാരണവുമുണ്ടായിരുന്നു. പക്ഷേ, നീ അതറിയണമെന്നുണ്ടായിരുന്നില്ല.'

'എന്തായിരുന്നു കാരണം?'

'നിന്നോടു പറയില്ല.'

'എനിക്കറിയാം. നിനക്കയാളെ ഇഷ്ടമാണ്. അതുതന്നെ. അതു സമ്മതിച്ചുകൂടേ?'

'ചൗധരിയെ ഇഷ്ടമാവുകയോ? നീയെന്തൊരു വിഡ്ഢിയാണ്! ഒന്നാമതായി അയാൾ വിവാഹിതനാണ്. ഇനി അല്ലെങ്കിൽത്തന്നെ, അയാളിൽ ഇഷ്ടപ്പെടാവുന്നതായി ഒന്നും ഞാൻ കാണുന്നില്ല. അയാൾ ഒരു ഉണക്കമത്സ്യത്തെപ്പോലെ മെലിഞ്ഞിട്ടാണ്. എനിക്കു മെലിഞ്ഞ ആൾക്കാരെ ഇഷ്ടമല്ലെന്നു നിനക്കറിഞ്ഞുകൂടേ?'

'എനിക്കു മനസ്സിലാവുന്നില്ല.' അയാൾ പറഞ്ഞു. 'നിനക്കയാളെ ഇഷ്ടമല്ലെന്നു പറയുന്നു. അയാളുടെ ഒപ്പം പോകുകയും ചെയ്യുന്നു.'

രോഹിണി ഒന്നും പറഞ്ഞില്ല. ദേഹത്തിൽ തഴുകുന്ന മാർദ്ദവമുള്ള കൈകൾ നിശ്ചലങ്ങളാകുന്നതും വീണ്ടും സാവധാനത്തിൽ ചലിക്കുന്നതും സുഹാസൻ ശ്രദ്ധിച്ചു.

'നീയെന്താണ് നിശ്ശബ്ദയായത്?'

അവൾ ചിരിച്ചു. വേദന കലർന്ന ചിരി.

'ഞാൻ ഒരു പെൺകുട്ടിയെപ്പറ്റി ആലോചിക്കുകയായിരുന്നു. ഏകാകിയായ ഒരു ചെറിയ പെൺകുട്ടി. ചാടിക്കളിച്ച് അരികിലെത്തുന്ന കറുത്ത ആട്ടിൻ കുട്ടിയോടു ചോദിക്കുന്നു. നിന്റെ കൈയിലെന്താണുള്ളത്? ആട്ടിൻ കുട്ടി മറുപടി പറയുന്നു. മൂന്നു സഞ്ചി കമ്പിളി രോമം. ഒന്ന് എന്റെ യജമാനന്, ഒന്ന് യജമാനത്തിക്ക്. ഒന്ന് അടുത്ത തെരുവിൽ താമസിക്കുന്ന ആൺകുട്ടിക്കും. അജ്ഞാതനായ ആ ആൺകുട്ടിയെപ്പറ്റി ഞാൻ ആലോചിക്കാറുണ്ട്. അവൻ എന്നെപ്പോലെ ഏകാകിയായിരുന്നു. എനിക്കവനെ ആശ്വസിപ്പിക്കാൻ കഴിഞ്ഞെങ്കിൽ!'

'ഞാൻ നിന്നെ വേദനിപ്പിക്കണമെന്നുദ്ദേശിച്ചില്ല, രോഹിണി.' സുഹാസൻ പറഞ്ഞു. 'എനിക്ക് ചൗധരിയെ ഇഷ്ടമല്ല. അതുകൊണ്ട് നീ അയാളുടെ ഒപ്പം പോയത് ഇഷ്ടമായില്ല. അത്രയേ ഉള്ളൂ.'

'എനിക്കും അയാളെ വെറുപ്പായിരുന്നു. ഇത്ര വയസ്സായിട്ടും, ഭാര്യയും കുട്ടികളുമുണ്ടായിട്ടും അയാൾ ശൃംഗരിക്കാൻ വന്നിരുന്നു. പക്ഷേ, ഒരു ദിവസം അയാൾ നിന്നെക്കുറിച്ച് വളരെ നന്നായി പറഞ്ഞു. നീ നല്ല ചെറുപ്പക്കാരനാണെന്നും, നിന്നെ കല്യാണം കഴിച്ചാൽ നല്ല യോജിപ്പായിരിക്കും എന്നും മറ്റും മണിക്കൂറോളം നിന്നെപ്പറ്റിത്തന്നെ അയാൾ സംസാരിച്ചു. അയാൾ ആത്മാർത്ഥമായാണോ സംസാരിക്കുന്നതെന്നൊന്നും ഞാൻ നോക്കിയില്ല. നീ എന്നെ വിവാഹം ചെയ്യില്ലെന്നും എനിക്കറിയാം. പക്ഷേ, ആ ചിന്ത വളരെ സന്തോഷം തരുന്നതായിരുന്നു. ഒരു കുട്ടിക്കു കിട്ടിയ പുതിയ കളിക്കോപ്പു പോലെ താലോലിക്കപ്പെടാവുന്നതായിരുന്നു. അതുകൊണ്ട് ഞാൻ അയാളെ ഇഷ്ടപ്പെട്ടു തുടങ്ങി. അതു പറഞ്ഞ ദിവസം അയാൾ എന്നെ ഒപ്പം കിടക്കാൻ വിളിച്ചാലും ഞാൻ പോകുമായിരുന്നു. ഭാഗ്യത്തിന്ന് അയാൾ അതാവശ്യപ്പെട്ടില്ല. ഡാൻസുചെയ്യാൻ മാത്രമേ വിളിച്ചുള്ളു. നിനക്കെന്നോടു ദേഷ്യമുണ്ടോ?'

മുറിക്കു പുറമേ, ജാലകത്തിനും വഴിവിളക്കിനും ഇടയിൽ അസ്വസ്ഥമായി പിടയുന്ന ഇരുട്ടിന്റെ ശകലം. തടഞ്ഞുവെച്ച ഏകാന്തതയുടെ കരച്ചിൽ എത്ര അടുത്താണ്? ഞാൻ എത്ര ദൂരം സഞ്ചരിച്ചു! നിനക്കു വേണ്ടി. നിന്നിൽ നിന്നകലാൻ വേണ്ടി.

ഉള്ളടക്കത്തിലേയ്ക്ക്

# വെള്ളക്കുതിരയുടെ രാജകുമാരൻ

നീലാകാശത്തിൽ രണ്ടുപക്ഷികളും സൂര്യകിരണങ്ങളിൽ നിന്ന് ഓടിയകലുന്ന കാറ്റുമുള്ള സായാഹ്നത്തിൽ ഞാൻ അയാളെ കണ്ടു. വെളു ത്ത കുതിരപ്പുറത്തു സവാരി ചെയ്യുന്ന യുവാവ്. അണിഞ്ഞിരിക്കുന്ന തൊപ്പിയുടെ അലുക്കും സ്വർണ്ണക്കസവുള്ള വസ്ത്രങ്ങളുടെ ആഡംബരവും കാരണം, അദ്ദേഹം ഒരു രാജകുമാരനാണെന്നു ഞാൻ മനസ്സിലാക്കി. അദ്ദേഹം കുതിരപ്പുറത്തു സാവധാനത്തിൽ നീങ്ങുമ്പോൾ പശ്ചാത്തലത്തിൽ നജഫ്ഖാന്റെ ഇടിഞ്ഞു പൊളിഞ്ഞ പുരാതന ശവകുടീരം നിന്നിരുന്നു. പെട്ടെന്ന് എന്റെ മനസ്സിൽ പതിഞ്ഞ വർണ്ണചിത്രത്തിന്റെ സ്വാഭാവികത എന്നെ അത്ഭുതപ്പെടുത്തി.

സൂര്യൻ എന്നത്തെയും പോലെ ശവകുടീരത്തിന്റെ ദുഃഖത്തിലേക്കിറങ്ങി വരുകയും ആകാ ശം തുടുക്കുകയും ചെയ്തു. രാജകുമാരന്റെയും കുതിരയുടെയും നിഴൽ നീണ്ടു കിടക്കുന്നതു ഞാൻ കണ്ടു. രാജകുമാരൻ പകൽ മുഴുവൻ യാത്ര ചെയ്യുകയായിരുന്നെന്നു ഞാൻ ഊഹിച്ചു. ഇപ്പോൾ എത്തിച്ചേർന്ന രാജ്യത്തിന്റെ അപരിചിതത്വവും നിഴലുകൾ നീളുമാറു വൈകിയിരിക്കുന്ന സമയത്തിന്റെ അനിശ്ചിതാവസ്ഥയും അദ്ദേഹ ത്തെ തെല്ലൊന്ന് അമ്പരപ്പിക്കുകയും ചഞ്ചലനാക്കുകയും ചെയ്യുന്നുവെന്ന് എനിക്കു തോന്നി. അദ്ദേഹം രാത്രി എവിടെയാണ് താമസിക്കുക എന്നോർത്തു ഞാൻ അസ്വസ്ഥനായി.

പണ്ടു, കഥയിൽ കേട്ടിട്ടുള്ള രാജകുമാരന്റെ ഗതി ഇദ്ദേഹത്തിന്നു വരരുതെന്നു ഞാൻ പ്രാർത്ഥിച്ചു. മുത്തശ്ശി പറഞ്ഞുതന്ന ആ കഥയിലെ രാജകുമാരൻ, നഷ്ടപ്പെട്ട രാജകുമാരിയെ അന്വേഷിച്ച്  അപരിചിതമായ ശത്രുരാജ്യത്ത് എത്തിച്ചേർന്നു. സന്ധ്യാസമയത്ത്, രാത്രി കഴിച്ചുകൂട്ടുവാൻ പാർപ്പിടം തേടിയ ആ രാജകുമാരനെ അത്യന്തം സുന്ദരിയായ ഒരു യുവതി ആകർഷിച്ചു കൊണ്ടുപോയി. അവളുടെ സൗന്ദര്യത്തിൽ മയങ്ങിപ്പോയ രാജകുമാരന്നു തദ്ദേശത്തെ രാജാവിന്റെ ആജ്ഞ പ്രകാരം അവൾ മദ്യത്തിൽ വിഷം ചേർത്തു കൊടുക്കുകയും രാജാവിന്ന് അപമൃത്യു സംഭവിക്കുകയും ചെയ്തു.

ഈ കഥ, ചെറുപ്പകാലങ്ങളിൽ ഞാൻ ഉറങ്ങുന്നതിനു മുമ്പു മുത്തശ്ശിയോടു കൈക്കൂലിയായി ആവശ്യപ്പെട്ടു സമ്പാദിച്ചതും, മുത്തശ്ശി പറയുമ്പോൾ വളരെ യഥാർത്ഥമായി തോന്നിയതുമായ കഥകളിലൊന്നായിരുന്നു. ശത്രുരാജ്യത്തകപ്പെട്ട രാജകുമാരിക്കെന്തു പറ്റിയെന്നു തീവ്രമായ ജിജ്ഞാസയോടെ ഞാൻ ചോദിച്ചപ്പോൾ മുത്തശ്ശി കനപ്പട്ട മൗനം വരിക്കുകയും അഗാധമായ ചിന്തയിലാഴുകയും ചെയ്തിരുന്നു. ഇത് ആ കഥയ്ക്ക് എന്തെന്നില്ലാത്ത ഒരു രഹസ്യാനുഭൂതിയുണ്ടാക്കി.

എന്റെ ഈ രാജകുമാരനും അങ്ങനെ സംഭവിച്ചേക്കാമായിരുന്ന വിപത്തിനെപ്പറ്റിയോർത്തു ഞാൻ അസ്വസ്ഥനായി. അങ്ങനെയിരിക്കുമ്പോൾ കുതിരപ്പുറത്തു സവാരി ചെയ്തുകൊണ്ടിരുന്ന രാജകുമാരൻ ഒരു വളവു കടന്ന് അപ്രത്യക്ഷനായി.

സൂര്യൻ വീണ്ടും താഴുകയും, അസ്തമനമെന്ന ക്രിയയിൽ മുഴുകുകയും ചെയ്തു. കാറ്റു സ്വതന്ത്രനാവുകയും, കിട്ടിയ സ്വാതന്ത്ര്യം സുലഭമായി ആഘോഷിക്കുകയും ചെയ്തു. ഞാൻ അവിടെത്തന്നെ എന്റെ ബാൽക്കണിയിൽ, ചൂരൽക്കസേരയിൽ ഇരുന്നു. എനിക്ക് എഴുന്നേല്ക്കാൻ കഴിയില്ലെന്നു തോന്നി. ഇനി വരാൻ പോകുന്ന ചിത്രങ്ങൾ, അതായത് ഇരുട്ടിന്റെ കുടിയിരുപ്പും അതിനിടയിൽ വഴിവിളക്കുകളുടെ ക്ഷണികമെന്നു തോന്നുന്ന അസ്വസ്ഥമായ നിലനില്പും, അതെത്ര തന്നെ ആകർഷണീയമെങ്കിലും എനിക്കാസ്വദിക്കാൻ കഴിയില്ലെന്നു തോന്നുമാറ് എന്റെ മനസ്സിനെ കഴിഞ്ഞ ഏതാനും നിമിഷങ്ങൾ തടവുകാരനാക്കിയിരുന്നു. ഞാൻ ബാൽക്കണിയിൽത്തന്നെ ഇരുന്നു; ഒരു പ്രതിമയായി, ഫ്രെയിം ചെയ്തു ചുവരിൽ തൂക്കിയ ചിത്രമായി.

പിന്നെ ചന്ദ്രൻ വരുകയും ആകാശത്തിലെവിടേയോ മറഞ്ഞുനിന്ന കാട്ടിൽനിന്ന് ഒരു മുയലിനെ വേട്ടയാടുകയും നക്ഷത്രങ്ങളോടു വീമ്പു പറയുകയും ചെയ്തു.

സൂര്യൻ വീണ്ടും ഒരുപിടി രശ്മികളുമായി പ്രഭാതത്തിൽ വന്നു. ഉറങ്ങിക്കിടന്ന തണുത്ത കാറ്റിനെ ചാട്ടവാറുകൊണ്ട് അടിച്ചുണർത്തി കർമ്മനിരതനാക്കി.

ഞാൻ അപ്പോഴും ബാൽക്കണിയിൽ കല്ലായി, പ്രതിമയായി, ശാപമോക്ഷത്തിനു വേണ്ടി കാത്തിരുന്നു. എന്റെ തപസ്സിലൂടെ സമയം ഒരു സ്വപ്നമായി കടന്നു പോയി. അവസാനം മുമ്പിൽ, ശവകുടീരത്തിനു മുകളിൽ, പരിചിതൻ വിവർണ്ണനായി പ്രത്യക്ഷപ്പെട്ടപ്പോൾ ഞാൻ കണ്ടു, തെരുവീഥിയുടെ വളവു കടന്നു വെള്ളക്കുതിരയുടെ പുറത്ത് രാജകുമാരൻ!

ഞാൻ സന്തോഷിക്കുന്നു. രാജകുമാരനെ ജീവനോടെ വീണ്ടും കണ്ടതിൽ ശരിക്കും സന്തോഷിക്കുന്നു. അദ്ദേഹത്തിന്ന് രാജകുമാരിയെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലെന്നു ഞാൻ മനസ്സിലാക്കുകയും അതിൽ നിസ്സീമമായി വ്യസനിക്കുകയും ചെയ്യുന്നു. ഈ യാത്ര തുടരുക തന്നെയാണ്. ക്ഷീണിച്ച ഉൽക്കണ്ഠാകുലമായ യാത്ര. ഏതെല്ലാം അറിയപ്പെടാത്ത വഴികളിലൂടെ! ഞാൻ എത്ര നിസ്സഹായനാണ്! എനിക്കു നൂറ്റാണ്ടുകളുടെ ആകാശത്തിൽ പുറകോട്ടു പറന്നെത്താൻ കഴിയുന്നില്ല. എന്റെ ചിറകുകൾ ഹ്രസ്വങ്ങളാണ്, ശേഷി കുറഞ്ഞവയാണ്.

രാജകുമാരൻ ശവകുടീരത്തിന്നു മുമ്പിൽ എത്തിയപ്പോൾ കുതിരയുടെ കടിഞ്ഞാൺ വലിച്ചു. കുതിര കുഞ്ചിരോമങ്ങൾ ഇറുത്തുപിടിച്ചു നിന്നു. രാജകുമാരൻ സംശയിക്കുകയാണ്. ശവകുടീരത്തിലേക്കു കടക്കുന്ന കൂറ്റൻ വാതായനത്തിലെ ചിത്രപ്പണികളുള്ള മതിലുകൾ പൊളിഞ്ഞിരിക്കുന്നു. പിന്നെ, കുതിരയെ സംശയിച്ചുകൊണ്ട് സാവധാനത്തിൽ നടത്തി രാജകുമാരൻ ശവകുടീരത്തിന്റെ ഗേറ്റിലൂടെ പുൽത്തകിടിയിലേക്കു കടക്കുന്നു. ശവകുടീരത്തിന്റെ

വാതിലിനു പുറത്തു കുതിരയെ മേയാൻവിട്ട് രാജകുമാരൻ പാദുകങ്ങൾ അഴിച്ചുവെച്ച് ഉള്ളിൽ കയറുന്നു.

കുതിരയുടെ അക്ഷമമായ ചലനങ്ങൾ. ഒപ്പം ഞാനും അക്ഷമനാകുന്നു. എന്താണ് രാജകുമാരൻ പുറത്തു വരാത്തത്? നിഗൂഢതകൾ നിറഞ്ഞ ആ ശവകുടീരത്തിന്റെ നിശ്ശബ്ദതയിൽ രാജകുമാരൻ ഇല്ലാതായോ? അല്ലെങ്കിൽ പ്രയാണത്തിൽ പിന്നിൽ നിന്നുകേട്ട ശബ്ദങ്ങളാൽ പ്രേരിതനായി തിരിഞ്ഞുനോക്കിയപ്പോൾ കല്ലായിപ്പോയോ?

രാജകുമാരൻ വീണ്ടും പ്രത്യക്ഷപ്പെടുന്നു. കുതിരപ്പുറത്തു കയറുന്നു. ക്ഷീണിച്ച മുഖം. പൊടിപുരണ്ട വസ്ത്രങ്ങൾ. വീണ്ടും കുതിരയുടെ മന്ദഗതി. പിന്നെ സൂര്യന്റെ ഒപ്പം തെരുവീഥിയുടെ വളവിൽ അപ്രത്യക്ഷനാകുന്നു.

രാജകുമാരാ, അങ്ങാരാണ്? എന്താണങ്ങയുടെ പേര്? എവിടെയാണങ്ങയുടെ രാജ്യം? ഏതാകസ്മികതയുടെ ഞാണിൽ തൊടുത്താണ് അങ്ങ് ഈ അപരിചിതലോകത്തെത്തിയിരിക്കുന്നത്?

പിറ്റേദിവസം വൈകുന്നേരം ഞാൻ ഒരു വിവാഹത്തിന്റെ ആരവാരങ്ങൾ കേൾക്കുന്നു. ബാല്ക്കണിയിൽ വന്നു നോക്കുമ്പോൾ ബാന്റ് മേളം, രണ്ടുനിരയായി നീങ്ങുന്ന ഗ്യാസുവിളക്കുകൾ, വർണ്ണപ്പകിട്ടുള്ള വസ്ത്രങ്ങളണിഞ്ഞ സ്ത്രീകൾ, പുരുഷന്മാർ. ബാന്റുവാദ്യം മുഴക്കുന്നവർക്കും, അതിന്റെ താളത്തിനൊത്തു ചുവടുവെച്ചു നൃത്തംചെയ്യുന്ന സുന്ദരികൾക്കും പിന്നിൽ ഞാൻ വെള്ളക്കുതിരയെ കാണുന്നു. അതിന്റെ പുറത്തു കുനിഞ്ഞിരിക്കുന്ന വരനെ കാണുന്നു. വരന്റെ തലയിൽനിന്നു തൂങ്ങിക്കിടക്കുന്ന തൊങ്ങലുകൾ.

പിന്നെ അത്ഭുതമെന്നു പറയട്ടെ, കടിഞ്ഞാൺ കൈയിലേന്തി കുതിരയുടെ അരികിലൂടെ പതറിയ കാലുകളോടെ നീങ്ങുന്ന ക്ഷീണിതനായ മനുഷ്യനെ ഞാൻ തിരിച്ചറിയുന്നു. പെട്ടെന്ന് എനിക്കെല്ലാം മനസ്സിലാവുന്നു.

പരിസരബോധം കടഞ്ഞിട്ട കണ്ണുകൾ ഞാൻ ചുറ്റും പായിക്കുന്നു. പുരാതന ശവകുടീരത്തിനുമപ്പുറത്തു വെളുപ്പും നീലയും വെളിച്ചം മുത്തുമണികളെപ്പോലെ ചിതറിക്കിടക്കുന്ന റൺവേയിൽനിന്നു പരിശീലനവിമാനം ഉഗ്രമായ ശബ്ദത്തോടെ ഉയരുന്നു. ഇടത്തുവശത്ത് റെയിൽപ്പാളത്തിൽക്കൂടി ശബ്ദത്തോടെ വിസിലുമടിച്ച് ഓടിയടുക്കുന്ന കരിവണ്ടിയുടെ ചെകുത്താന്റെ വായപോലുള്ള ഹെഡ്‌ലൈറ്റ് ഞാൻ കാണുന്നു. താഴെ നിരത്തിൽ ഘോഷയാത്രയുടെ ഇടയിൽക്കൂടി മന്ദം നീങ്ങുന്ന വാഹനങ്ങൾ. അവ ലവൽക്രോസിന്റെ തീരത്തു പായൽപോലെ വന്നടിയുന്നു.

ഇവയെല്ലാം കഴിഞ്ഞ രണ്ടു ദിവസങ്ങളായി എവിടെ മറഞ്ഞിരുന്നുവെന്നു ഞാൻ അത്ഭുതപ്പെടുന്നു.

# ദൈവം ജ്ഞാനിയാവുന്നു

**ദൈ**വത്തിന്റെ പുര കത്തി നശിച്ചു; ദൈവം ഉണർന്നു. അഭയം തേടി പുറത്തിറങ്ങി. മാറ്റങ്ങൾ അദ്ദേഹത്തിന്റെ കണ്ണഞ്ചിച്ചു. താൻ ഒരു ദീർഘനിദ്രയിലായിരുന്നെന്നും, നിദ്രയ്ക്കിടയിൽ എണ്ണമറ്റ വർഷങ്ങൾ മൂക്കിനു താഴേക്കൂടി തന്നെ കബളിപ്പിച്ചു വികൃതിക്കുട്ടന്മാരെപ്പോലെ ഓടി മറഞ്ഞുവെന്നും അദ്ദേഹം മനസ്സിലാക്കി.

പുറത്തു ദർശനത്തിനായി തടിച്ചുകൂടിയ ഭക്തരുടെ വൈരൂപ്യമാർന്ന മുഖങ്ങൾ കണ്ട് അദ്ദേഹം ഞെട്ടി. മന്വന്തരങ്ങൾക്കു മുമ്പു സൃഷ്ടിയുടെ വേദനയുറ്റ പ്രഭാതത്തിൽ രൂപം കൊടുത്തപ്പോൾ ഈ മുഖങ്ങൾ എത്ര മനോഹരങ്ങളായിരുന്നെന്നു ദൈവം ഓർത്തു.

ആരുടെയടുത്താണ് അഭയം തേടേണ്ടത്? അമ്പലമതിലിനു പുറത്തു നടയിൽ ചടഞ്ഞു കിടക്കുന്ന കുഷ്ഠരോഗികളുടെയിടയിലൂടെ നടക്കുമ്പോൾ ദൈവം ആലോചിച്ചു. അമ്പലം പണിയുകയും ഹോമാഭിഷേകങ്ങളുടെ അകമ്പടിയോടെ തന്നെ കുടിയിരുത്തുകയും ചെയ്ത രാജാവിനെ അന്വേഷിച്ചു ദൈവം തെരുവിലിറങ്ങി. ആദ്യം കണ്ടതു ചുണ്ടിൽ ഒരു ബീഡിയും തലയിൽ കള്ളിത്തോർത്തു കൊണ്ട് ഒരു കെട്ടുമായി ഓടിപ്പോകുന്ന പയ്യനെയാണ്. ദൈവം അവനെ തടഞ്ഞു നിർത്തി ചോദിച്ചു.

'രാജാവിന്റെ വീടേതാണ്?'

തന്നെ തടഞ്ഞുനിർത്തിയ ധാർഷ്ട്യത്തിന്നെതിരെ പയ്യൻ മുഷ്ടി ചുരുട്ടി. പിന്നെ, മുമ്പിൽ നില്ക്കുന്ന നീണ്ടു നരച്ച താടിയും തലമുടിയുമുള്ള കിഴവന്റെ നിസ്സഹായത കണ്ടു മനസ്സലിഞ്ഞ് അവൻ ചോദിച്ചു:

'രാജാവോ? ഏതു രാജാവ്?'

'രാജാവ്,' ദൈവം മറുപടി പറഞ്ഞു. 'ഏതാണു രാജാവിന്റെ വീട്?'

ദൈവത്തിന്റെ ശബ്ദം ശാന്തവും ഘനഗംഭീരവുമായിരുന്നു പയ്യൻ ഒരുനിമിഷം ആലോചിച്ചു. പിന്നെ പറഞ്ഞു:

'ബരീൻ.'

പയ്യൻ മുമ്പിലും ദൈവം പിമ്പിലുമായി നടന്നു. പ്രധാന വീഥിയിൽനിന്നു തെരുവിലേക്കു കടന്നു. പിന്നെ ഉപതെരുവുകൾ; ഇടവഴികൾ. അവസാനം ഇടിഞ്ഞു തകർന്ന ഒരു പടിവാതിലിനു മുമ്പിൽ ദൈവത്തെ വിട്ടു പയ്യൻ ഒരു സിനിമാപ്പാട്ടും ചൂളമിട്ട് ഓടിപ്പോയി. മടക്കിക്കുത്തിയ മുണ്ടും തലേക്കെട്ടുമായി നഗ്നപാദനായി ഓടിപ്പോകുന്ന പയ്യനെ ദൈവം കൗതുകപൂർവ്വം നോക്കി.

ദൈവം പടിപ്പുര പിന്നിട്ട് മുറ്റത്തേ ക്കു കടന്നു. രാജാവിന്റെ കൊട്ടാരവും തകർച്ചയിലായിരുന്നു. പുറത്തെ ചുവരുകളിലെ കുമ്മായം പലേടത്തും അടർന്നുപോയി ചെങ്കല്ലു കാണാമായിരുന്നു. ഓടുകൾ പലേടത്തും പൊട്ടിയ സ്ഥലങ്ങളിൽ കവുങ്ങിൻപാളകൾവെച്ച് അടച്ചിരുന്നു. ഉമ്മറത്ത് കൈയൊടിഞ്ഞ പുരാതന കസേരയിൽ ക്ഷീണിതനായ രാജാവിരുന്നു. വഴി തെറ്റിയോ എന്നു ദൈവം സംശയിക്കുമ്പോഴേക്കും രാജാവന്വേഷിച്ചു.

'എന്താ വേണ്ടത്?'

ദൈവം പറഞ്ഞു.

'എനിക്കു രാജാവിനെ കാണണം.'

പെട്ടെന്നവിടെ നിശ്ശബ്ദത പരന്നു. അതു രാജാവിനേയും ദൈവത്തേയും ഉൾക്കൊണ്ടു. അതിൽ നിന്നു രക്ഷ കിട്ടിയ നിമിഷത്തിൽ രാജാവ് ക്ഷമാപണസ്വരത്തിൽ, നിർത്തി നിർത്തി പറഞ്ഞു:

'ഞാനാണ് രാജാവ്. എന്താണ് വേണ്ടത്?'

ദൈവം പറഞ്ഞു:

'എന്റെ പുര കത്തിപ്പോയി. എനിക്കു താമസിക്കാനൊരിടം വേണം.'

രാജാവിന്റെ കണ്ണുകൾ പെട്ടെന്നു ചുവന്നു. മുഖത്തെ കരുണരസം എങ്ങോ മറഞ്ഞു. മൂക്കു വിറപ്പിച്ചുകൊണ്ടു പറഞ്ഞു:

'നിങ്ങളൊക്കെക്കൂടി വോട്ടു ചെയ്തല്ലേ ആയമ്മ അധികാരത്തിൽ വന്നത്? അനുഭവിക്കിൻ. സോഷ്യലിസമല്ലേ? ആകെ കൊല്ലത്തിൽ കിട്ടിയിരുന്നതു പതിനായിരം ഉറുപ്പികയാണ്. അതു നിർത്തലാക്കിയില്ലേ? പോവൂ, എനിക്കൊന്നും ചെയ്യാൻ കഴിയില്ല.'

ദൈവം തിരിഞ്ഞു നടന്നു. പെട്ടെന്നു മനസ്സാക്ഷിയുടെ തേങ്ങൽ കേട്ടിട്ടാകണം രാജാവു വിളിച്ചു:

'ഏയ് കിഴവാ, നിൽക്കൂ.'

ദൈവം തിരിഞ്ഞുനിന്നു. രാജാവു തുടർന്നു.

'എന്റെ കൈയിൽ പണമില്ലാഞ്ഞിട്ടാണ്. കഴിവുള്ള കാലത്തു ഞാൻ പാവപ്പെട്ടവർക്കു വീടുണ്ടാക്കിക്കൊടുത്തിട്ടുണ്ട്. തണ്ണീർപ്പന്തലുകൾ ഉണ്ടാക്കിയിട്ടുണ്ട്, കിണറുകൾ കുഴിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ഞാൻ നിർദ്ധനനാണ്.

മുണ്ടിന്റെ കോന്തല അരയിൽ തിരുകിയതു തിരിച്ചെടുത്തു രാജാവു പറഞ്ഞു:

'ഇതാ രണ്ടുറുപ്പിക. ആകെയുള്ളതാണ്. കൊണ്ടുപോകൂ.'

രണ്ടുറുപ്പികയുടെ മുഷിഞ്ഞ നോട്ടു വാങ്ങി ദൈവം തിരിഞ്ഞു നടന്നു. ദൈവം നിരാശനായില്ല. വോട്ട്, സോഷ്യലിസം മുതലായ വാക്കുകൾ മനസ്സിൽ കിടന്നു കളിച്ചു. ദൈവം ജ്ഞാനിയാവുകയായിരുന്നു. രാജഭരണത്തിനു പകരം, ജനങ്ങൾ ഒന്നായി നേരിട്ടു സ്വയം ഭരിക്കുന്ന ഒരുതരം തമാശ കലർന്ന ഭരണവ്യവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളതെന്നും, അതിനു ജനാധിപത്യമെന്നാണു പേരെന്നും ദൈവം മനസ്സിലാക്കി. ദൈവത്തിന്റെ കണ്ണുകൾ വിടർ

ന്നു. ദൈവം നടന്നു.

പ്രധാന വീഥിയിലെത്തിയപ്പോൾ രണ്ടുവശത്തും നിരയായി നില്ക്കുന്ന പീടികകൾ അദ്ദേഹം കണ്ടു. ചായപ്പീടികകളുടെ ചില്ലലമാരികളിൽ നിരത്തിവെച്ച പലഹാരങ്ങൾ ദൈവം കണ്ടു. നേദ്യച്ചോറിന്റേയും പാൽപ്പായസത്തിന്റേയും സ്വാദു തികട്ടിവന്നു. വിശപ്പും തുടങ്ങി. ഒരു പീടികയ്ക്കും നിരത്തിനുമിടയിൽ അഴുക്കു ചാലിന്നു മീതെ ഇട്ട മരപ്പലകമേൽ ബാലൻസുചെയ്തു ദൈവം ഉള്ളിലേക്കു കയറി. നിരത്തിയിട്ട, ആടുന്ന, ബഞ്ചുകളിലൊന്നിൽ മേശമേൽ കൈകുത്തിയിരുന്നു. പീടികയിലാകെ ബഹളം. ചിലർ തിന്നുന്നു. ചിലർ കുടിക്കുന്നു. കരിപിടിച്ചു മുഷിഞ്ഞ മുണ്ടു മാടിക്കുത്തി വിയർക്കുന്ന ആരോഗ്യമുള്ള മാറു പ്രദർശിപ്പിച്ച് അവിടുത്തെ വാലിയക്കാരൻ ദൈവത്തെ സമീപിച്ചു. ദൈവത്തിന്റെ നരച്ച തലമുടിയും താടിയും വളരെപ്പഴകിയ വസ്ത്രങ്ങളും സാകൂതം നോക്കി അവൻ ചോദിച്ചു:

'കുടിക്കാൻ വന്നിരിക്കുന്നു! കിഴവാ, കൈയിൽ പണം വല്ലതുമുണ്ടോ?'

ദൈവത്തിനു മനസ്സിലായില്ല. അദ്ദേഹം ചോദിച്ചു:

'എന്താണു പറഞ്ഞത്?'

'രൂഭയുണ്ടോന്ന്?'

വലത്തെ കൈയിന്റെ ചൂണ്ടാണിവിരലും തള്ളവിരലും അശ്ലീലമാകും വിധം വിദഗ്ദ്ധമായി ഉരസിക്കാണിച്ചു വാലിയക്കാരൻ പറഞ്ഞു: 'രൂഭ.'

ദൈവത്തിനു മനസ്സിലായി. അദ്ദേഹത്തിനു വല്ലായ്മ തോന്നി. കൈയിൽ ചുരുട്ടി വെച്ച രണ്ടുറുപ്പികനോട്ടെടുത്തു വാലിയക്കാരനു കൊടുത്തു. അവൻ ചുരുണ്ട നോട്ടു വാങ്ങി നിവർത്തി പുറത്തെ വെളിച്ചത്തിന്നെതിരെ പിടിച്ചു പരിശോധിച്ചു, സ്വീകാര്യമാണെന്ന് ഉറപ്പു വരുത്തി തിരിച്ചു പോയി. ബഞ്ചിൽ അടുത്തിരുന്ന കൃശഗാത്രനായ ജൂബ്ബക്കാരൻ ദൈവത്തിനടുത്തേക്കു നീങ്ങിയിരുന്നു പറഞ്ഞു:

'ഞാനാണ് സഖാവ് ആർ. കെ. നിങ്ങളീ പട്ടണത്തിൽ പുതുതാണെന്നു തോന്നുന്നു, അല്ലേ?'

ജൂബ്ബക്കാരന്റെ മുഖത്തു വളർത്തിയ സമൃദ്ധമായ മീശയിലേക്കു നോക്കി ദൈവം സാവധാനം മറുപടി പറഞ്ഞു:

'അതെ.'

'ഇവിടെ അങ്ങനെയാണു പതിവ്. പണം ആദ്യം വാങ്ങും. കാരണം, കുറച്ചകത്തു ചെന്നാൽപ്പിന്നെ സംഗതിയെല്ലാം മാറും.'

ദൈവം ഒന്നും പറഞ്ഞില്ല. ദൈവത്തിന്ന് ഒരു പതിവും പരിചയമില്ല. ദൈവം സ്വന്തം നാട്ടിൽ അപരിചിതനായ ഒരു പ്രവാസിയായിരുന്നു.

സഖാവു കുറച്ചുകൂടി അടുത്തേക്കിരുന്ന് താഴ്ന്ന സ്വരത്തിൽ ചോദിച്ചു:

'അപ്പോ, എന്താ പേര്?'

'ദൈവം,' ദൈവം മറുപടി പറഞ്ഞു.

സഖാവ് ഒന്നു ഞെട്ടി. പിന്നെ പെട്ടെന്നുണ്ടായ ഭാവപ്പകർച്ച മറയ്ക്കാനുണ്ടായ ബദ്ധപ്പാടിൽ പറഞ്ഞു:

'സാരമില്ല.'

പറഞ്ഞതു കൂടുതൽ അബദ്ധമായോ എന്നു വീണ്ടും തോന്നിയപ്പോൾ സഖാവ് പെട്ടെന്നെഴുന്നേറ്റു. ക്ഷമാപണ സ്വരത്തിൽ പറഞ്ഞു:

'എന്നാൽ ഞാനിറങ്ങട്ടെ. പിന്നെ, നമ്മുടെ ആപ്പീസിലൊക്കെ ഒന്നു വരാ! ഇതാണു നമ്മുടെ പാർട്ടീടെ മാനിഫെസ്റ്റോ!'

ദൈവം മാനിഫെസ്റ്റോ വാങ്ങി. അതിന്റെ തീ പറക്കുന്ന പേജുകളിലൂടെ കണ്ണോടിച്ചു. എല്ലാം അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനു വേണ്ടി. പാവപ്പെട്ടവർക്കു വേണ്ടി. അദ്ധ്വാനിക്കുന്നവരുടെ ഏകാധിപത്യം. ദൈവം മോഹിതനായി. നേതാവിന്റെ ഗൃഹമായിരിക്കും ഏറ്റവും നല്ല അഭയസ്ഥാനമെന്നു കരുതുകയും ചെയ്തു.

വാലിയക്കാരൻ അപ്പോഴേക്കും കവിടിയടർന്ന ഒരു പിഞ്ഞാണത്തിൽ മീൻകറിയും, വേറൊരു പിഞ്ഞാണത്തിൽ പുഴുങ്ങിയ കപ്പയും ദൈവത്തിന്റെ മുമ്പിൽ വെച്ചു. തിരിച്ചുപോയി ഒരു വലിയ കവിടിഗ്ലാസ്സിൽ നിറയെ നുരയുന്ന ദ്രാവകം കൊണ്ടുവന്നു ശബ്ദത്തോടെ മേശപ്പുറത്തു വെച്ചു.

ദൈവം ഒരു കഷ്ണം കപ്പ പൊട്ടിച്ചെടുത്ത് മീൻചാറിൽ മുക്കി വായിലിട്ടു. എന്തൊരു സ്വാദ്! സാവധാനത്തിൽ ചവച്ചരച്ചു തിന്നു. കപ്പയും മീൻകറിയും പെട്ടെന്നു കഴിഞ്ഞു. പിന്നെ ഗ്ലാസ്സെടുത്തു മോന്തി. ഹൗ, എന്തൊരു ചവർപ്പ്! ഗ്ലാസ്സിലുള്ള ദ്രാവകം മുഴുവൻ ദൈവം ഒരുവിധം അകത്താക്കി. വയറിൽനിന്നു പുറപ്പെട്ട കമ്പനം ഗൗനിക്കാതെ ദൈവം പീടികയ്ക്കു പുറത്തുകടന്നു. നടക്കുമ്പോൾ ഒരു പന്തികേട്. കാലുകൾ വിചാരിച്ചേടത്ത് അനായാസേന വരുന്നില്ല. ഒരുവിധം നടന്ന് അടുത്തുകണ്ട ഓവുപാലത്തിന്റെ തിണ്ണമേൽ കയറിയിരുന്നു. പിന്നെയുണ്ടായതൊരു അന്തർപ്രചോദനമാണ്. തുടർന്ന് അതിന്റെ ശക്തമായ, തികച്ചും അസാധാരണമായ, ബഹിർഗമനവും. എല്ലാം പുറത്തു പോയപ്പോൾ ക്ഷീണമുണ്ടെങ്കിലും ആശ്വാസം തോന്നി. ദൈവം എഴുന്നേറ്റു നടന്നു.

എവിടെയാണു തന്റെ അഭയം കിടക്കുന്നത്? കൈയിലുള്ള മാനിഫെസ്റ്റോ ഓർമ്മ വന്നപ്പോൾ എടുത്തു നോക്കി. പുറത്തു കടുംചുവപ്പുനിറത്തിൽ രണ്ടു പണിയായുധങ്ങളുടെയും നക്ഷത്രത്തിന്റെയും ചിത്രങ്ങൾ. താൻ സൃഷ്ടിച്ച നക്ഷത്രം. നേതാവിന്റെ വീടന്വേഷിച്ച് ദൈവം നടന്നു. കണ്ടുപിടിക്കാൻ വിഷമിക്കേണ്ടി വന്നില്ല. എല്ലാവർക്കും നേതാവിന്റെ വീടറിയാം. അദ്ദേഹം ബഹുജനസമ്മതനാണ്.

അവിടെ ചെന്നപ്പോൾ ദൈവം അത്ഭുതപരതന്ത്രനായി. കൂറ്റൻ ഗേറ്റ്. അലുമിനിയം ചായമടിച്ച ഇരുമ്പുവാതിലുകൾ കടന്നാൽ ചരലിട്ട പാത. ഇരുവശവും പുൽത്തകിടികളും ഉദ്യാനങ്ങളും. പാത അവസാനിക്കുന്നത് മണൽവിരിച്ച മുറ്റത്ത്. അതിനു നടുവിൽ ആഡംബരത്തോടെ സംവിധാനം ചെയ്തു പണിയിച്ച മൂന്നുനില കെട്ടിടം. വൈദ്യു

തോപകരണങ്ങൾ. മുറികളിൽ പരവതാനികൾ.

വഴിക്കുവെച്ച്, കൂലിപ്പണി ചെയ്തു നിത്യവൃത്തി കഴിക്കുന്ന പാവപ്പെട്ട പണിക്കാർ താമസിക്കുന്ന ചാളുകൾ ദൈവം കണ്ടിരുന്നു. ആ പണിക്കാരുടെ, വീർത്ത വയറും കൂരച്ച നെഞ്ചുമായി മണ്ണിലിഴയുന്ന കുട്ടികളേയും ദൈവം കണ്ടിരുന്നു. കൂലിക്കാരേയും കർഷകരേയും തൊഴിലാളികളേയും സംഘടിപ്പിച്ച്, മുദ്രാവാക്യങ്ങൾ മുഴക്കി പട്ടിണി ജാഥകൾ നയിച്ചിരുന്ന നേതാവിന്റെ രണ്ടു പടുകൂറ്റൻ അൽസേഷ്യൻ നായ്ക്കളെ കുളിപ്പിക്കയും ബ്രഷു ചെയ്കയും, അവയ്ക്കു വേണ്ടി ദിവസേന ഇറച്ചി വാങ്ങാൻ മാർക്കറ്റിലേക്ക് ഓടുകയും ചെയ്യുന്ന ശുഷ്കനായ വാലിയക്കാരൻ രാത്രി കുടിച്ചിരുന്ന കഞ്ഞിയുടെ സ്ഥിതി ദൈവം കണ്ടു. അദ്ദേഹം വിചാരമഗ്നനായി.

ദൈവം ജ്ഞാനിയാവുകയായിരുന്നു.

അദ്ദേഹം പുറംതിരിഞ്ഞു നടന്നു. എത്തിയത് സ്ഥലത്തെ പ്രധാന വ്യാപാരിയുടെ വീട്ടിൽ. നഗരത്തിൽനിന്നു വിട്ടു ധാരാളം മരങ്ങളാൽ ചുറ്റപ്പെട്ട ആ വീട്ടിൽ ശാന്തി കളിയാടിയിരുന്നത് ദൈവം കണ്ടു. ആദ്ദേഹം ആകൃഷ്ടനായി. ഇവിടെ താമസിക്കുന്നത് ഉത്തമമെന്നു ദൈവം കരുതി. വാതില്ക്കൽ മുട്ടി. തുറന്നതു വ്യാപാരി തന്നെയായിരുന്നു. ദൈവം പറഞ്ഞു:

'എന്റെ പുര കത്തി നശിച്ചു. എനിക്കു പാർക്കാനൊരിടം വേണം.'

വ്യാപാരി ഹൃദ്യമായി ചിരിച്ചു. ദൈവത്തെ അടിമുടി നോക്കി ചോദിച്ചു:

'വല്ല പണിയും ചെയ്യാനറിയ്യോ?'

'പണി?'

ദൈവം ചോദിച്ചു. ദൈവം അങ്ങനെയൊന്നു കേട്ടിട്ടില്ല.

'അതെ, പണി,' വ്യാപാരി പറഞ്ഞു, 'എനിക്കു മസാല പൊടിക്കാൻ ഒരാളെ ആവശ്യമുണ്ട്. നിനക്കതു ചെയ്യാൻ കഴിയുമെങ്കിൽ ഇവിടെ താമസിച്ചോ.'

ദൈവം സമ്മതിച്ചു. ദൈവത്തെ വീട്ടിന്നു പുറകിലുള്ള ഒരു പുരയിലേക്ക് ആനയിക്കപ്പെട്ടു. അവിടെ നിറച്ച ചാക്കുകളും ടിന്നുകളും അട്ടിയാക്കി വെച്ചിരുന്നു. ഒരു മൂലയിൽ വെച്ച ഉരലിന്നു മുമ്പിൽ ദൈവത്തെ പിടിച്ചിരുത്തി വ്യാപാരി പറഞ്ഞു:

'ഇതാ, ഈ കൂട്ടിയിട്ടിരിക്കുന്ന കൂമ്പാരങ്ങൾ, ഇതിൽനിന്ന് ഓരോന്നായി എടുത്തു പൊടിക്കണം.'

ഒരു കൂമ്പാരത്തിൽ മുളകായിരുന്നു. മറ്റൊന്നിൽ കൊത്തമല്ലി. വേറൊന്നിൽ ജീരകം. ഇനിയും ഒന്നിൽ മഞ്ഞൾ. എന്നാൽ മറ്റു കൂമ്പാരങ്ങളെ അപേക്ഷിച്ചു കൂടുതൽ വലുതായ കൂമ്പാരം എന്താണെന്നു ദൈവത്തിനു മനസ്സിലായില്ല. അദ്ദേഹം മസാല പൊടിക്കാൻ തുടങ്ങി. മുളകുപൊടി പാറി ദൈവത്തിന്റെ കണ്ണുകൾ ആർദ്രമായി. ഓരോ കൂമ്പാരത്തിൽനിന്നും കുറേശ്ശെ വാരി ഉരലിലിട്ടു ദൈവം ഇടിച്ചുതുടങ്ങി. അവസാനം വലിയ കൂമ്പാരത്തിൽ നിന്ന് ഒരു പിടി വാരി ഇടിക്കാൻ തുടങ്ങിയപ്പോൾ പുറപ്പെട്ട ദുർഗ്ഗന്ധം കാരണം ദൈവത്തിനു മൂക്കുപൊത്തേണ്ടി വന്നു. നഗരത്തിൽ അലഞ്ഞു നടക്കുമ്പോൾ റെയിൽവേസ്റ്റേഷന്നടുത്തുള്ള കുതിരപ്പന്തിയുടെ പിന്നിലൂടെ നടക്കുമ്പോൾ, ദൈവം ഈ ദുർഗ്ഗന്ധം ശ്വസിച്ചിരുന്നു. ദൈവത്തിന്നു മനംപുരട്ടി. എഴുന്നേറ്റപ്പോൾ മസാല നിറച്ചു വെച്ച ടിന്നുകളുടെ പുറത്ത് ഒട്ടിച്ച വർണ്ണക്കടലാസ്സിൽ ഒരു ടിന്നുയർത്തിപ്പിടിച്ച് ഇരിക്കുന്ന നഗ്നസ്ത്രീയുടെ ചിത്രത്തിനു താഴെ എഴുതിയത് അദ്ദേഹം കണ്ടു. പരിശുദ്ധമസാല. ദൈവം മുഖം തിരിച്ചു.

വ്യാപാരി ആണ്ടിലൊരിക്കൽ പാപബോധം കഴുകിക്കളയാൻ തന്റെ അമ്പലം സന്ദർശിക്കുകയും ഭീമമായ തുകകൾ വഴിപാടായി കൊടുക്കുകയും ചെയ്തിരുന്നുവെന്ന് ദൈവം മനസ്സിലാക്കി.

ദൈവം ജ്ഞാനിയാവുകയായിരുന്നു.

അഭയം തേടി തെരുവീഥികളിലൂടെ, ഉപതെരുവുകളിലൂടെ, ഇടവഴികളിലൂടെ, ദൈവം നടന്നു. വമ്പിച്ച വ്യവസായശാലകൾ ദൈവം കണ്ടു. അവയിൽ പണിയെടുക്കാതെ കൂലിവർദ്ധനവിന്നു വേണ്ടി സമരം ചെയ്യുന്ന തൊഴിലാളികളെ ദൈവം കണ്ടു. അവരുടെ അദ്ധ്വാനം കാൽക്കാശിന്നു വാങ്ങി കീശ വീർപ്പിക്കുന്ന മുതലാളിമാരെ ദൈവം കണ്ടു. പകൽ മുഴുവൻ വയലുകളിൽ പണിയെടുത്തു കിട്ടിയ കൂലി മുഴുവൻ കള്ളു ഷാപ്പുകളിൽ കൊണ്ടുപോയി കൊടുത്ത് അർദ്ധരാത്രി കഴി ഞ്ഞു കുടിലുകളിൽ തിരിച്ചുവന്നു വിശന്നു കരയുന്ന കുട്ടികളേയും അവരെ സാന്ത്വനിപ്പിക്കുന്ന കരിഞ്ഞ മുഖമുള്ള ഭാര്യയേയും തല്ലുന്ന കൂലിക്കാരെയും ദൈവം കണ്ടു.

ഉയർന്നു വന്നൊരു തേങ്ങൽ മനസ്സിലൊതുക്കി ദൈവം നടന്നു. ദൈവം ക്ഷീണിച്ചിരുന്നു. അവസാനം തിരിച്ച് തന്റെ കത്തിനശിച്ച പുരയിലെത്തിയപ്പോൾ കണ്ടതെന്താണ്! അവിടം മുഴുവൻ ഭക്തജനങ്ങളാൽ ചുറ്റപ്പെട്ടിരുന്നു. ഒരുത്സവത്തിന്റെ പ്രതീതി. ഒരു വശത്തു നിർമ്മാണം തകൃതിയായി നടക്കുന്നു. തൽകാലം കെട്ടിയുണ്ടാക്കിയ ഓലപ്പന്തലിന്നു മുകളിൽ കടലാസ്സിൽ 'ക്ഷേത്രപുനരുദ്ധാരണ കമ്മിറ്റി' എന്നെഴുതിയത് ദൈവം വായിച്ചു. പാർട്ടി നേതാക്കന്മാരും മുതലാളികളും തൊഴിലാളികളും വ്യാപാരികളും സാധാരണക്കാരും പണം പിരിച്ചെടുത്ത് അമ്പലം പുതുതായി പണിയുകയാണ് !

ദൈവത്തിന്റെ ധാർമ്മികരോഷം ആളിക്കത്തി. മുമ്പിൽ വഴിയിൽ കിടന്ന ഒരു കല്ലെടുത്ത് അടക്കാനാവാത്ത രോഷത്തോടെ പണി നടന്നുകൊണ്ടിരിക്കുന്ന അമ്പലത്തെ ലക്ഷ്യമാക്കി എറിഞ്ഞ് ദൈവം തിരിഞ്ഞു നടന്നു. അമ്പലത്തിന്നരികിലൂടെ പോകുന്ന ഇടുങ്ങിയ വഴിയിലൂടെ ദൈവം നടന്നു. ഓടയുടെ ഗന്ധം അദ്ദേഹത്തിത്തിന്നു ഹൃദ്യമായിത്തോന്നി. ഈ വഴി അവസാനിക്കുന്നിടത്തു കണ്ട ഒരു ചെറിയ വീട്ടിന്നു മുമ്പിൽ ദൈവം നിന്നു. രാഷ്ട്രീയ നേതാക്കന്മാരും മുതലാളിമാരും തൊഴിലാളികളും കർഷകരും വ്യാപാരികളും വ്യത്യാസമില്ലാതെ രാത്രിയുടെ ഇരുണ്ട മണിക്കൂറുകൾ ചെലവാക്കിയിരുന്ന, പാപഭാരമില്ലാതെ ജീവിതം നയിച്ചിരുന്ന, ഒരു സ്ത്രീയുടെ വീട്ടിൽ ദൈവം അഭയം കണ്ടെത്തി.